Reg. No. C. 101. M. 2293.

ഒററപ്രതിക്കു ൨ ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 24 | 1126 ധനു 19 — ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1951 ജനുവരി 3 | ലക്കം 19

# അധർമ്മത്തിനെതിരായി അടരാടുക

## ഉത്തരീയം—രക്ഷയുടെ അടയാളം

### കേരളമരിയൻകോൺഗ്രസ്സിൽ അപ്പസ്തോലിക്കു് ഇൻറർനൺഷിയോ മോസ്റ്റ് റവ. ഡോക്ടർ ലിയോ പി. കിയക്ക്ർൽസ് തിരുമനസ്സിലെ പ്രഭാഷണം

അഭിവന്ദ്യതിരുമേനിമാരേ, മോൺസിഞ്ഞോർമാരേ, ബഹുമാനപ്പെട്ട വൈദികരേ, സുഹൃത്തുക്കളേ,

ഉത്തരീയദാനത്തിൻെറ സപ്തമശതാബ്ദപൂർത്തിയോടനുബന്ധിച്ചു നടത്തപ്പെടുന്ന മലബാർ മരിയൻകോൺഗ്രസ്സിൻെറ സമാപനസമ്മേളനത്തിൽ സംബന്ധിക്കുന്നതിനായി എറണാകുളത്തുക്കു ഞാൻ വരുന്നവഴി, രാഷ്ട്രങ്ങളേയും, സ്ഥാപനങ്ങളെയും, അഖിലമാനവവംശത്തെയും, മാത്രമല്ല, വ്യക്തികളെയും സംബന്ധിച്ചുള്ള സർവ്വശക്തൻെറ വിസ്മയാവഹങ്ങളായ വിധാനങ്ങളെപ്പററി ഞാൻ ചിന്തിക്കുകയായിരുന്നു. പൂർവ്വസ്മരണകളെ അയവിറക്കുന്നതിനു പ്രായംചെന്നവക്കു അവകാശമുണ്ടല്ലോ. എൻെറ കുട്ടിക്കാലത്തുണ്ടായ ഒരനുഭവത്തെയും, ഏതാണ്ടു 60 കൊല്ലംമുമ്പു് ഉത്തരീയധാരണത്തിനു് എനിക്കുണ്ടായ ഭാഗധേയത്തേയുംപററിയുള്ള ഓർമ്മയെയാണു ഞാൻ മുമ്പു സൂചിപ്പിച്ചതു്.

ഞാൻ ബാലനായിരുന്നകാലത്തു് എൻെറ ഇടവകയിൽ ഉത്തരീയഭക്തിപ്രചരണനിരതനായ ഒരു വൈദികനുണ്ടായിരുന്നു. ഒരു ദിവസം ഒരുകൂട്ടം ആളുകൾ പറയുന്നതുകേട്ടു തങ്ങളെ കർമ്മലമാതാവിൻെറ സഖ്യത്തിൽ ചേർക്കണമെന്നു് ആ വൈദികനോടു് അവർ അഭ്യർത്ഥിക്കുവാൻപോകുകയാണെന്നു്. ഞാനും അവരുടെകൂടെ ചേർന്നു. പ്രായംചെന്നവരുടെ മട്ടിൽ ഉത്തരീയം ആവശ്യപ്പെടുന്ന ഒരു കൊച്ചുകുട്ടിയെക്കൂടെ കൂട്ടത്തിൽ കണ്ടപ്പോൾ അച്ചനു് ആശ്ചര്യംതോന്നി. എങ്കിലും എന്നെയും ഉത്തരീയസഭയിൽ ചേർക്കാമെന്നു് അദ്ദേഹം സന്തോഷപൂർവ്വം സമ്മതിച്ചു. നന്നേചെറുപ്പത്തിൽതന്നെ ഉത്തരീയസഖ്യാംഗമായിത്തീരുന്നതിനു ഭാഗധേയം സിദ്ധിച്ച ഒരാളെ സംബന്ധിച്ചു നമ്മുടെ മാതാവിനു നിസ്സംശയം എന്തെങ്കിലും പ്രത്യേകോദ്ദേശം ഉണ്ടായിരിക്കുമെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയുമുണ്ടായി.

ആ സമയത്തു് എനിക്കു വളരെ സന്തോഷമുണ്ടായി എങ്കിലും, വൈദികൻെറ ആ വാക്കുകളെപ്പററി പിന്നീടു ഞാൻ ചിന്തിച്ചതേയില്ല. ഈ ഉത്തരീയശതാബ്ദകോൺഗ്രസ്സു് സമ്മേളനത്തിൽ അദൃശ്യമായ ഏതോ ശക്തിയാൽ ഞാൻ സംബന്ധിക്കണമെന്നുവന്നപ്പോഴാണു പണ്ടത്തെ ആ സംഭവം ഞാൻ ഓർത്തതു്. സുസ്മരണീയമായ ഈ സന്ദർഭത്തിൽ ഞാനും സന്നിഹിതനായിരിക്കുമെന്നതു തീർച്ചയായും ഈശ്വരനിശ്ചയത്തിൻെറ ഒരുദാഹരണമാണു്. ഒരുപക്ഷെ ഭക്തനായ ആ വൈദികൻ സാന്ദർഭികമായി പ്രവചിച്ചതുപോലെ ഇതിൽ ദൈവമാതാവിൻെറ പ്രത്യേകാനുഗ്രഹമുണ്ടെന്നു തന്നെ ഞാൻ കരുതുന്നു. പണ്ടുകാലത്തു നടന്ന ആ സംഭവത്തിൻെറ ഓർമ്മ ഇന്നു് എനിക്കു് ആശ്വാസസന്ദായകമായിരിക്കുന്നു. ഹൃദയസ്പൃക്കായ ഈ കോൺഗ്രസ്സിൽ നിങ്ങൾ ശ്രവിച്ച പ്രേരകത്തങ്ങളുടെയും നിർദ്ദേശങ്ങളുടെയുംകൂടെ എൻെറ സ്വരവും യോജിപ്പിക്കുന്നതിനു് എനിക്കു് അതിയായ സന്തോഷമുണ്ടു്.

കോൺഗ്രസ്സിൻെറ വിവിധസമ്മേളനങ്ങളിലും ഭാഗിക യോഗങ്ങളിലും ദൈവമാതൃഭക്തിപ്രദ്യോതകങ്ങളും, ഉത്തരീയദാന സപ്തമശതാബ്ദസ്മാരകങ്ങളുമായ നിരവധി വിഷയങ്ങൾ പരിചിന്തിതിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ വിഷയങ്ങൾക്കും പുറമെ, മലബാർ കത്തോലിക്കരുടെ ജീവിതത്തെയും ആദ്ധ്യാത്മികചൈതന്യത്തെയും ഉത്തേജിപ്പിക്കുന്നതിനു് ഉപയുക്തങ്ങളായ മററു പല വിഷയങ്ങളും ഇവിടെ പ്രതിപാദിക്കപ്പെട്ടു എന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഈ കോൺഗ്രസ്സിനെ സംബന്ധിച്ചു ചാരിതാർത്ഥ്യജനകമായ മറെറാരു വസ്തുത അൽമേനികളാണു് ഇതിൽ ഏറിയ പങ്കും വഹിച്ചതെന്നുള്ളതാണു്. ശോഭനമായ ഒരു ഭാവിയുടെ നാന്ദിയാണിതെന്നു്. കർമ്മലമാതാവിൻെറ ആദ്ധ്യാത്മിക പതാകയിൻകീഴിൽ സേവനമനുഷ്ഠിക്കുന്നവർ എന്നുള്ളതിൻെറ ഒരു ചിഹ്നമാണു് ഉത്തരീയം. സഭാവസ്ത്രപരമായ ഉത്തരീയത്തിൻെറ ഒരു സംക്ഷിപ്തരൂപമാണു് വെന്തിഞ്ഞാ. അതു ധരിക്കുന്നവർ കർമ്മലമാതാവിനുവേണ്ടി സ്വയം സമർപ്പിക്കപ്പെടുന്നു. കർമ്മവസഭയുടെ പുണ്യകൃത്യാനുഷ്ഠാനങ്ങളിൽ സംബന്ധിക്കുന്നതിനും, ഉത്തരീയധാരണത്തിൻെറ പ്രത്യേകനന്മകൾ പ്രാപിക്കുന്നതിനും അവർക്കു അവകാശം സിദ്ധിക്കുന്നു. നാം



ഇൻറർനൺഷിയോ തിരുമേനി സ്വീകരണത്തിനു മറുപടിപറയുന്നു.




മേരി നഗർ

വഹങ്ങളായ വിധാനങ്ങളെപ്പററി ഞാൻ ചിന്തിക്കുകയായിരുന്നു.

ഇന്നു ആഘോഷിക്കുന്ന ശതാബ്ദാഘോഷം സംബന്ധിച്ചുള്ള പന്ത്രണ്ടാംപീയൂസ് മാർപ്പാപ്പാതിരുമേനിയുടെ ശ്ലൈഹികലേഖനത്തിൽ ഇക്കാര്യം പ്രത്യേകം അനുസ്മരിക്കപ്പെടുന്നുണ്ടു്.

നതിൽ സംശയമില്ല. എന്നിരിക്കിലും ഈ കോൺഗ്രസിൻെറ ഉദ്ദേശവും സന്ദർഭവും ഉത്തരീയഭക്തി ആകകൊണ്ടു് ഈ സമാപനസമ്മേളനത്തിൽ, ഉത്തരീയഭക്തിയിലേക്കു് നിങ്ങളുടെ ശ്രദ്ധയെ കേന്ദ്രീകരിക്കുകയെന്നതു് എൻെറ കർത്തവ്യമാകുന്നു.

സന്യാസസഭയുടെ ബാഡ്ജായി ധരിക്കപ്പെടുന്ന ഒരു വിശുദ്ധ വസ്തു (Sacramental) എന്നു് ഉത്തരീയത്തെ ഒരു കത്തോലിക്കാ മിഷ്യനറി നിർവചിക്കുന്നു. റോമൻ കർമ്മാനുഷ്ഠാനവിധി (Ritual) ഉത്തരീയത്തെ ഒരു സഭാവസ്ത്രമായി കണക്കാക്കുന്നു. ഒരു വിശുദ്ധകർമ്മത്തിൻെറ ആദ്ധ്യാത്മിക ഗുണത്തോടുകൂടി സഭയാൽ നൽകപ്പെട്ടിട്ടുള്ള ഒരു അടയാളവസ്ത്രമെന്നു് ഉത്തരീയത്തെ നമുക്കു പരിഗണിക്കാവുന്നതാണു്. കർമ്മലസഭക്കാരെപ്പോലെ സന്യാസസഭാംഗങ്ങൾ ധരിച്ചുപോരുന്ന ഒരു വസ്ത്രമെന്ന നിലയിലാണു് ഉത്തരീയം മുഖ്യമായും അറിയപ്പെടുന്നതു്. അവരെ സംബന്ധിച്ചിടത്തോളം അതു മതപരമായ ഒരു അടയാളംകൂടിയാ

ഒരു വിശുദ്ധവസ്തുവെന്ന നിലയിലുള്ള അനുഗ്രഹങ്ങളോടുകൂടി തിരുസഭയാൽ നല്കപ്പെട്ടിരിക്കുന്ന ഉത്തരീയത്തിൻെറ മററു ഗുണഗണങ്ങളെപ്പററിയും നാം അറിഞ്ഞിരിക്കേണ്ടതുണ്ടു്. പുണ്യവസ്തു (Sacramental) എന്നതിനെ തിരുസഭയുടെ പ്രാർത്ഥനകളാലും ആശീർവ്വാദങ്ങളാലും ആദ്ധ്യാത്മികമായി പവിത്രീകരിക്കപ്പെടുന്ന വസ്തുക്കൾ അല്ലെങ്കിൽ കൃത്യങ്ങൾ എന്നു് നിർവ്വചിക്കാം. ആ വിശുദ്ധവരം ഉത്തരീയം ഉപയോഗിക്കുന്നവരുടെ ഭക്തിതീക്ഷ്ണതയെയും ആത്മാർത്ഥതയെയുംകൂടെ ആശ്രയിച്ചിരിക്കുന്നു. മനോഹരങ്ങളായ പ്രാർത്ഥനകളോടുകൂടി ആശീർവ്വദിക്കപ്പെട്ട ഉത്തരീയം യഥാർത്ഥമായ വിശ്വാസത്തോടുകൂടി ധരിക്കുന്നതായാൽ ആദ്ധ്യാത്മികസത്തയെ

(ശേഷം 6-ാംപേജിൽ)

# അദ്ധ്യാപകപ്രശ്നത്തെപ്പററി വരാപ്പുഴമെത്രാപ്പോലീത്ത

വിശുദ്ധമായ ആഗമനകാലം ആചരിക്കുന്നതിനുള്ള ഭാഗ്യം ഒരിക്കൽക്കൂടി നമുക്കു സിദ്ധിച്ചിരിക്കുന്നു. മിശിഹായുടെ തിരുപ്പിറപ്പിന്റെ സ്മരണ കൊണ്ടാടുവാനുള്ള ദിവസം ആസന്നമായിക്കഴിഞ്ഞു. അവിടുന്നു മനുഷ്യാവതാരംചെയ്ത് ഈ ലോകത്തിലേക്കു വന്നത് നമ്മുടെ നിത്യരക്ഷ സാധിക്കുന്നതിനായിട്ടാണ്. “വഴിയും സത്യവും ജീവനും” ആകുന്ന അവിടുന്ന് നിത്യരക്ഷയുടെ മാർഗ്ഗം നമ്മെ പഠിപ്പിക്കയും ചെയ്തു. ആ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നമ്മുടെ പരമാന്ത്യം പ്രാപിക്കുന്നതിനു നമ്മെ സഹായിക്കുകയാണ് യഥാർത്ഥവിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യം. “മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിന്റെ പരമലക്ഷ്യം പ്രാപിക്കുന്നതിന് അവൻ എങ്ങനെ വർത്തിക്കണമെന്നും, ഇഹത്തിൽ എന്തു ചെയ്യണമെന്നും അവനെ പരിശീലിപ്പിക്കുന്നതിലാണ് യഥാർത്ഥ വിദ്യാഭ്യാസത്തിന്റെ സാരമായ അംശം അടങ്ങിയിരിക്കുന്നത്” എന്നാണ് സുഭഗസ്മരണാർഹനായ പതിനൊന്നാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ക്രിസ്തീയ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള തന്റെ വിശ്വലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നത്. തന്മൂലം നമ്മുടെ നിത്യരക്ഷയെ സാരമായി സ്പർശിക്കുന്ന വിദ്യാഭ്യാസം നമ്മെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമായ ഒരു കാര്യമാണ്. ഈ വിഷയത്തിൽ നമുക്കുള്ള അവകാശസ്വാതന്ത്ര്യങ്ങൾ അനാദരിക്കപ്പെടുവാനോ നിയന്ത്രിക്കപ്പെടുവാനോ അപഹരിക്കപ്പെടുവാനോ നാം ഒരിക്കലും അനുവദിക്കരുത്. ഇതിൽ നാം പൂർവ്വാധികം ശ്രദ്ധാലുക്കളായിരിക്കണമെന്ന് സ്ഥിതിഗതികൾ നമ്മെ തുടരെത്തുടരെ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. അതിനാൽ, ഈ ആഗമനകാലം പ്രമാണിച്ച് ഇന്നത്തെ വിദ്യാഭ്യാസപ്രശ്നത്തിലേക്കു നിങ്ങളുടെ സത്വരശ്രദ്ധയെ ക്ഷണിക്കുവാൻ നാം ആഗ്രഹിക്കുന്നു.



വിദ്യാഭ്യാസപ്രവർത്തനത്തിൽ പൗരന്മാരുടെ അവകാശങ്ങളെ അനാദരിച്ചും, വിദ്യാഭ്യാസത്തിന്റെ അവശ്യഘടകമായിരിക്കേണ്ടുന്ന സാന്മാർഗ്ഗികവും മതാത്മകവുമായ അദ്ധ്യയനത്തെ അവഗണിച്ചും, ആപൽക്കരങ്ങളായ ചില പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള ശ്രമം ചില രാജ്യങ്ങളിൽ ഉണ്ടായിട്ടുണ്ട്. വിദ്യാലയങ്ങളെല്ലാം ഗവമ്മേണ്ടിന്റെ വകയാക്കുകയും, ആ കുത്തക കയ്യടക്കിവെച്ചുകൊണ്ട് മതനിഷ്പക്ഷതയുടേയും മറ്റും പേരിൽ മതബോധനത്തെ വിദ്യാലയങ്ങളിൽനിന്ന് നിഷ്കാസനം ചെയ്യുകയും, മതബോധനത്തോടുകൂടി വിദ്യാഭ്യാസപ്രവർത്തനം നടത്തുന്ന ഏജൻസികളുടെ സേവനസ്വാതന്ത്ര്യം തടയുകയും, ചുരുങ്ങിയപക്ഷം, പ്രത്യക്ഷത്തിൽ നിർദ്ദോഷങ്ങളെന്നു തോന്നിക്കുന്ന ചില നിയമങ്ങൾ ഉണ്ടാക്കി അവയുടെ ഇഷ്ടാനുസൃതമായ പ്രയോഗംകൊണ്ടും മറ്റും പ്രൈവറ്റ് ഏജൻസികളുടെ സേവനത്തിന് അവസരം ഇല്ലാതാക്കുകയും ചെയ്യുകയെന്നതാണ് ഈ പരീക്ഷണത്തിന് എവിടെയും കണ്ടിട്ടുള്ള പരിപാടിയും നയവും. ഫ്രാൻസിലും, മെക്സിക്കോയിലും, ജർമ്മനിയിലും മറ്റും ഇങ്ങനെ ഓരോ കാലങ്ങളിലും നടന്നിട്ടുള്ള പരീക്ഷണങ്ങൾ മതവിദ്വേഷത്തിന്റെയും മതമർദ്ദനത്തിന്റെയും മുന്നോടികളോ സഹചാരികളോ ആയിരുന്നുവെന്ന് ചരിത്രം സാക്ഷീകരിക്കുകയും ചെയ്യുന്നു. ഏതാദൃശമായ ഒരു പരീക്ഷണത്തിനാണ് പുതിയ സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസപദ്ധതികൊണ്ട് ബഹുമാനപ്പെട്ട തിരു-കൊച്ചി ഗവർമ്മേണ്ട് മുതിർന്നിട്ടുള്ളത്.

“അദ്ധ്യാപകന്മാരുടെ സേവനം സുരക്ഷിതമാക്കുന്നതിനും, അവരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനും” എന്ന ലേബൽ ഒട്ടിച്ചിട്ടുള്ള ഈ പുതിയ പദ്ധതിയിൽ മനസ്സാക്ഷിപ്രകാരം സ്വീകാര്യമല്ലാത്ത പല വ്യവസ്ഥകളും അടങ്ങിയിട്ടുണ്ട്. ഈ പുതിയ പദ്ധതിയുടെ നിശ്ചിതരൂപം എന്തെന്ന് പൂർണ്ണമായി ഇനിയും ഗ്രഹിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും, ആഗസ്റ്റ് 19-ാം തിയ്യതിയിലെ ഗവമ്മേണ്ടു പ്രൊസീഡിങ്സിലും, നവമ്പർ 2-ാം തിയ്യതിയിലെ പ്രസ്സ്നോട്ടിലുംനിന്ന് മനസ്സിലാക്കുവാൻ സാധിക്കുന്നേടത്തോളം, ഈ പദ്ധതിയിൽ രണ്ടു പ്രധാനവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഫീസുപിരിവിന്റെ 80 ശതമാനം ഗവമ്മേണ്ടിന്റെപേരിൽ ഖജനാവിൽ അടയ്ക്കണമെന്നും, പബ്ലിക്ക്സർവ്വീസ് കമ്മീഷണും വിദ്യാഭ്യാസഡയറക്ടരുംകൂടി തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽനിന്നുവേണം അദ്ധ്യാപകന്മാരെ നിയമിക്കുവാനെന്നും ഉള്ളതാണ് ഈ രണ്ടു വ്യവസ്ഥകൾ. വളരെ ആപൽക്കരങ്ങളായ ഈ രണ്ടു വ്യവസ്ഥകളും നമുക്കു സ്വീകാര്യമല്ല. ഫീസുപിരിവിന്റെ 80 ശതമാനം ഗവമ്മേണ്ടിന്റെപേരിൽ ഖജനാവിൽ അടയ്ക്കുന്നതിന് നമ്മെ നിർബന്ധിക്കുവാനോ, അടയ്ക്കുന്ന സംഖ്യയിൽ, ആ സ്കൂളിലെ അദ്ധ്യാപകശമ്പളം കഴിച്ചു മിച്ചംവരുന്നത് സ്വരുമിച്ച് മറ്റു സ്കൂളുകളിലെ അദ്ധ്യാപകശമ്പളത്തിനായി വിനിയോഗിക്കണമെന്ന് വ്യവസ്ഥ ചെയ്യാനോ ഗവമ്മേണ്ടിന് അധികാരമില്ല. ഫീസുപിരിവു ഗവമ്മേണ്ടിനെ ഏല്പിക്കുന്നത് സ്കൂളുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഹാനികരമായിരിക്കും. ഒരു സ്ഥാപനത്തിന്റെ വിജയകരമായ നടത്തിപ്പിനും അഭിവൃദ്ധിക്കും സാമ്പത്തികമായ കഴിവുകളും സാമ്പത്തികമായ സ്വാതന്ത്ര്യവും അത്യാവശ്യമാണ്. ഈ ധനവിനിമയസ്വാതന്ത്ര്യം ഇല്ലാത്ത യാതൊരു സ്ഥാപനവും അഭിവൃദ്ധിപ്പെടുകയില്ലെന്നുള്ളത് ധനതത്വശാസ്ത്രത്തിന്റെ ഒരു സിദ്ധാന്തമത്രെ. ഫീസ്പിരിവു സ്വകാര്യ ഉടമയിൽ ഉൾപ്പെടുന്നതുകൊണ്ട്, അതു സ്വരുമിക്കുവാനുള്ള സംരംഭം സ്വകാര്യഉടമയുടെ അംഗീകൃതനിയമങ്ങൾക്കു കടകവിരുദ്ധമാണ്. വ്യക്തികളുടേയും കുടുംബങ്ങളുടേയും അവകാശങ്ങളെ ചവുട്ടിത്തള്ളുന്ന “ടൊറ്റാലിറ്റേറിയൻ” സ്വേച്ഛാധിപത്യത്തിന്റെ പിടിയിൽ അമരാത്ത യാതൊരു പരിഷ്കൃതരാജ്യവും, ഉദ്ബുദ്ധമായ യാതൊരു ഗവമ്മേണ്ടും സ്വീകരിച്ചുകാണാത്ത ഒരു നടപടിയാണ് ഇത്. അദ്ധ്യാപകന്മാർക്ക് വർദ്ധിപ്പിച്ച തോതിലുള്ള ശമ്പളം കൊടുക്കുകയാണ ഈ വ്യവസ്ഥയുടെ ഉദ്ദേശ്യമെങ്കിൽ, ഈ “അടയ്ക്കലും സ്വരുമിക്കലും” കൂടാതെതന്നെ അത് സാധിക്കുന്നതിന് ഇതിനെക്കാൾ കൂടുതൽ സുകരവും പ്രായോഗികവുമായ എത്രയോ മാർഗ്ഗങ്ങൾ വേറെയുണ്ട്. ആകയാൽ, അദ്ധ്യാപകക്ഷേമത്തിന്റെ പേരിൽ നമ്മുടെ വിദ്യാലയങ്ങളുടെ ദേശവൽക്കരണമാണ് ഇതിന്റെ പ്രധാനോദ്ദേശ്യമെന്ന് അനുമിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, ഇത് മാനേജർമാരേയും അദ്ധ്യാപകന്മാരേയും തമ്മിൽ തല്ലിക്കുവാനും “ഭിന്നിപ്പിച്ചു ഭരിക്കുവാനും”, അദ്ധ്യാപകരെ സ്വാധീനിക്കുവാനുംവേണ്ടി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നു സംശയിക്കേണ്ടിയിരിക്കുന്നു. വലിയ ത്യാഗങ്ങൾ സഹിച്ചും ഭീമമായ സംഖ്യകൾ ചെലവഴിച്ചും നടത്തിക്കൊണ്ടിരിക്കുന്നതും, നമ്മുടെ കൺമിഴിയെന്നപോലെ അത്ര കാര്യമായി നാം വിചാരിക്കുന്നതും ആയ നമ്മുടെ വിദ്യാലയങ്ങളുടെ നാരായവേരിനു കോടാലിവെക്കുന്നതിനുള്ള ഈ സംരംഭത്തെ അതർഹിക്കുന്നവിധം നാം വീക്ഷിക്കേണ്ടതാണ്. വിദ്യാലയങ്ങളുടെ ആസ്തിക്യവും വ്യക്തിത്വവും നശിപ്പിച്ച് അവയെ കേവലം സർക്കാർ സ്കൂളുകളായി രൂപാന്തരപ്പെടുത്തുവാൻ പര്യാപ്തമായ ഈ വ്യവസ്ഥ സ്വീകരിക്കുന്നത് ആത്മഹത്യാപരമായിരിക്കും.

ഇതിനെക്കാൾ കൂടുതൽ ആപല്ക്കരവും അപലപനീയവുമാണ് അദ്ധ്യാപകനിയമനം സംബന്ധിച്ചുള്ള വ്യവസ്ഥ. ഒരു അദ്ധ്യാപകന് കുറഞ്ഞത് ഇന്ന യോഗ്യതയുണ്ടായിരിക്കണമെന്നു വ്യവസ്ഥചെയ്യുന്നതിലും ആ യോഗ്യതയില്ലാത്തവരുടെ നിയമനം അംഗീകരിക്കാതിരിക്കുന്നതിലും ആരും ഗവർമ്മേണ്ടിനെ കുറ്റപ്പെടുത്തുന്നില്ല. നിയമനം നടത്തിയശേഷം അംഗീകരണം നൽകുന്നതായാലും അദ്ധ്യാപകയോഗ്യതയെ സംബന്ധിച്ചിടത്തോളം യാതൊരു കുഴപ്പവും വരാനില്ല. പിന്നെ ഗവർമ്മേണ്ട് ഇത്ര നിഷ്കർഷിക്കുന്ന ഈ അംഗീകൃതലിസ്റ്റിന്റെ ആവശ്യം എന്തെന്ന് എത്ര ചുഴിഞ്ഞാലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഈ ലിസ്റ്റ് വളരെ നിരുപദ്രവകരമാണെന്നും മറ്റും ഇപ്പോൾ പറയപ്പെടുന്നുണ്ടെങ്കിലും ഈ വ്യവസ്ഥ നാം അംഗീകരിക്കുന്നപക്ഷം, ഗവർമ്മേണ്ട് ഈ വജ്രായുധം ഉപയോഗിച്ച് അദ്ധ്യാപകനിയമനകാര്യത്തിൽ ക്രമേണ കൂടുതൽ നിയന്ത്രണം വരുത്തുമെന്ന് ന്യായമായി ഭയപ്പെടേണ്ടിയിരിക്കുന്നു. ഇപ്പോൾത്തന്നെ മാനേജർമാർക്ക് ഈ വിഷയത്തിൽ വളരെ പരിമിതമായ സ്വാതന്ത്ര്യം മാത്രമാണുള്ളത്. അദ്ധ്യാപകന്മാരുടെ പ്രമോഷൻ, പിരിച്ചുവിടൽ തുടങ്ങിയ കാര്യങ്ങളിൽ അവർക്കുള്ള സ്വാതന്ത്ര്യം നാമമാത്രമാണ്. ആ സ്ഥിതിക്ക് കൂടുതൽ നിയന്ത്രണം വരുത്തുവാനുള്ള ഈ നിയമനവ്യവസ്ഥ അംഗീകരിക്കുന്നപക്ഷം, നമുക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ലിസ്റ്റിൽപ്പെട്ടവരെ നിയമിക്കേണ്ടിവരും. കമ്മ്യൂണിസ്റ്റുകാരനോ, നിരീശ്വരവാദിയോ, നാസ്തികനോ ആരായിരുന്നാലും അങ്ങനെയുള്ളവരെ നിയമിക്കുന്നതിനു മാനേജർമാർ നിർബന്ധിതരായിത്തീരും. ഈ സ്ഥിതിക്ക് നമ്മുടെ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതിന്റെ ഉദ്ദേശ്യവും ആദർശവും എങ്ങനെയാണ് നിറവേറുക? സ്വകാര്യവിദ്യാലയങ്ങളുടെ മാനേജ്മെന്റിനെ തുലോം നിസ്സാരമായ നിലയിലേക്കു തള്ളി തങ്ങളുടെ ന്യായമായ ചുമതലകൾ നിർവ്വഹിക്കാൻ അവരെ അശക്തരാക്കിത്തീർക്കുന്നതും, തങ്ങളുടെ സ്കൂൾകളുടെ നിയന്ത്രണവും ഭരണവും സംബന്ധിച്ചുള്ള കാര്യങ്ങളിൽ യാതൊരധികാരവുമില്ലാത്ത ശൂന്യപ്രായരാക്കിത്തീർക്കുന്നതുമായ ഈ വ്യവസ്ഥ നമ്മുടെ അവകാശങ്ങളോടുള്ള കഠിനമായ ഒരു കയ്യേറ്റംതന്നെയാണ്. അതിനാൽ, ഈ വ്യവസ്ഥ മാനേജ്മെന്റുകൾക്ക് — കത്തോലിക്കാ മാനേജ്മെന്റുകൾക്ക് വിശേഷിച്ചും — ഒരിക്കലും സ്വീകാര്യമല്ല.

വന്ദ്യ വൈദികരേ, പ്രിയ മക്കളേ, ഈ പുതിയ വിദ്യാഭ്യാസപദ്ധതിയെപ്പറ്റി സാവധാനം ചിന്തിക്കയും ശ്രദ്ധാപൂർവ്വം പഠിക്കയും ചെയ്ത ശേഷം, ഇത് നമുക്ക് സ്വീകാര്യമല്ലെന്ന് കേരളത്തിലെ മൂന്നു മെത്രാപ്പോലീത്താമാരും ചേർന്ന് ഒക്ടോബർ 17-ാംതിയ്യതി പുറപ്പെടുവിച്ച പ്രസ്താവനയിൽ പറഞ്ഞിരുന്നു. എങ്കിലും അദ്ധ്യാപകന്മാരുടെ ഭൗതികക്ഷേമത്തിലുള്ള താല്പര്യാതിരേകത്തെ പുരസ്കരിച്ചും, ഗവമ്മേണ്ടുമായി ഒരു ഒത്തുതീർപ്പുണ്ടാക്കണമെന്ന ആഗ്രഹത്തോടുകൂടിയും, ഈ കാര്യത്തിൽ ചെയ്യാവുന്നത്ര വിട്ടുവീഴ്ചകൾ ചെയ്യാമെന്ന് നവമ്പർ 10-ാം തിയ്യതികൂടിയ വൈദികാദ്ധ്യക്ഷ കോൺഫറൻസ് നിശ്ചയിച്ചു. പ്രസ്തുത തീരുമാനപ്രകാരം, ഹെഡ്മാസ്റ്റർമാരുടെയും അദ്ധ്യാപകന്മാരുടെയും തിരഞ്ഞെടുപ്പും നിയമനവും സംബന്ധിച്ച് ഗവമ്മേണ്ടു പ്രൊസീഡിങ്സിലും പ്രസ്നോട്ടിലുമുള്ള എല്ലാ വ്യവസ്ഥകളും അവയിൽനിന്ന് നീക്കംചെയ്യുകയും, ഇപ്പോഴുള്ള രീതിയിൽ നിയമനം നടത്തുവാൻ മാനേജർമാർക്കു പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നു ഉറപ്പുനൽകുകയും ചെയ്യുന്നതായാൽ, പരീക്ഷാർത്ഥം ഒരു താല്ക്കാലിക നടപടിയെന്ന നിലയിൽ ഫീസ്പിരിവിന്റെ 80 ശതമാനം പുതിയ പദ്ധതി നിർദ്ദേശിച്ചിട്ടുള്ള വർദ്ധിപ്പിച്ച നിരക്കിൽ അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കുന്നതിന് മാനേജർമാരുടെ ഓഹരി (contribution) എന്ന നിലയിൽ പ്രതിഷേധസമേതം വിട്ടുകൊടുക്കാമെന്ന് സമ്മതിച്ചു. എന്നാൽ നിർഭാഗ്യവശാൽ നമ്മുടെ ഗവർമ്മേണ്ട് അദ്ധ്യാപകനിയമനലിസ്റ്റിന്റെകാര്യം ശാഠ്യപൂർവ്വം മുറുകെപ്പിടിച്ചുകൊണ്ട് വൈദികാദ്ധ്യക്ഷന്മാരുടെ സൗമനസ്യപ്രകാശനത്തെയും രഞ്ജകമനോഭാവത്തെയും ആദരിച്ചു പ്രവർത്തിക്കുവാൻ സന്നദ്ധത പ്രദർശിപ്പിച്ചിട്ടില്ല. ആയതുകൊണ്ട് മുൻപറഞ്ഞ പ്രസ്താവനയിൽത്തന്നെ വ്യക്തമാക്കിയിരുന്നതുപോലെ, ഈ പുതിയ വിദ്യാഭ്യാസപദ്ധതി മാനേജ്മെന്റുകൾ പരിപൂർണ്ണമായി നിരാകരിക്കാൻ നിർബന്ധിതരായിരിക്കുന്നുവെന്നു പറയേണ്ടിവന്നതിൽ വലിയ കുണ്ഠിതമുണ്ട്. ഇങ്ങനെ ഈ വിദ്യാഭ്യാസപ്രശ്നം ഇപ്പോൾ ഒരു ദുർഘടസന്ധിയിൽ എത്തിയിരിക്കുകയാണ്. ഇതിനുള്ള ഉത്തരവാദിത്വം ആരാണ് പേറേണ്ടതെന്ന് പൊതുജനങ്ങൾതന്നെ വിധിച്ചുകൊള്ളട്ടെ.

ചില തത്വങ്ങൾ ബലികഴിച്ചുകൊണ്ടുകൂടെയുമാണ് ഇക്കാര്യത്തിൽ പരമാവധി വിട്ടുവീഴ്ചകൾ ചെയ്യാൻ വൈദികമേലദ്ധ്യക്ഷന്മാർ വഴിപ്പെട്ടത്. ഈ സന്മനോഭാവം ചില അദ്ധ്യാപകന്മാരും അനാദരിച്ചതിൽ നമുക്ക് അത്യൽക്കടമായ മനോവേദനയുണ്ട്. മാനേജർമാരെക്കൊണ്ട് ഈ പദ്ധതി സ്വീകരിപ്പിക്കുവാൻവേണ്ടി ഏതാനും അദ്ധ്യാപകന്മാർ ചില സ്ഥലങ്ങളിൽ കുറച്ചുദിവസത്തേക്കു പണിമുടക്കു നടത്തുകയുണ്ടായി. സംഘടിതപണിമുടക്കുകൾമൂലം കത്തോലിക്കാ സ്ഥാപനങ്ങളുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്നതു നിയമവിരുദ്ധമാണെന്ന് നവമ്പർ 10-ാംനു-യിലെ പ്രസ്താവനയിൽ നൽകിയിരുന്ന ഉദ്ബോധനം പ്രസ്തുതാദ്ധ്യാപകന്മാർ— കത്തോലിക്കാദ്ധ്യാപകന്മാർ വിശേഷിച്ചും— ശ്രവിക്കാതിരുന്നതു പരിതാപകരമായിപ്പോയി. അദ്ധ്യാപകന്മാർ പണിമുടക്കുക! അതേ, “അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല; അവരോടു ക്ഷമിക്കേണമെ” എന്നു പ്രാർത്ഥിക്കുവാനേ നിവൃത്തിയുള്ളൂ. കൊച്ചുകുട്ടികൾക്കു സ്വഭാവരൂപവൽക്കരണവും ശിക്ഷണവും നൽകേണ്ട അദ്ധ്യാപകന്മാർ,— “കലകളുടെ കല”യെ കൈകാര്യം ചെയ്യുന്ന കലാകാരന്മാരും, “ശാസ്ത്രങ്ങളുടെ ശാസ്ത്രത്തെ” സംവഹിക്കുന്ന ശാസ്ത്രജ്ഞന്മാരുമായ കത്തോലിക്കാ അദ്ധ്യാപകന്മാർ— പണിമുടക്കി തങ്ങളുടെ വിദ്യാർത്ഥികളുടെ പഠനത്തിന് വിഘ്നംവരുത്തുകയും, അവർ പെരുവഴികളിൽ അലഞ്ഞുതിരിയാൻ അനുവദിക്കുകയും, അവരെ അഭ്യസിപ്പിക്കേണ്ട അച്ചടക്കത്തിനും മറ്റും വിരോധമായി ഇടർച്ചയ്ക്ക് കാരണം കൊടുക്കുകയും ചെയ്തുവെന്നുള്ളത് അത്യന്തം വ്യഥാജനകമാണ്. അവരുടെ ഗർഹണീയമായ കൃത്യവിലോപം ഈ വിദ്യാഭ്യാസപദ്ധതിയുടെ ചരിത്രത്തിൽ എന്നും ഒരു തീരാക്കളങ്കമായി സ്ഥലംപിടിക്കുമെന്നുള്ളത് തീർച്ചതന്നെ. കുട്ടികളുടെ ശിക്ഷണത്തിൽ മാതാപിതാക്കന്മാരുടെ പ്രാതിനിധ്യംവഹിക്കുന്ന അദ്ധ്യാപകന്മാരുടെ ഇപ്രകാരമുള്ള പണിമുടക്കു സാന്മാർഗ്ഗികശാസ്ത്രപ്രകാരം എങ്ങനെ നീതീകരിക്കാൻ സാധിക്കും എന്ന് അദ്ധ്യാപകന്മാർ, പ്രത്യേകിച്ചും കത്തോലിക്കാ അദ്ധ്യാപകന്മാർ, ഗാഢമായി ചിന്തിക്കേണ്ടതാണ്. ചില സ്ഥലങ്ങളിൽ അദ്ധ്യാപകന്മാർ തങ്ങളുടെ പ്രക്ഷോഭണപരിപാടികളിൽ കുട്ടികളേയും സംബന്ധിപ്പിച്ചുവെന്നുള്ളത് വിസ്മയാവഹംതന്നെ. തന്മൂലം അവർ ആ കൊച്ചുകുട്ടികൾക്കു നൽകിയ ദുർമാതൃക എത്രയോ വിദൂരവ്യാപകങ്ങളായ ഫലങ്ങളാണ് പുറപ്പെടുവിക്കാനിരിക്കുന്നതെന്ന് ഓർക്കുമ്പോൾ, നമ്മുടെ കുട്ടികളുടെ ഭാവിശ്രേയസ്സിനേയും രാജ്യക്ഷേമത്തേയും കാംക്ഷിക്കുന്ന ഏവനും സ്തബ്ധഗാത്രനാകാതിരിക്കയില്ല. ഒരു കൊച്ചുകുഞ്ഞിനെ കാണിച്ചുകൊണ്ട്, മർത്ത്യവംശത്തിന്റെ ഏറ്റംവലിയ ഗുരുനാഥനും, അദ്ധ്യാപകന്മാരുടെ മാതൃകയുമായ ക്രിസ്തു “ഈ തരത്തിലുള്ള ഒരു കുഞ്ഞിന് ഉതപ്പുനൽകുന്നവന് ദുരിതം” എന്നരുളിച്ചെയ്തിട്ടുള്ള വാക്കുകൾ, കുട്ടികളുടെ ശിക്ഷണത്തിനും സ്വഭാവരൂപീകരണത്തിനും ഉത്തരവാദപ്പെട്ടിരിക്കുന്നവർ സദാ ഓർത്തിരിക്കേണ്ടതാണ്.

അദ്ധ്യാപകന്മാരുടെ പണിമുടക്കുകൊണ്ട് പൊതുജീവിതം അസ്വസ്ഥമാകയും ഉൽക്കണ്ഠാകുലമായ ഒരു പരിതസ്ഥിതി ആവിർഭവിക്കയും ചെയ്തിട്ടും ഗ

(ശേഷം 11-ാം പേജിൽ)


# ഞങ്ങളുടെ ലൂർദ്ദുസന്ദർശനം

(ജോസഫ് തളിയത്തു് എം. എ. ബാർ അററ്-ലാ)

ജൂബിലിവത്സര തീർത്ഥാടനമദ്ധ്യേ ഞാനും ഭാര്യയും മകൻ ഫാദർ ജോനാസും മൂന്നു ദിവസം ലൂർദ്ദിൽ കഴിച്ചുകൂട്ടി. ആഗസ്റ്റു 13-ാംതീയതി വൈകുന്നേരം അഞ്ചരമണിയോടുകൂടിയാണ് ലൂർദ്ദ് റെയിൽവേസ്റ്റേഷനിൽ ഞങ്ങൾ ഇറങ്ങിയതു്. ഞങ്ങളുടെ താമസത്തിന് ഏർപ്പാടുചെയ്തിരുന്ന ഹോട്ടലിലേക്ക് ഞങ്ങൾ ഉടനെതന്നെ തിരിച്ചു. തീർത്ഥാടകരുടെ തിക്കും തിരക്കുമുള്ള അവസരമായതിനാൽ താമസസ്ഥലം ലഭിക്കാൻതന്നെ വളരെ വിഷമമായിരുന്നു. ആകയാൽ സ്ഥലം ആവശ്യപ്പെട്ടുകൊണ്ടു ഞങ്ങൾ മുൻകൂട്ടി എഴുതിയിരുന്ന കത്തിന് അഞ്ചാമത്തെ നിലയിലേ സൗകര്യമുള്ളൂ എന്നു മറുപടി കിട്ടിയിട്ടും ഞങ്ങൾ സ്വീകരിക്കുകതന്നെ ചെയ്തു. ആ അഞ്ചാം നിലയ്ക്ക് മറ്റൊരു ബുദ്ധിമുട്ടുണ്ടായിരുന്നു. അതു്, മേൽനിലകളിൽ കയറുന്നതിനും ഇറങ്ങുന്നതിനും അവിടങ്ങളിൽ സാധാരണമായ ലിഫ്റ്റുസമ്പ്രദായം ഇല്ലായിരുന്നു എന്നുള്ളതാണ്. ഈ വിവരവും ഞങ്ങൾ മുൻകത്തിൽനിന്നും അറിഞ്ഞിരുന്നു. അതിനാൽ രാവിലെ താഴത്തേക്കിറങ്ങിയാൽ രാത്രി ശയനത്തിനായി മാത്രമേ ഞങ്ങൾ ആ നിലയിലേക്കു കയറുമായിരുന്നുള്ളൂ. എന്റെ ഭാര്യയും മകനും മുകളിലത്തെ നിലയിലേക്കു വഴിയിൽ നില്ക്കാതെ കയറിപ്പോകുമെങ്കിലും എനിക്ക് അതു സാദ്ധ്യമായിരുന്നില്ല.

ആ ഹോട്ടലിൽ അതിഥികളെ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അൽമായവേഷം ധരിച്ച ഏതാനും കന്യാസ്ത്രീകളാണ് നിയുക്തരായിരിക്കുന്നതു്. പാചകം ചെയ്യുന്നതും, ഭക്ഷണപദാർത്ഥങ്ങൾ അതിഥികൾക്കു വിളമ്പിക്കൊടുക്കുന്നതും അൽമായവനിതകൾ തന്നെയാണ്. ഈ ഹോട്ടലിലുള്ള കന്യാസ്ത്രീകളെ ഉദ്ദേശിച്ച് ഭക്ഷണമുറിക്കു സമീപത്തായി ഒരു ചെറിയ കപ്പേള സ്ഥാപിച്ചിട്ടുണ്ടു്. ഭക്ഷണാനന്തരം ആ കപ്പേളയിൽചെന്നു സന്ദർശനം നടത്തുന്നതു് പലരുടെയും പതിവാണ്.

ഞങ്ങൾ ചെന്ന ദിവസം രാത്രി ലൂർദ്ദ് ദേവാലയത്തിൽ ദീപപ്രദക്ഷിണമുണ്ടായിരുന്നു. ഏകദേശം എട്ടുമണിയോടുകൂടി, പരിശുദ്ധകന്യക കാണപ്പെട്ട ഗുഹാപ്രദേശത്തുനിന്നും പ്രദക്ഷിണം ആരംഭിച്ചു. പതിനയ്യായിരത്തോളം ജനങ്ങൾ ആ ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു. എട്ടുപേർ വീതമുള്ള ഓരോ അണിയായി "ആവേ, ആവേ, ആവേ മരിയാ" എന്ന പല്ലവിയോടുകൂടിയ ലൂർദ്ദുഗാനവും ആലപിച്ചുകൊണ്ടാണ് ഘോഷയാത്ര പുറപ്പെടുന്നതു്. ഈ പാട്ടുതന്നെ റോസറി ചർച്ചിന്റെ അങ്കണത്തിൽ എല്ലാവരും വന്നുനിരക്കുന്നതുവരെ പാടിക്കൊണ്ടിരിക്കുന്നു. സമീപസ്ഥിതമായ പർവ്വതത്തിൽ മാറ്റൊലിക്കൊള്ളത്തക്കവണ്ണം ഈ പതിനയ്യായിരം കണ്ഠങ്ങളിൽനിന്നും ഏകസ്വരത്തിൽ ഉയർന്ന് അന്തരീക്ഷത്തിൽ മുഖരിതമാകുന്ന "ആവേ, ആവേ" എന്ന ഗാനം പരിശുദ്ധ കന്യക എങ്ങനെ ചെവിക്കൊള്ളാതിരിക്കും! ആ ഗുഹാമുഖത്തുനിന്ന് ഏകദേശം ഒരു ഫർലാംഗ് നടന്നുകഴിഞ്ഞിട്ട് മുകളിലേക്ക് കൈപ്പാത്തിപോലെ കാണപ്പെടുന്ന മാർഗ്ഗത്തിൽക്കൂടി ജപമാലപ്പള്ളിയുടെ മുകളിലെത്തി, അവിടെനിന്നും മറുവശത്തെ പാത്തിയിൽക്കൂടി അതുപോലെ ഇറങ്ങിവന്ന് ആ പ്രദക്ഷിണസംഘം ഏകദേശം അരമൈലിലധികം നീണ്ടുകിടക്കുന്ന സമതലപ്രദേശത്തുകൂടി, പള്ളിപ്പരിസരങ്ങളിലെ പ്രധാന വാതിൽ കാത്തുനില്ക്കുന്ന മിഖായേൽ ദൈവദൂതന്റെ പ്രതിമയെ ഒരു വലത്തുവച്ച് ജപമാലപ്പള്ളിയുടെ മുൻഭാഗത്ത് "കൈപ്പാത്തി"കളുടെ മദ്ധ്യത്തായി കാണപ്പെടുന്ന വിശാലമായ അങ്കണത്തിൽ വന്നുനിരക്കുന്നു. പ്രദക്ഷിണസമയത്ത് ഓരോരുത്തരും ഓരോ കടലാസുകൂട്ടിനുള്ളിൽ, ജ്വാല കടലാസിൽ ബാധിക്കാതെ ക്രമാനുഗതമായി ഉയർത്തിക്കൊടുക്കത്തക്കവണ്ണം, കത്തിച്ച ഓരോ മെഴുകുതിരിയും പിടിച്ചിട്ടുണ്ടു്. ആ ദീപപ്രകാശത്തിൽ വായിക്കത്തക്കവിധത്തിൽ ഓരോ കടലാസുകൂടിന്റെയും ഒരു വശത്ത് "വിശ്വാസപ്രമാണ"വും, (Credo) മറുവശത്ത് ലൂർദ്ദുമാതാവിന്റെ പാട്ടും അച്ചടിച്ചിട്ടുണ്ടു്. സർവ്വത്ര കാണപ്പെടുന്ന ദീപപ്രകാശം പ്രദക്ഷിണത്തിന്റെ മനോഹരതയെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. പള്ളിയുടെ മുമ്പിൽ വന്നു നിരന്നാൽ എല്ലാവരും ഒത്തൊരുമിച്ച് വിശ്വാസപ്രമാണം പാട്ടായി പാടുന്നു. ഒടുവിൽ, അന്ന്, തീർത്ഥാടകസംഘങ്ങളോടൊന്നിച്ചു വന്നിട്ടുള്ള മെത്രാന്മാരെല്ലാവരും ചേർന്ന് ജനതതിയെ ഒന്നടങ്കം ആശീർവ്വദിക്കുന്നതോടുകൂടി അന്നത്തെ ചടങ്ങുകൾ അവസാനിക്കുന്നു. അപ്പോഴേക്ക് രാത്രി പത്തരമണിയാകും. അടുത്ത ദിവസത്തെ കാര്യപരിപാടിയും ഉച്ചഭാഷിണിമുഖേന പല ഭാഷകളിൽ ജനങ്ങളെ അറിയിക്കും. 14-ാംനു ഇതേരീതിയിൽ നടന്ന ദീപപ്രദക്ഷിണത്തിലും ഞങ്ങൾ പങ്കുകൊണ്ടു. 15-ാംനു ദേവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളായതിനാൽ ജനബാഹുല്യം വർണ്ണനാതീതമായിരുന്നു. അമ്പതിനായിരത്തോളം ജനങ്ങൾ പ്രദക്ഷിണത്തിൽ സംബന്ധിച്ചു. മറ്റു ദിവസങ്ങളിൽ ജനങ്ങൾ എല്ലാവരും ഒരുമിച്ചു ദേവാലയാങ്കണത്തിൽ വന്നുകൂടുമെങ്കിലും, അന്നേദിവസം ഏതാണ്ട് അതിൽനിന്നും വ്യത്യസ്തമായിട്ടാണ് സംഭവിച്ചതു്. ജനങ്ങളുടെ ആധിക്യംനിമിത്തം പ്രദക്ഷിണം ദേവാലയാങ്കണത്തിൽവന്നു നിറഞ്ഞിട്ടും ഗുഹാമുഖത്തുനിന്നും വീണ്ടും ജനസമൂഹം പുറപ്പെട്ടുകൊണ്ടുതന്നെയിരുന്നു. പക്ഷേ പത്തരമണിയോടുകൂടി ചടങ്ങുകൾ ഏതുവിധത്തിലും അവസാനിപ്പിക്കണമെന്നുള്ളതിനാൽ അങ്കണം കവിഞ്ഞുനിന്നിരുന്ന ജനസമൂഹത്തിന് ആശീർവ്വാദം നൽകി അവസാനിപ്പിക്കുകയാണുണ്ടായതു്. അന്ന് ആശീർവ്വാദം നൽകിയ മെത്രാന്മാരുടെ കൂട്ടത്തിൽ ഒരു ജാപ്പനീസ് മെത്രാനും ഉണ്ടായിരുന്നു എന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രേ.



വി. ബർണർദീത്ത

അങ്കണത്തെ അഭിമുഖീകരിച്ചു കാണപ്പെടുന്ന ജപമാലപ്പള്ളി സാമാന്യം വലുതാണ്. അതിനുള്ളിൽ ഒരു പ്രധാന അൾത്താരയും, അതിനു ചുറ്റും, ജപമാലയുടെ പതിനഞ്ചു രഹസ്യങ്ങളെ സൂചിപ്പിക്കുന്ന 15 ചെറിയ അൾത്താരകളുമുണ്ടു്. ജപമാലപ്പള്ളി അവസാനിക്കുന്നഭാഗത്ത് അതിനു മുകളിലായി മലഞ്ചെരിവിൽ ഒരു ഭൂഗർഭദേവാലയവും (Crypt) അതിനു മുകളിലായി ഗോത്തിക്ക് സമ്പ്രദായത്തിൽ ഒരു വലിയ പള്ളിയുമുണ്ടു്. തലേദിവസം ഉച്ചഭാഷിണിയിൽനിന്നും, അമേരിക്കൻ വൈദികരുടെ കുർബാന ഗോത്തിക്ക് പള്ളിയിൽ നടക്കുമെന്നറിഞ്ഞിരുന്നതനുസരിച്ച് ഞങ്ങൾ അവിടെയെത്തി കുമ്പസ്സാരിച്ച് ദിവ്യകാരുണ്യവും സ്വീകരിച്ചു. ഗുഹയിലുള്ള ദേവാലയത്തിലും തുടർച്ചയായി ഒൻപതു പത്തുമണിവരെ പൂജ നടന്നുകൊണ്ടിരിക്കും. ഏഴര മണിക്കുള്ള കുർബാനസമയത്ത് രോഗികളെ ചക്രങ്ങൾ ഘടിപ്പിച്ചിട്ടുള്ള കസേരകളിലും, കട്ടിലുകളിലും വഹിച്ചുകൊണ്ടുവരുന്നു. അവർ ആ ശയ്യോപകരണങ്ങളിൽ കിടന്നുകൊണ്ടുതന്നെയാണ് പൂജ കാണുന്നതു്. രോഗികൾക്കുവേണ്ടിയുള്ള ആ പൂജ കാണ്മാൻ അന്നു മൂന്നൂറോളം രോഗികൾ കൂടിയിരുന്നു.

കുർബാനകഴിഞ്ഞു് രോഗികളെ കുളിപ്പിക്കുന്നതിനായി ഒരു പ്രത്യേക സമയം നിർദ്ദേശിച്ചിട്ടുണ്ടു്. ദേവമാതാവു കാണപ്പെട്ട സ്ഥലത്തുള്ള അരുവിയിൽനിന്നും മൂന്നു കുളങ്ങൾ വഴിയായി ഒഴുകിക്കൊണ്ടിരിക്കുന്ന ജലത്തിലാണ് രോഗികളെ സ്നാനം ചെയ്യിക്കുന്നതു്. ഈ സ്നാനാവസരത്തിൽ ചിലപ്പോൾ അത്ഭുതകരമായ സുഖപ്രാപ്തിയുണ്ടാകാറുണ്ടു്.

രാവിലെയുള്ള കുർബാനയെല്ലാം കഴിഞ്ഞാൽ ജനങ്ങൾ ആശാപൂർവ്വം പ്രതീക്ഷിച്ചിരിക്കുന്നതു് വൈകുന്നേരം നാലുമണിക്കുള്ള ദിവ്യകാരുണ്യപ്രദക്ഷിണമാണ്. ഈ പ്രദക്ഷിണവും ആരംഭിക്കുന്നതു് ഗുഹാമുഖത്തുനിന്നുതന്നെ. ദീപപ്രദക്ഷിണത്തിലെന്നപോലെ ജനങ്ങളെല്ലാവരും ഈ പ്രദക്ഷിണത്തോടൊത്തു സഞ്ചരിക്കുന്നില്ല. അധികംപേരും അങ്കണത്തിനു ചുറ്റും നില്ക്കുകയേ ഉള്ളൂ. വൈദികർ, കന്യാസ്ത്രീകൾ, പ്രത്യേകം സംഘടിതരായി വരുന്ന തീർത്ഥകർ എന്നിങ്ങനെ 2000 പേരോളം ആ ഘോഷയാത്രയിൽ പങ്കെടുത്തിരുന്നു. ഇവരിൽ ചിലർ കൊടികളും പിടിച്ചിട്ടുണ്ടായിരിക്കും. ഞങ്ങൾ ചെന്നദിവസം, ബൽജിയത്തിലെ നാമൂർ എന്ന ദേശത്തുകാരായ ഒരു സംഘത്തിലെ സ്ത്രീജനങ്ങൾ പ്രത്യേക വേഷവിധാനങ്ങളോടും, വിശേഷപ്പെട്ട കൊടികളോടുംകൂടി ആ പ്രദക്ഷിണത്തിന്റെ മുന്നണിയിൽ നടന്നിരുന്നു. പ്രദക്ഷിണം പുറപ്പെട്ട് മിഖായേൽ ദൈവദൂതന്റെ പ്രതിമയെ ചുറ്റി ദേവാലയാങ്കണത്തിലെത്തുന്നു. കാലേക്കൂട്ടി രോഗികളെയെല്ലാം ദേവാലയാങ്കണത്തിന്റെ ഇരുവശങ്ങളിലായി കിടത്തിയിരിക്കും. പ്രധാനകാർമ്മികനായ മെത്രാൻ ഓരോ രോഗിയുടേയും സമീപത്തുചെന്ന് ഓരോരുത്തർക്കും വിശുദ്ധകുർബാനയുടെ ആശീർവ്വാദം കൊടുക്കും. ഇതിന് അധികസമയം വേണ്ടിവരും. ആ സമയത്തു്, "ഈ രോഗികൾക്കു സുഖംകൊടുക്കണമേ!" എന്ന് ഉച്ചഭാഷിണിയുടെ സഹായത്തോടുകൂടി പല ഭാഷകളിലായി പ്രാർത്ഥനനടന്നുകൊണ്ടിരിക്കും. അതിൽ എല്ലാവരും സംബന്ധിക്കുകയും ചെയ്യും. ഈ സമയത്താണ് അവിടെ അത്ഭുതങ്ങൾ അധികവും സംഭവിക്കുന്നതു്. അനന്തരം ജപമാലപ്പള്ളിയിലേക്കു കയറുന്നതിനുള്ള കല്പടകളിൽ സജ്ജീകരിച്ചിരിക്കുന്ന ബലിപീഠത്തിൽവച്ച് പരിശുദ്ധകുർബാനയുടെ വാഴ്വു നടത്തുന്നു. അതോടുകൂടി ഈ ചടങ്ങും അവസാനിക്കുന്നു. ഈ വിധത്തിൽ 14-ാം തീയതിയും 15-ാം തീയതിയും നടന്ന ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ സംബന്ധിക്കാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായി.

ലൂർദ്ദിൽ തീർത്ഥകരെ ആകർഷിക്കുന്ന മറ്റൊരു സംഗതി സ്ലീവാപ്പാത നടത്തുന്നതിനായി ചെയ്തിരിക്കുന്ന ഏർപ്പാടുകളാണ്. പള്ളികളുടെ സമീപത്തുനിന്നും മലയിലേക്കു കയറുന്നവഴിയിൽ സ്ലീവാപ്പാതയുടെ 14 സ്ഥലങ്ങളും സജ്ജീകരിച്ചിരിക്കുന്നു. ആൾവലിപ്പത്തിൽ ആവശ്യാനുസരണം വേണ്ട ഇരുമ്പുപ്രതിമകളാണ് ഓരോ സ്ഥലത്തും സ്ഥാപിച്ചിരിക്കുന്നതു്. ഓരോ സ്ഥലത്തിനുംവേണ്ട പ്രതിമകളുടെ സജ്ജീകരണങ്ങൾ ഓരോ രാജ്യക്കാരുടെ ചെലവിലാണ് നിർവഹിച്ചിട്ടുള്ളതു്. അവ നിർമ്മിച്ച കാലത്തു് ഓരോ സ്ഥലത്തെ പ്രതിമകൾക്കായും മറ്റും പതിനായിരത്തോളം രൂപാവീതം ചെലവായിട്ടുണ്ടെന്നാണ് കേട്ടതു്. സ്ലീവാപ്പാതയുടെ 14 സ്ഥലങ്ങളിലും ചെന്നെത്തുന്നതിന് ഒരു മണിക്കൂറോളം വേണ്ടിവരും. 14-ാമത്തെ സ്ഥലത്തു് ദിവ്യരക്ഷകനെ സംസ്കരിച്ചതായി കാണിക്കുന്നതു് പാറയിലുള്ള സ്വാഭാവികമായ ഒരു ഗുഹയിലാണ്.

ലൂർദ്ദു ഗുഹയിൽ ദേവമാതാവു ദർശനം നല്കിയ ഇടയബാലിക—ഇപ്പോൾ വിശുദ്ധ ബർണർദീത്താ—താമസിച്ചിരുന്ന ഗൃഹം ഇന്നും അന്നത്തെപ്പോലെ തന്നെ സൂക്ഷിച്ചിരിക്കുന്നുണ്ടു്. ലൂർദ്ദുഗുഹയിൽനിന്നും ഈ ഗൃഹത്തിലേക്ക് ഒരു മൈലോളം ദൂരം കാണും. കന്യകാമഠത്തിലേക്കു പോകുംമുമ്പ് വിശുദ്ധ ബർണർദീത്താ ഉപയോഗിച്ചിരുന്ന മുറിയും, വിശുദ്ധയുടെ മാതാപിതാക്കളുടെ മുറിയും മറ്റും തീർത്ഥകർ സന്ദർശിച്ചുവരുന്നുണ്ടു്. ഈ കന്യക ലൂർദ്ദുഗുഹയിൽ ദേവമാതാവിനെ ദർശിച്ചസമയം മുട്ടുകുത്തിയിരുന്ന സ്ഥലത്തു് 1858 എന്ന് ആ വർഷം രേഖപ്പെടുത്തിയിരിക്കുന്നതുകാണാം. എട്ടുവർഷംകൂടി കഴിഞ്ഞാൽ ആ ദർശനത്തിന്റെ ഒരു ശതാബ്ദം പൂർത്തിയാകും.

യൂറോപ്പിലെ, വിശിഷ്യ ഫ്രാൻസിലെ, പല സ്ത്രീകളുടെയും വസ്ത്രധാരണരീതി തീരെ അടക്കവും ഒതുക്കവുമില്ലാത്തതാണ്. പള്ളിക്കകത്തു വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനുപോലും തലമറയ്ക്കാതെ അണയുന്നവരുണ്ടു്. എന്നാൽ ലൂർദ്ദിലെ സ്ഥിതി അതിൽനിന്നും വ്യത്യസ്തമാണെന്നുള്ളതു സന്തോഷാവഹമാണ്. പള്ളിപ്പരിസരങ്ങളിലേക്കു കടക്കുമ്പോൾതന്നെ, വനിതകൾ തല മറച്ചിട്ടില്ലെങ്കിൽ അക്കാര്യം പ്രത്യേകം ഓർപ്പിക്കുന്നതിനു ഗേറ്റിൽ ആളുകളെ നിറുത്തിയിട്ടുണ്ടു്. എന്റെ ഭാര്യ സാരി ധരിച്ചിരുന്നതുകൊണ്ടു ഞങ്ങൾക്കു യൂറോപ്പിൽവച്ചു പല ആനുകൂല്യങ്ങളും ലഭിച്ചു. ലൂർദ്ദിലും ആ അനുഭവമുണ്ടായി. പലരും ഞങ്ങളുടെ, പ്രത്യേകിച്ച് ഭാര്യയുടെ, ഫോട്ടോ എടുത്തു. സിനിമാചിത്രമെടുത്തവരുമുണ്ടു്. ചിലർ എടുത്ത പടം ഞങ്ങളുടെ താമസസ്ഥലത്തുകൊണ്ടുവന്നു തരികയും ചെയ്തു. ഫാദർ ജോനാസിന് ഗുഹയിലുള്ള ബലിപീഠത്തിൽ ദിവ്യപൂജയർപ്പിക്കുന്നതിന് ഒന്നുരണ്ടുതവണ അനുവാദം ചോദിച്ചിട്ടും, മെത്രാന്മാരുടെയും മോൺസിഞ്ഞോറന്മാരുടെയും ബഹുലംനിമിത്തം സാധിക്കുകയില്ലെന്ന് അഡ്മിനിസ്ട്രേറ്റർ ഒഴികഴിവുകൾ പറഞ്ഞുമാറുകയാണുണ്ടായതു്. ആഗസ്റ്റ് 15-ാം തീയതി ലൂർദ്ദുമെത്രാൻ ദേവാലയാങ്കണത്തിൽവച്ച് പാട്ടുപൂജയും നടത്തികഴിഞ്ഞു് ഉച്ചഭക്ഷണത്തിനായി അഡ്മിനിസ്ട്രേറ്ററുടെ വസതിയിലേക്കു പോകയായിരുന്നു. സ്ലീവാപ്പാതയും കഴിഞ്ഞു മടങ്ങിവരവേ, ഞങ്ങൾ അദ്ദേഹത്തെയും മറ്റും അവിടെവച്ചു കണ്ടുമുട്ടി. ഞങ്ങൾ ചെന്നു മെത്രാനച്ചന്റെ കൈമുത്തി. മൂന്നുദിവസമായി അവിടെ സഞ്ചരിച്ചിരുന്ന ഞങ്ങളെ പലപ്പോഴും കണ്ടിരിക്കാനിടയുള്ള അഡ്മിനിസ്ട്രേറ്റർ അപ്പോൾ, ഫാദർ ജോനാസിനെ വിളിച്ച് 6 മണിക്കു വന്നാൽ പൂജയ്ക്കു സൗകര്യമുണ്ടോ എന്നു നോക്കാമെന്ന് ആദ്യം പറഞ്ഞെങ്കിലും, പിന്നീട്, പിറ്റേദിവസം രാവിലെ അഞ്ചരമണിക്കു പൂജചൊല്ലിക്കൊള്ളുവാൻ കുറിപ്പെഴുതിക്കൊടുക്കുകയാണുണ്ടായതു്. ഈ ആനുകൂല്യത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതു് എന്റെ ഭാര്യയുടെ സാരിയാണെന്നുള്ളതിൽ എനിക്ക് അശേഷം സംശയമില്ല. ഇങ്ങനെ ആഗസ്റ്റ് 16-ാം തീയതി ഫാദർ ജോനാസിന് ലൂർദ്ദുഗുഹയിലെ അൾത്താരയിൽ പൂജയർപ്പിക്കുന്നതിനും, എനിക്ക് അതിൽ സഹായിക്കുന്നതിനും ഭാഗ്യമുണ്ടായി.

ലൂർദ്ദ് ഒരു തീർത്ഥകനഗരം മാത്രമാണ്. ഏതു തെരുവിലേക്കു തിരിഞ്ഞാലും തീർത്ഥയാത്രക്കാർക്കു താമസിക്കാൻ സൗക


## ഫെഡറൽ ബാങ്ക് ക്ലിപ്തം

**ആലുവാ.**

എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി.

**ഡെപ്പോസിററ് പലിശനിരക്ക്**

| | |
|---|---|
| കറൻറ് ½% | സ്ഥിരം 1 കൊല്ലം 4½% |
| സേവിംഗ്സ് 3% | " 2 കൊല്ലം 5% |
| 15 ദിവസത്തെനോട്ടീസ് ഡെപ്പോസിററ് 4% | " 3 കൊല്ലം 5½% |
| 7 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 2½% | |

സ്വർണ്ണപ്പണയത്തിന്മേലും, മററ് അംഗീകൃതചരക്കുകളുടെ ലോണിന്മേലും പണം കടം കൊടുക്കുന്നതാണ്.

# പരിശുദ്ധജനനി പാരീസിൽ

(പോൾ തച്ചിൽ എം. എ.)




അത്ഭുത

കാശുരൂപം

അന്നു വി. കാതറയിൻ ലബോർ ഒരു നവസന്യാസിനിയായി പാരീസിലെ "ഉപവിയുടെ പുത്രികൾ" എന്നറിയപ്പെട്ടിരുന്ന സംഘത്തിൻെറ മാതൃഭവനത്തിൽ കഴിച്ചുകൂട്ടുകയായിരുന്നു. പല പ്രാവശ്യം വിൻസെൻറ് ഡി പോൾ പുണ്യവാനെ വിശുദ്ധൻെറ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരുന്ന സ്ഥലത്തും, നമ്മുടെ ദിവ്യരക്ഷകനെ തിരുസക്രാരിയുടെ മുൻപിലായി ദിവ്യബലിയുടെ സമയത്തും ദർശിക്കുവാനുള്ള ഭാഗ്യം അവർക്കുണ്ടായി. എങ്കിലും പരിശുദ്ധ കന്യകാമറിയത്തെ കാണണമെന്നുള്ള അവരുടെ തീവ്രമായ ആഗ്രഹം ശേഷിക്കതന്നെ ചെയ്തു. അതും ദൈവം അനുവദിച്ചു. 1830-ൽ ജൂലായിമാസത്തിനും ഡിസംബറിനും മദ്ധ്യേ മൂന്നു അവസരങ്ങളിൽ ലബോറിനു് മാതാവു് പ്രത്യക്ഷപ്പെട്ടു.

ആദ്യത്തെ ദർശനം നടന്നതു് വി. വിൻസെൻറ് ഡി പോളിൻെറ തിരുനാളിനു തലേദിവസമായിരുന്നു. "സിസ്റ്റർ ലബോർ! സിസ്റ്റർ ലബോർ! സിസ്റ്റർ ലബോർ!", എന്ന സ്വരം വ്യക്തമായി കേട്ടു് ആ നവസന്യാസിനി പെട്ടെന്നുണർന്നു. അപ്പോൾ ഘടികാരം പതിനൊന്നര അടിക്കുന്ന ശബ്ദം അവർ ശ്രവിച്ചു. അല്പം ദൂരെയായി ആ മുറിയിൽ നാലഞ്ചുവയസ്സു പ്രായം തോന്നിക്കുമായിരുന്ന ഒരു കുട്ടിയെ പ്രശോഭിച്ചിരുന്ന കിരണങ്ങൾക്കിടയിൽ കാതറയിൻ കാണുകയുണ്ടായി. അവരുടെ കാവൽമാലാഖയായിരുന്നു അതു്. "കപ്പേളയിലേക്കു വരിക. പരിശുദ്ധകന്യക അവിടെ കാത്തു നില്ക്കുന്നു", എന്നു മാലാഖാ അറിയിച്ചു. കാതറയിൻ, ആദ്യം സംശയിച്ചെങ്കിലും, ആ അരൂപി അവളെ പൂർണ്ണമായി ബോദ്ധ്യപ്പെടുത്തുകയാൽ, അത്ഭുതകരമായി ദേവാലയത്തിലേക്കു് ആനയിക്കപ്പെട്ടു. അവിടെ സാധാരണയായി വൈദികോപദേഷ്ടാവു് ഉപയോഗിക്കാറുള്ള കസേരയുടെ അരികിൽ മുട്ടുകുത്തി. അല്പസമയംകഴിഞ്ഞു് പരിശുദ്ധ കന്യക വന്നു് ആ കസേരയിൽ ഇരിക്കുകയുണ്ടായി. ആത്മാർത്ഥമായ തൻെറ പ്രാർത്ഥന സ്വീകരിക്കപ്പെട്ടല്ലോ എന്നുള്ള സന്തോഷത്തോടുകൂടി ഇരുകൈകളും മാതാവിൻെറ മുട്ടുകളിൽ വെച്ചുകൊണ്ടായിരുന്നു സംഭാഷണമാരംഭിച്ചതു്. പല കാര്യങ്ങളും അറിയിച്ചതോടുകൂടിത്തന്നെ മാതാവിൻെറ പ്രധാന ആഗമനോദ്ദേശം, ദൈവം തിരുമനസ്സായിരുന്ന ഒരു ചുമതല ആ സന്യാസിനിയെ ഏല്പിക്കുകയായിരുന്നു എന്നു പരിശുദ്ധ കന്യക വ്യക്തമാക്കി. "നീ വളരെ സഹിക്കേണ്ടിവരും. എന്നാൽ അതെല്ലാം ഈശ്വരസ്തുതിക്കാണെന്നു ഓർത്തുകൊള്ളുക..... ബലിപീഠത്തിനു സമീപെ വരിക. അവിടെ നിൻെറ മേലും, കുബേരകുചേലവ്യത്യാസമെന്യെ പ്രാർത്ഥിക്കുന്ന എല്ലാവരുടെമേലും അനുഗ്രഹങ്ങൾ വർഷിക്കപ്പെടും."

നവംബർ 27, 1830. ഉച്ചകഴിഞ്ഞു അഞ്ചരമണി! കാതറയിൻ സഹോദരി പരിപൂർണ്ണനിശ്ശബ്ദതയിൽ ധ്യാനിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നു പട്ടുവസ്ത്രം ഇളകുന്ന ശബ്ദംകേട്ടു പുറകോട്ടുതിരിഞ്ഞപ്പോൾ പരിശുദ്ധ കന്യക ദേവാലയത്തിൻെറ വലതുഭാഗത്തു വി. യൗസേപ്പുപിതാവിൻെറ ചിത്രത്തിനരികിൽ നില്ക്കുന്നതായി കാണപ്പെട്ടു. സാധാരണപൊക്കം, അതിരററശോഭ ഇതൊക്കെയായിരുന്ന ദർശനത്തിൻെറ ബാഹ്യപ്രകൃതികൾ. കാതറയിൻെറ വാക്കുകൾതന്നെ ഉദ്ധരിക്കാം. "പരിശുദ്ധ കന്യക ഒരു സ്വർണ്ണവർണ്ണകുപ്പായമായിരുന്നു ധരിച്ചിരുന്നതു്. കഴുത്തു ദീർഘിച്ചതും, ഉടുപ്പിൻെറ കൈയററം സാധാരണവുമായിരുന്നു. വെള്ളനിറത്തിലായിരുന്ന മേലങ്കി കാലടികൾവരെ നീണ്ടുകിടന്നിരുന്നു. നെററി കുമിതെ കാണാമായിരുന്ന തലമുടി വളരെ മൃദുവായി തോന്നി. അരികിൽ ലേസോടുകൂടിയിരുന്ന ശിരോവസ്ത്രം പററിക്കിടന്നിരുന്നു. മുഖം ഭാഗികമായേ ആച്ഛാദനംചെയ്യപ്പെട്ടിരുന്നുള്ളു. ഒരു ഗോളത്തിന്മേലോ, ഒരു അർദ്ധഗോളത്തിന്മേലോ ആണു് നിന്നിരുന്നതു്. (ഗോളത്തിൻെറ പകുതിയെങ്കിലും ഞാൻ കണ്ടു.) കണ്ണുകൾ സ്വർഗ്ഗത്തിലേക്കു് ഉയർത്തപ്പെട്ടിരുന്ന സമയംതന്നെ വേറൊരു ഗോളം നെഞ്ചിൽ അമർത്തിപ്പിടിച്ചിരുന്നു."

വി. കാതറയിൻ പരിശുദ്ധ ജനനിയുടെ കൈകളിലുണ്ടായിരുന്ന ഗോളത്തെ നോക്കിക്കൊണ്ടിരുന്നപ്പോൾ അതു് അപ്രത്യക്ഷപ്പെട്ടു. ഉടനെതന്നെ മറിയത്തിൻെറ കീഴ്പ്പോട്ടു് വിരിച്ചുപിടിച്ചിരുന്ന കൈവിരലുകളിൽ വിലയേറിയ രത്നങ്ങൾ പതിച്ചിട്ടുള്ള മോതിരങ്ങൾ ദർശനീയങ്ങളായി. അവയിൽനിന്നുപുറപ്പെട്ടിരുന്ന കിരണങ്ങൾ അമലോത്ഭവമറിയം പ്രാർത്ഥിക്കുന്നവർക്കു് കൊടുക്കുന്ന അനുഗ്രഹങ്ങളുടെ അടയാളമായിരുന്നു. സിസ്റ്റർ കാതറയിൻ ഇപ്രകാരം പറയുന്നു: "പരിശുദ്ധകന്യകയ്ക്കു ചുററുമായി ഏറെക്കുറെ ദീർഘവൃത്താകൃതിയിലുള്ള ഒരു "ചട്ടം" കാണപ്പെട്ടു. അതിൽ സ്വർണ്ണലിപികളിൽ ഇപ്രകാരം എഴുതപ്പെട്ടിരുന്നു: "അമലോത്ഭവയായ ഓ! മറിയമേ, അങ്ങേ ആശ്രയിക്കുന്ന ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ." "ഇതുപോലെയുള്ള ഒരു കാശുരൂപം നിർമ്മിക്കുക," എന്നൊരു ശബ്ദം തൽക്ഷണം കേൾക്കാറായി. "അതു ആശീർവ്വദിച്ചു ധരിക്കുന്നവർക്കു്—പ്രത്യേകിച്ചു കഴുത്തിൽ ധരിക്കുന്നവർക്കു്—വലിയ അനുഗ്രഹങ്ങൾ കൊടുക്കും; വിശ്വാസമുള്ളവർക്കു് നിരവധി ദാനങ്ങൾ ലഭിക്കും." പിന്നീടു ചിത്രത്തിൻെറ മറുഭാഗമാണു് കണ്ടതു്. M എന്ന അക്ഷരവും കുരിശാകൃതിയും ഒന്നിച്ചിരുന്നു. അടിയിൽ ഒരു വരയും അതിൻെറ അധോഭാഗത്തു് ഈശോയുടെയും മാതാവിൻെറയും തിരുഹൃദയങ്ങളും ഉണ്ടായിരുന്നു. ആദ്യത്തേതു മുൾക്കിരീടത്താൽ ആവരണം ചെയ്യപ്പെട്ടും, രണ്ടാമത്തേതു് വാളാൽ കുത്തപ്പെട്ടുമിരുന്നു.

ആ വർഷാവസാനത്തിനു അല്പം മുമ്പായി മാതാവു് വി. കാതറയിനു് മൂന്നാമതും പ്രത്യക്ഷയായി. ഇതു് രണ്ടാമത്തെ പ്രാവശ്യത്തേപ്പോലെതന്നെ ദേവാലയത്തിൽവച്ചു് ഒരു സായംകാലത്തിലായിരുന്നു. പക്ഷെ ഇത്തവണ മാതാവു് യൗസേപ്പുപുണ്യവാൻെറ ചിത്രത്തിൻെറ സമീപത്തിലായിരുന്നില്ല. അതിനു പകരം കുറേക്കൂടി മുൻപോട്ടുപോയി പരിശുദ്ധ സക്രാരിയുടെ പുറകിൽ ഇന്നു മാതാവിൻെറ സ്വരൂപം നില്ക്കുന്നിടത്താണു് പ്രത്യക്ഷപ്പെട്ടതു്. ഒരിക്കൽക്കൂടി പരിശുദ്ധകന്യക കാശുരൂപത്തിൻെറ വിവരണം നല്കുകയും, അപ്രകാരം മുദ്രണം ചെയ്തു ലോകത്തിലെവിടെയും പ്രചരിപ്പിക്കുവാൻ കല്പിക്കുകയും ചെയ്തു. ആ ദർശനത്തെക്കുറിച്ചു വി. കാതറയിൻ ഇപ്രകാരം പറയുന്നു: "പരിശുദ്ധകന്യക ലോകത്തെ നമ്മുടെ രക്ഷകനു് സമർപ്പിച്ചപ്പോൾ ഞാൻ ഗ്രഹിച്ചവ പറയുവാൻ വിഷമമാണു്. ഞാൻ എൻെറ ഹൃദയാന്തർഭാഗത്തു് ഇപ്രകാരം ശ്രവിച്ചു: ഈ കിരണങ്ങൾ, ആവശ്യപ്പെടുന്നവർക്കുവേണ്ടി പരിശുദ്ധകന്യക സമ്പാദിക്കുന്ന അനുഗ്രഹങ്ങളുടെ അടയാളമാണു്." എന്നിട്ടു് എല്ലാം അപ്രത്യക്ഷമായി. ഞാൻ സന്തോഷംകൊണ്ടും, ആഹ്ലാദംകൊണ്ടും സംപൂർണ്ണയായി."

1832-ൽ മാത്രമാണു് പാരീസിലെ മെത്രാപ്പോലീത്താ ഈ ദർശനങ്ങൾ വിശ്വസനീയങ്ങളാണെന്നു് അംഗീകരിച്ചതു്. അവ നടന്നിട്ടു രണ്ടു വർഷങ്ങൾക്കുശേഷമേ വി. കാതറയിൻെറ ആഗ്രഹാനുസരണം പ്രസ്തുത മെഡൽ ഉണ്ടാക്കുന്നതിനും ലോകത്തിൻെറ നാനാഭാഗങ്ങളിലും വിതരണം ചെയ്യുന്നതിനും സാധിച്ചുള്ളു. ഇന്നു പാശ്ചാത്യരാജ്യങ്ങളിൽ "അത്ഭുത കാശുരൂപം" എന്നു് അതു് അറിയപ്പെടുന്നതിനുള്ള കാരണം അതു ധരിക്കുന്നവർക്കു് ലൗകികങ്ങളും, ആത്മീയങ്ങളുമായ നിരവധി ദൈവദാനങ്ങൾ ലഭിക്കുന്നു എന്നുള്ളതാണു്. നമ്മുടെ മരിയാസഖ്യാംഗങ്ങൾ ഉപയോഗിക്കുന്നതു് ഈ കാശുരൂപമാണെന്നും, അതു ലോകത്തിനു പ്രദാനംചെയ്ത കന്യകയുടെ വിശുദ്ധ ശരീരം ഇന്നും പാരീസിലെ ദർശനങ്ങളുടെ കപ്പേളയിൽ അക്ഷയമായി സ്ഥിതിചെയ്യുന്നുവെന്നും അവർ എല്ലാവരും അറിയുന്നുണ്ടോ?

(അടുത്തതിൽ "ലാ സലേററു്" പുണ്യപർവ്വതം.)

## കൃതജ്ഞത



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു കൃതജ്ഞത.

പി. കെ. മത്തായി, പുല്ലാപ്പള്ളിൽ

Strive to See
A Streak of
Sunlight
in your Cloudy Days

By Banking with your own Bank
The Catholic Bank of India Ltd.,
(Estd. in 1938)
H. O. Changanacherry, S. India

Branches:— Alleppey, Athirampuzha, Calicut, Changanacherry, Edathua, Kanjirapally, Kottayam, Manimala, and Trivandrum.

Fixed Deposits and Savings Bank Accounts are accepted on attractive rates of Interest from 3% to 5½%. For further particulars apply to our Head Office or Branches.

പുസ്തകാഭിപ്രായം

## ഡോൺബോസ്കോ

(ഒരു പ്രഹസനം. പ്രണേതാവു്: റവ ഫാദർ ജോസഫ് മണ്ണനാൽ, പക്ഷം: 72 വില 6ണ. സെൻറു് ജോസഫ്സ് പ്രസ്സ്, മാന്നാനം)

ഡോൺ ബോസ്കോയുടെ കുട്ടിക്കാലം മുതൽ മരണംവരെയുള്ള ചില രസകരമായ സംഭവങ്ങൾ തേടിപ്പിടിച്ചു തുടർച്ചയായി എഴുതിയിട്ടുള്ള ഒരു സംഗീത പ്രഹസനമാണു ഡോൺ ബോസ്കോ. "സുപ്രതീക്ഷാവിജയം" ഡോൺബോസ്കോയുടെ ജീവചരിത്രത്തിലെ ഒരു ഭാഗം മാത്രമേ പ്രതിപാദിക്കുന്നുള്ളൂ. ആ കുററം പരിഹരിക്കാനാണു ഡോൺ ബോസ്കോയുടെ ജീവിതത്തെ അധികരിച്ചു് ഈ പ്രഹസനം എഴുതിയതെന്നു ഗ്രന്ഥകാരൻ പറയുന്നു. ഫാദർ സക്കറിയാസ് ഡോൺബോസ്കോയെ ഭ്രാന്താലയത്തിലേക്കു കൊണ്ടുപോകുവാൻ ശ്രമിക്കവേ, അദ്ദേഹംതന്നെ ഭ്രാന്താലയത്തിൽ ആനയിക്കപ്പെടുന്നതും, ഒരു വൃദ്ധയുടെ സംഭാഷണവും, മദ്യപരായ മൂന്നു കള്ളന്മാരെ മാനസാന്തരപ്പെടുത്തുന്നതും, ഡോൺബോസ്കോയെ വേദോപദേശ ക്ലാസിൽവച്ചു ശത്രുക്കൾ വെടിവയ്ക്കുന്നതും, ഒപ്രുത്രമയ്ക്കു വിളിച്ചുകൊണ്ടുപോയി അദ്ദേഹത്തെ ഗദകൊണ്ടു് അടിക്കുന്നതും, പിശാചുക്കൾ ഡോൺബോസ്കോയെ വഞ്ചിക്കുവാൻ സംഘം കൂടുന്നതും രസകരമായ രംഗങ്ങളാണു്. ശരിയായി അഭിനയിച്ചാൽ സുകൃതജീവിതത്തോടു താല്പര്യവും ആനന്ദവും ഉണ്ടാകും. സംഭാഷണത്തിൽ വലിയ ഫലിതമൊന്നുമില്ല; എന്നാൽ ഡോൺബോസ്കോ അഭിമുഖീകരിച്ച സാഹചര്യവിശേഷങ്ങളെന്ന നിലയിൽ പല രംഗങ്ങൾക്കും നിഗൂഢമായ ഒരാസ്വാദ്യതയുണ്ടു്. എല്ലാ രംഗങ്ങളുംകൂടി ഉൾപ്പെടുത്തിയാൽ കഥാപാത്രങ്ങൾ നിരവധി രംഗത്തു കയറുകയും ഇറങ്ങുകയും ചെയ്യേണ്ടിവരും. സംഭവബഹുലമായ ഒരു ജീവിതം മുഴുവനും ഇതിവൃത്തമായ ഒരു പ്രഹസനം അങ്ങനെ വരാനേ നിവൃത്തിയുള്ളൂ. ഭക്തിരസതല്പരരായവർക്കു് "ഡോൺബോസ്കോ" പററിയ ഒരു പ്രഹസനമായിരിക്കും. കത്തോലിക്കാ നാടകവേദിയെ സഹായിക്കുവാൻ ഫാദർ മണ്ണനാൽ ചെയ്തിരിക്കുന്ന ശ്രമത്തെ എല്ലാവരും പ്രോത്സാഹിപ്പിക്കേണ്ടതു തന്നെ.

T. M.

## രണ്ടു ഗ്രന്ഥങ്ങൾ

വിശുദ്ധ പത്രോസിൻെറ ശവകുടീരത്തെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന രണ്ടു ഗ്രന്ഥങ്ങൾ വത്തിക്കാനിൽനിന്നും അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുന്നതാണു്. 10 വർഷം തുടർച്ചയായി നടത്തിയ ഗവേഷണങ്ങളുടെ ഫലമായിട്ടാണു് ഈ ശവകുടീരം കണ്ടുപിടിച്ചതു്.

യ്ക്കപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളും, മതപരമായ സാധനസാമഗ്രികൾ വില്ക്കുന്ന ഷാപ്പുകളും മാത്രമേ കാണ്മാനുള്ളൂ. ഇപ്രകാരമുള്ള സാമഗ്രികൾ റോമിൽ തന്നെയും ഇത്ര അധികമായി കാണുമോ എന്നു സംശയമാണു്. 1914-ൽ ഞാൻ ആദ്യമായി ലൂർദ്ദ് സന്ദർശിച്ച അവസരത്തിൽ ലൂർദ്ദ് റയിൽവേസ്റ്റേഷനിൽ എത്തുംമുമ്പായി, ദേവമാതാവു കാണപ്പെട്ട ഗുഹാപ്രദേശവും പള്ളികളുമെല്ലാം തീവണ്ടിയിൽനിന്നുതന്നെ ഒററനോട്ടത്തിൽ കാണാമായിരുന്നു. അതു് മനോഹരമായ ഒരു കാഴ്ചയുമായിരുന്നു. ഇന്നാകട്ടെ, റയിൽപ്പാതയ്ക്കും മുൻപറഞ്ഞ സ്ഥലങ്ങൾക്കും ഇടയ്ക്കു് കെട്ടിടങ്ങളുടെ ബാഹുല്യംനിമിത്തം തീവണ്ടിയിൽനിന്നു് അപ്രകാരമുള്ള കാഴ്ച കാണുവാൻ കഴിയുന്നില്ല. യൂറോപ്പിൽ പല സ്ഥലങ്ങളിലും ഞങ്ങൾ സഞ്ചരിച്ചെങ്കിലും ലൂർദ്ദിനെപ്പോലെ ഞങ്ങൾക്കു മനശ്ശാന്തി പ്രദാനം ചെയ്ത പ്രദേശം മറെറാന്നില്ല. ഇതരപ്രദേശങ്ങളെ അപേക്ഷിച്ചു് കൂടുതൽ മതപരവും പരിശുദ്ധവുമായ ഒരു അന്തരീക്ഷത്തിൻെറ പ്രതീതി അവിടെ ആർക്കും അനുഭവപ്പെടുകതന്നെ ചെയ്യും.

# "5 പ്രധാന നഗരങ്ങളിൽ"

"ദക്ഷിണകേരളത്തിലെ അഞ്ചു പ്രധാന നഗരങ്ങളിൽ ഇയ്യിടെ നടത്തിയ ഒരു പരിശോധനയിൽ 35000 ആളുകൾ ക്ഷയരോഗികളാണെന്നു കണ്ടിരിക്കുന്നു. ഒട്ടാകെ പരിശോധിച്ച 129507 പേരിൽ 31921 പേക്കും രോഗബാധയുണ്ടെന്നാണു് കണ്ടതു്." ഈ റിപ്പോർട്ടു് 9-10-50-ൽ തിരുവനന്തപുരത്തുനിന്നും അയച്ചതായി തൃശ്ശൂർനിന്നും പുറപ്പെടുന്ന 10-10-50-ലെ ഒരു പത്രത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ളതാണു്.

ഇന്ത്യാരാജ്യത്തു് ദിനംപ്രതി 1400 പേർവീതം (മിനിററിൽ ഒരാൾവീതം) ക്ഷയരോഗം മൂലം മരിക്കുന്നുണ്ടെന്നും ക്ഷയരോഗനിവാരണാർത്ഥം ഗവമ്മേണ്ടിൽനിന്നു ഊർജ്ജിതമായ പരിശ്രമങ്ങൾ ചെയ്തുവരുന്നുണ്ടെന്നും പത്രറിപ്പോർട്ടുകളിൽനിന്നും നാം അറിയുന്നുണ്ടു്. ഇപ്രകാരം മനുഷ്യവർഗ്ഗത്തെ നാനാവിധേന അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്ന "ക്ഷയരോഗം" യാതൊരു മുന്നറിയിപ്പും കൂടാതെ ആരേയും പൊടുന്നനവെ ആക്രമിച്ചുകാണുന്നില്ലാ. അതായതു് ഒരു പ്രഭാതത്തിൽ ക്ഷയരോഗബാധിതൻ എന്ന പേരോടുകൂടി എഴുന്നേല്ക്കുന്നവരായി നാം ആരേയും കാണുന്നില്ലാ.

ഞങ്ങൾ അനവധി ക്ഷയരോഗികളെ പരിശോധിച്ചതിന്റെ ഫലമായി ക്ഷയരോഗി എന്നു പേർവിളിക്കുന്നതിനുമുമ്പു് ചില അടയാളങ്ങൾ അഥവാ ചില ലക്ഷണങ്ങൾ ഇവരിൽ കുറെ മുൻപെ മുതൽ ഉണ്ടായിരുന്നതായി അറിയുവാൻ സാധിച്ചിട്ടുണ്ടു്. ദേഹത്തിലെ അഗ്ന്യാംശം (ചൂടു്) വർദ്ധിച്ചതു മുതൽ തുടങ്ങിയിരുന്നവയാണു് ഈ ലക്ഷണങ്ങൾ എന്നു അറിയുവാൻ സാധിച്ചിട്ടുള്ളവർ അപൂർവ്വമാണു്. മാത്രമല്ലാ ദേഹത്തിലെ ചൂടു് ക്രമംവിട്ടു് വർദ്ധിക്കുവാനുള്ള കാരണങ്ങൾ അറിയുവാൻ സാധിച്ചിട്ടുള്ളവരും വളരെ അപൂർവ്വമാണു്.

ശരീരംകൊണ്ടും മനസ്സുകൊണ്ടും ക്രമത്തിലധികം അദ്ധ്വാനിക്കുക, പോഷകാംശങ്ങൾ അടങ്ങിയ ആഹാരങ്ങൾ ആവശ്യമുള്ളേടത്തോളം കഴിക്കായ്ക. ഉറക്കമൊഴിക്കുക, എരിവു്, പുളി, ഉപ്പു് എന്നീ രസങ്ങളുള്ളവയും മദ്യം, ചായ, കാപ്പി തുടങ്ങിയവകളുമായ ഉഷ്ണവീര്യങ്ങളുള്ള ആഹാരദ്രവ്യങ്ങളുടെ അമിതോപയോഗം, മുറുക്കൽ, പുകവലി, പൊടിവലി, തീച്ചൂടു് തുടങ്ങിയ പല കാരണങ്ങൾകൊണ്ടുമാണു് ദേഹത്തിലെ ചൂടു് വർദ്ധിച്ചു കഫവും സപ്തധാതുക്കളും ദിനംപ്രതി ഉരുകിയും ദുഷിച്ചും ക്ഷയിക്കുന്നതു്. ഇപ്രകാരം ദേഹത്തിലെ കഫവും ധാതുക്കളും ക്ഷയിച്ചുതുടങ്ങുമ്പോഴും അനുഭവപ്പെട്ടു തുടങ്ങുന്ന ലക്ഷണങ്ങളെയാണു് ക്ഷയാരംഭലക്ഷണങ്ങൾ എന്ന പേരിൽ താഴെ ചേർക്കുന്നതു്.

## ക്ഷയാരംഭലക്ഷണങ്ങൾ

| | | |
|---|---|---|
| ശോധനക്കുറവു് | കിതപ്പു് | നെഞ്ചു് പള്ള വേദന |
| വയറുവീക്കൽ | ഏങ്ങൽ | മലം നേർമ്മയായി പോക |
| അധികവിയർപ്പു് | കഴുത്തുകഴപ്പു് | ഇടക്കിടെ നീർവീഴ്ച |
| വിളർപ്പു് | ദുസ്വപ്നങ്ങൾ | ശുക്ലസ്രാവം |
| ഇടക്കു ചുമ | മൂത്രാധിക്യം | ദേഹം മെലിയുക |
| വയറുകത്യാളിച്ച | നേരിയപനി | നെഞ്ചു എരിച്ചിൽ |
| പുളിച്ചുതികട്ടുക | ദാഹം | വേഗം കോപം വരിക |
| മൂലക്കുരു | ശ്വാസംമുട്ടൽ | കീഴ്വായു തടസ്സം |
| ഉറക്കക്കുറവു് | മൂത്രം ചൂടും ചുവപ്പും | തൊണ്ടയിൽ കഫം തടയുക |
| ദീപനക്ഷയം | അസ്ഥിസ്രാവം | കഠിനമായി മലം വരളുക |
| ഒച്ചയടപ്പു് | നെഞ്ചിടിപ്പു് | (ഹൃദയസ്പന്ദനം വർദ്ധിക്കുക) |

മുകളിൽ ചേർത്തിരിക്കുന്ന ക്രമത്തിൽ ഒന്നിനുപുറകെ ഒന്നായിട്ടല്ലെങ്കിലും ഈ ലക്ഷണങ്ങളിൽ പലതും ക്രമേണ ഉത്ഭവിച്ചു് അവയുടെ എണ്ണം വർദ്ധിച്ചതിനുശേഷമാണു് ക്ഷയരോഗിയെന്നു് പേർ സിദ്ധിക്കുന്നതു്.

രാജയക്ഷ്മാവു് എന്നു് അപരനാമമുള്ള "ക്ഷയരോഗം" ബാധിക്കാതിരിപ്പാൻ ഒന്നാമതായിവേണ്ടതു് ദേഹത്തിലെ അഗ്ന്യാംശം ക്രമം വിട്ടുവർദ്ധിക്കുവാൻ ഇടവരുന്ന സാഹചര്യങ്ങളെ അകറ്റുകയാണു്. രണ്ടാമതായിവേണ്ടതു്: പൂർവ്വികന്മാരിൽനിന്നു സിദ്ധിച്ചിട്ടുള്ള ദേഹപ്രകൃതി വ്യത്യാസംകൊണ്ടൊ തങ്ങളുടെ ശ്രദ്ധക്കുറവുകൊണ്ടൊ ദേഹത്തിലെ അഗ്ന്യാംശം വർദ്ധിച്ചിട്ടുള്ളവരിൽ "ക്ഷയാരംഭലക്ഷണങ്ങൾ" കണ്ടുതുടങ്ങിയാൽ ഉടനെ ദേഹത്തിലെ ഭൂമിജലാംശങ്ങളെ—സൌമ്യാംശത്തെ—കഫത്തെ—സപ്തധാതുക്കളെ ക്രമേണ വർദ്ധിപ്പിച്ചു് ദേഹത്തിലെ പഞ്ചഭൂതാംശങ്ങളെ സൃഷ്ടിനിയമംപോലെ ക്രമീകരിപ്പാനുള്ള ആഹാരവിഹാരാദികളെ നിയന്ത്രണശീലിച്ചു് ദേഹത്തിലെ അഗ്ന്യാംശം വർദ്ധിക്കുവാൻ ഇടവരാതെ ശ്രദ്ധിക്കുകയാണു്.

ക്ഷയാരംഭലക്ഷണങ്ങൾക്കും, ക്ഷയരോഗത്തിന്നും, വയറുവേദന, പ്രമേഹം, തുടങ്ങിയ മററനേകം രോഗങ്ങൾക്കും സിദ്ധൌഷധങ്ങളാണെന്നുള്ളതിനു് അനേകം അനുഭവസാക്ഷ്യങ്ങൾ ലഭിച്ചിട്ടുള്ളതിൽനിന്നു ഇതൊടൊപ്പം പ്രസിദ്ധപ്പെടുത്തുന്ന 75-ാംനമ്പ്ര് അനുഭവസാക്ഷ്യത്തിൽ പറയുന്ന 3 ഔഷധങ്ങളുടെ വിലകളും അവ കിട്ടുന്ന സ്ഥലങ്ങളും താഴെ ചേർക്കുന്നു. ഉപയോഗക്രമങ്ങൾ അടങ്ങിയ ബുക്കും ആവശ്യപ്പെടുന്നവക്കു് മരുന്നുകളോടുകൂടി ലഭിക്കുന്നതാണു്.

| | | |
|---|---|---|
| നിംബാസവം 18 ഔ. | കുപ്പി | 2—0—0 |
| ദ്രാക്ഷാഘൃതം (25 ക. തൂക്കം) | കുപ്പി | 4—8—0 |
| ശാരിബാതൈലം 18 ഔ. | കുപ്പി | 3—8—0 |

ഈ വിലപ്രകാരം താഴെ പറയുന്ന സ്ഥലങ്ങളിൽ കിട്ടുന്നതാണു.

1. തൃശ്ശൂർ—കാളൻ ആയുർവ്വേദിക് ഫാർമ്മസി സെയിൽസ് ഡെപ്പോ' ഫ്രാൻസീസ് ബിൽഡിങ്ങ്സ് (ചെട്ടിയങ്ങാടി)
2. ഇരിങ്ങാലക്കുട — M/s മേനോൻ & കമ്പനി (പോസ്റ്റാഫീസിനു സമീപം.)
3. കാട്ടൂർ—M/s ഹിന്ദുസ്ഥാൻ മെഡിക്കൽ സ്റ്റോർസ്.
4. ചാലക്കുടി—M/s ജോൺസൺ മെഡിക്കൽ സ്റ്റോർസ്. (ആസ്പത്രിക്കുസമീപം.)
5. ആലുവാ—M/s ആലുവാ മെഡിക്കൽ സ്റ്റോർ, (റെയിൽവെസ്റ്റേഷനു സമീപം.)
6. എറണാകുളം—M/s മാമ്പിള്ളി ഡിസ്പെൻസറി (ബ്രോഡ്വേ)
7. ചേർത്തല—Mr വി. വി. വക്കി, വടക്കാട്ടു് വീട്ടു്.
8. ആലപ്പുഴ—M/s വെൽ & കമ്പനി. മെഡിക്കൽ സ്റ്റോർസ്. മുല്ലക്കൽ
9. പാലാ —M/s കത്തേടൻ കമ്പനി, വെള്ളിരിങ്ങാട്ടു് ബിൽഡിംഗ്ങു്. മാർക്കററുറോഡു്.

N. B. തൊടുപുഴ, ചങ്ങനാശ്ശേരി, വൈക്കം, കോട്ടയം എന്നീ സ്ഥലങ്ങളിൽ ഉടനെ 3 ഔഷധങ്ങളും സ്റ്റോക്കുചെയ്തു് വിവരം ഈ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതാണു്.

**PROP: കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ,**
**കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി P.O.**
TELE: 'KALAN'. TRICHUR.


ഫാത്തിമാബാലസമിതി

# ചമ്മട്ടിയടി

പ്രിയകുഞ്ഞുങ്ങളേ,

അടുത്ത ശനിയാഴ്ച മാസാദ്യശനിയാഴ്ചയാണല്ലോ. അന്നു് ദുഃഖകരമായ രഹസ്യങ്ങളിൽ രണ്ടാമത്തേതിനെക്കുറിച്ചാണു് ധ്യാനിക്കേണ്ടതു്.

പരിശുദ്ധ ദേവമാതാവേ, അങ്ങേ തിരുക്കുമാരൻ കൽത്തൂണിന്മേൽ കെട്ടപ്പെട്ടു് ചമ്മട്ടികളാൽ അടിക്കപ്പെട്ട എന്നതിനെ ഓർത്തു ധ്യാനിക്കുന്ന ഞങ്ങൾ ഞങ്ങളുടെ പാപങ്ങളാൽ ഉണ്ടാകുന്ന കഠിനശിക്ഷകളിൽനിന്നു് മനസ്താപത്താലും നല്ല വ്യാപാരത്താലും ഒഴിഞ്ഞുമാറുവാൻ കൃപചെയ്യേണമെ.

ഗദസേമ്മനി തോട്ടത്തിൽവച്ചു് ഈശോ യഹൂദന്മാരുടെ ക്രൂരമായ മർദ്ദനങ്ങൾക്കു് സ്വയം ഏല്പിച്ചുകൊടുത്തു. ഈശോയെ അവരുടെ കൈകളിൽ കിട്ടിയതു് വലിയ ഒരു വിജയമായി അവർ കരുതി. അങ്ങയെ ആക്ഷേപിക്കുന്നതിനുവേണ്ടി അങ്ങയുടെ കഴുത്തിൽ കയറിട്ടു വലിച്ചുകൊണ്ടു ഒരു ഘോഷയാത്ര ആരംഭിച്ചു. ഒരു മഹാവഞ്ചകനും കള്ളനും കുറക്കാരനും എന്ന നിലയിൽ അവിടുത്തെ ആക്ഷേപിക്കുന്നതിനു് ഉപകരിക്കുന്ന മുദ്രാവാക്യങ്ങളാണു് അവർ വിളിച്ചുപറഞ്ഞിരുന്നതു്. ദീർഘമായ പ്രസ്തുത ഘോഷയാത്ര ജറൂസലം പട്ടണത്തിന്റെ പ്രധാന തെരുവീഥിയിൽക്കൂടിത്തന്നെ അവർ ആനയിച്ചു.

ഈശോയെ കൊല്ലുന്നതിനു് അനുമതി ലഭിക്കത്തക്ക ഒരു വിധിത്തീർപ്പു് സമ്പാദിക്കുന്നതിനുവേണ്ടി യഹൂദന്മാർ ഈശോയെ അന്നാസിന്റെയും കയ്യാപ്പായുടെയും പീലാത്തോസിന്റെയും ഹേറോദേസിന്റെയും, വീണ്ടും പീലാത്തോസിന്റെയും പക്കലേക്കു് കൂട്ടിക്കൊണ്ടുപോയി. ഈശോയെ വിധിക്കുന്നതിനു സാക്ഷാൽ അധികാരമുണ്ടായിരുന്ന പീലാത്തോസാകട്ടെ അങ്ങയിൽ യാതൊരു കുററവും കണ്ടില്ല. എങ്കിലും ക്ഷോഭിച്ചുവശായിരുന്ന യഹൂദന്മാരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി ആ നിരപരാധിയെ കൽത്തൂണിൽ കെട്ടി അടിക്കുന്നതിനു് അയാൾ അനുവാദം നൽകി.

യഹൂദനിയമപ്രകാരം അടിക്കപ്പെടുവാൻ യോഗ്യനെന്നു് വിധിത്തീർപ്പുണ്ടാകുന്ന ഒരു കുററക്കാരനു് 40 എണ്ണത്തിൽ കവിയാത്ത അടി ശിക്ഷ മാത്രമേ അനുവദിക്കപ്പെട്ടിരുന്നുള്ളു. റോമാക്കാരുടെ നിയമപ്രകാരം 66 അടികളാണു് സാധാരണ അനുവദിക്കപ്പെട്ടിരുന്നതു്. പീലാത്തോസു് യഹൂദന്മാരെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി മാത്രം അനുവദിച്ച ശിക്ഷയായതുകൊണ്ടു് അടിയുടെ എണ്ണവും വിധവും വ്യവസ്ഥചെയ്തിരുന്നില്ല.

യഹൂദപ്രമാണികളാൽ പ്രേരിതരായ സേവകർ ലോകരക്ഷകനെ പിടിച്ചുവലിച്ചു പരസ്യമായ പീഡനസ്ഥലത്തേക്കു കൊണ്ടുപോകുന്നു. വസ്ത്രങ്ങൾ മാററുന്നു. കരങ്ങൾ ഒരു കൽത്തൂണിനോടു ചേർത്തു ബന്ധിക്കുന്നു. പൊക്കം കുറവായിരുന്ന പ്രസ്തുത തൂണിന്റെ പക്കൽ നഗ്നശരീരനായി ഈശോ കുനിഞ്ഞുനിൽക്കുന്നു.

മദ്യം കുടിച്ചു് ഉന്മത്തരായിരുന്ന പടയാളികളിൽ രണ്ടു പേർ വീതം നിർമ്മലവും പരിശുദ്ധവുമായ അവിടുത്തെ തിരുശ്ശരീരത്തെ അടിച്ചു വ്രണപ്പെടുത്തുവാൻ ആരംഭിക്കുന്നു. അടിച്ചുകൊണ്ടിരിക്കുന്നവരുടെ കൈകൾ കുഴയുമ്പോൾ അവർ മാറുകയും അവരുടെ ജോലി മററു രണ്ടു പേർ തുടരുകയും ചെയ്യുന്നു. ഇങ്ങനെ അവിടെ ഉണ്ടായിരുന്ന പടയാളികളുടെയെല്ലാം കൈകൾ കുഴയുന്നതുവരെ അവർ അങ്ങയെ മാറി മാറി അടിക്കുന്നു. ചമ്മട്ടി, ചങ്ങല, മുള്ളുവടി മുതലായവയാണു് അടിക്കുന്നതിനായി ഉപയോഗപ്പെടുത്തുന്ന കരുക്കൾ. ഓരോ അടിയും തിരുമേനിയിൽ പതിക്കുമ്പോൾ ശരീരം കീറുകയും മാംസകഷണങ്ങൾ തുണ്ടുതുണ്ടായി നാനാഭാഗത്തേക്കും ചിതറുകയും, രക്തം പുഴപോലെ പ്രവഹിക്കുകയും ചെയ്യുന്നു. ശിരസ്സുമുതൽ പാദംവരെ അടികൾ ഏൽക്കുന്നു. വി. ബ്രിജീത്താമ്മു് വെളിപ്പെടുത്തപ്പെട്ടപ്രകാരം അടികളുടെ എണ്ണം അനേകസഹസ്രമാണു്. ചുമൽമുതൽ പാദംവരെ ഏററ അടികളുടെ ആധിക്യവും കാഠിന്യവും നിമിത്തം മാംസവും രക്തവും നഷ്ടപ്പെട്ടു് പല ഭാഗങ്ങളിലും എല്ലുകൾ പ്രത്യക്ഷപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ കലപ്പകൾകൊണ്ടു് ഉഴുതവിധത്തിലായിത്തീരുന്നു അങ്ങയുടെ ശരീരം മുഴുവനും. വേദനയുടെ ഭയങ്കരതനിമിത്തം ഒരു പുഴപോലെ അവിടുന്നു കിടന്നു പുളയുന്നു. 700 വർഷങ്ങൾക്കു് മുമ്പു് ഏശായാ ദീർഘദർശി ചെയ്തിരുന്ന പ്രവചനം എപ്രകാരം നിറവേറുന്നു എന്നു കാണുക. അദ്ദേഹം ഇപ്രകാരം വിലപിക്കുന്നു: "അടിമുതൽ മുടിവരെ അവനിൽ സ്വസ്ഥതയില്ല. മുറിവുകളും ചതവുകളും, വിങ്ങിയ വ്രണങ്ങളും നിറഞ്ഞിരിക്കുന്നു." കർത്താവിന്റേതായി വി. ദാവീദ "ഞാൻ മനുഷ്യനല്ല ഒരു കൃമിയാകുന്നു" എന്നു പറഞ്ഞിട്ടുള്ളതു് എത്ര അന്വർത്ഥമായിരിക്കുന്നു.

(ശേഷം 7-ാംപേജിൽ)


## അനുഭവസാക്ഷ്യം No. 75.

കാളത്തു പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

പ്രിയ വൈദ്യരെ,

എന്റെ ഭാര്യക്കു് ശ്വാസംമുട്ടൽ, പുളിച്ചുതികട്ടൽ, നീർവീഴ്ച, തുമ്മൽ, തലവേദന, ഭക്ഷണം കഴിച്ചാൽ വയററിൽ എരച്ചും നെഞ്ചിൽ എന്തോവന്നു മുട്ടുന്നതുപോലെയും, അപ്പോൾ ദേഹത്തിന്നു വളരെ തളർച്ചയും ഉണ്ടാവുക, വിശപ്പുകുറവു്, ചുമ എന്നിവകൾ തുടങ്ങിയിട്ടു് 5 കൊല്ലമായി. രോഗാരംഭം മുതൽ വളരെ ചികിത്സകൾ ചെയ്തിട്ടും രോഗശമനം കിട്ടാതെ നിരാശപ്പെട്ടിരിക്കുമ്പോളാണു് "സത്യദീപം" വഴി താങ്കളെ അറിയുവാൻ ഇടയായതു്.

ഞാൻ ഭാര്യയുടെ രോഗവിവരങ്ങൾ പറയുവാനായി ആലുവായിലെ ക്യാമ്പുദിവസമായ 5-10-1950-ൽ താങ്കളെ വന്നുകണ്ടപ്പോൾ നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാതൈലം എന്നീ ഔഷധങ്ങൾ ഉപയോഗിപ്പാനാണല്ലോ നിർദ്ദേശിച്ചിരുന്നതു്. ഈ ഔഷധങ്ങൾ ഉപയോഗിച്ചുതുടങ്ങിയതുമുതൽ രോഗശമനം കണ്ടുതുടങ്ങി എന്നാൽ ഔഷധങ്ങളുടെ തുടർന്നുള്ള ഉപയോഗം മൂലം ഇപ്പോൾ ഭാര്യയുടെ രോഗം സുഖപ്പെട്ടിരിക്കുന്നു.

മാത്രമല്ല നെഞ്ചുവേദന, നെഞ്ചെരിച്ചൽ, തലവേദന, ശോധനക്കുറവു്, തുടങ്ങിയവകൾമൂലം കഷ്ടപ്പെട്ടുകൊണ്ടിരുന്ന എനിക്കു താങ്കളുടെ നിർദ്ദേശാനുസരണം ദ്രാക്ഷാഘൃതം ഉപയോഗിച്ചതിനാൽ എന്റെ മേൽപറഞ്ഞ അസുഖങ്ങളും വിട്ടുമാറിയിരിക്കുന്നു. ഇപ്രകാരം ഞങ്ങൾ രണ്ടുപേരുടേയും നഷ്ടപ്പെട്ട ആരോഗ്യത്തെ താങ്കളുടെ ത്രിവിധൌഷധങ്ങളെക്കൊണ്ടു് സുഖപ്പെടുവാൻ സാധിച്ചതിൽ ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു.

ഇതുപോലെയുള്ള രോഗങ്ങളാൽ കഷ്ടതയനുഭവിക്കുന്നവരുടെ അറിവിന്നായി ഈ അനുഭവസാക്ഷ്യം പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

മരങ്ങോലി
20-12-1950

Malayil Varkey Pyely (Sd)
Catechist, Maraungolil Church
A. O. Monihilly

കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനു സമീപം) നെല്ലായി P. O.

സത്യദീപം

പത്രാധിപന്മാർ

വെരി റവ മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. ഏ

Vol. 24 | ERNAKULAM 1951 JANUARY 3 | No 19

# കേരള മരിയൻ കോൺഗ്രസ്സ്

കർമ്മലോത്തരീയത്തിന്റെ ഏഴാം ശതാബ്ദം സംബന്ധിച്ചുള്ള കേരളീയകത്തോലിക്കരുടെ ആഘോഷങ്ങൾക്കു മകുടം ചാർത്തുവാൻ ഒരു മരിയൻ കോൺഗ്രസ് ഏററവും വിപുലമായ തോതിൽ എറണാകുളത്തുവച്ചു നടത്തണമെന്നുണ്ടായ നിശ്ചയം സകലരുടേയും സ്വാഗതത്തിനു പാത്രീഭൂതമായിരുന്നല്ലോ. പ്രസ്തുത കോൺഗ്രസ് ഇക്കഴിഞ്ഞ ഡിസംബർ 29, 30, 31 തീയതികളിൽ എറണാകുളത്ത് ഹെർബർട്ടുഗ്രൗണ്ടിൽ (മേരീനഗർ) വച്ച് സകല പ്രതീക്ഷകളേയും ഉല്ലംഘിക്കത്തക്കവിധത്തിൽ അത്ര കെങ്കേമമായും ഭക്തിസംവർദ്ധകമായും നടന്നെന്ന വിവരം അത്യന്തമായ സന്തോഷത്തോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. മംഗലപ്പുഴ സെമ്മിനാരി റെക്ടർ വെരി റവ. ഫാദർ ഔറേലിയൻ സി ഡി യുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട കേന്ദ്രസമിതിയുടേയും അതിനോടനുബന്ധിച്ച ഉപസമിതികളുടേയും നിസ്തന്ദ്രമായ പരിശ്രമമാണ് മാനുഷികമായിടത്തോളം ഈ വിജയത്തിന്റെ നിദാനം. എറണാകുളത്തും പരിസരങ്ങളിലും പുറത്തുമുള്ള വൈദികരും അവൈദികപ്രമാണികളും പ്രസ്തുത സമിതികളിൽ അംഗങ്ങളായിരുന്നുകൊണ്ട് അവരുടെ സകല കഴിവുകളും കോൺഗ്രസിന്റെ വിജയത്തിനായി വിനിയോഗിച്ചു. കോൺഗ്രസിന്റെ ഏററവും വിപുലമായ പരിപാടികൾ പ്രാവർത്തികമാക്കുവാൻ ആയിരക്കണക്കിനു രൂപാ ചെലവുവരുമെന്നുകണ്ടു ഭാരവാഹികൾ കേരളത്തിലെ വൈദികരോടും അവൈദികരോടും സംഭാവനകൾ അഭ്യർത്ഥിച്ചു. ഏററവും ഉദാരമായ വിധത്തിൽ പ്രസ്തുതാഭ്യർത്ഥന സ്വീകരിക്കപ്പെടുകയും തൽഫലമായി പരിപാടിയനുസരിച്ചുള്ള ക്രമീകരണങ്ങളെല്ലാം സജ്ജമാക്കുവാൻ സാധിക്കുകയും ചെയ്തു. ഇങ്ങനെ കേരളീയകത്തോലിക്കരുടെ ആകമാനമായ സഹായസഹകരണങ്ങളോടാണ് കോൺഗ്രസ് അതിന്റെ വിജയത്തിനു കടപ്പെട്ടിരിക്കുന്നതെന്ന് കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചുകൊള്ളുന്നു. സർവ്വോപരി കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാരുടെ അംഗീകരണവും പിൻതുണയുമാണ് കോൺഗ്രസിനുവേണ്ടിയുള്ള സകല പരിശ്രമങ്ങൾക്കും പ്രായോഗികമായ ശക്തിയും ഉത്തേജനവും നൽകിക്കൊണ്ടിരുന്നതെന്നും കൃതജ്ഞതാപൂർവ്വം അനുസ്മരിക്കേണ്ടിയിരിക്കുന്നു.

## സമ്മേളനങ്ങൾ

കോൺഗ്രസ് പരിപാടിയിൽ പൊതുസമ്മേളനങ്ങളും പ്രത്യേകസമ്മേളനങ്ങളുമുൾപ്പെട്ടിരുന്നല്ലോ. കോൺഗ്രസ്സിന്റെ ഓരോദിവസത്തിലും മേരീനഗറിൽവച്ചു ഓരോ പൊതുസമ്മേളനങ്ങൾ നടത്തപ്പെട്ടു. ആദ്യത്തേതിൽ തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടും രണ്ടാമത്തേതിൽ തിരുവല്ലാമെത്രാൻ തിരുമനസ്സുകൊണ്ടും അവസാനദിവസത്തേതിൽ ഇൻറർനൺഷ്യോ തിരുമനസ്സുകൊണ്ടും ആദ്ധ്യക്ഷം വഹിച്ചു. ആ യോഗങ്ങളിലെ പ്രധാന പ്രസംഗങ്ങൾ പരിശുദ്ധമറിയത്തിന്റെ നേർക്കുള്ള നമ്മുടെ ഭക്തിയെ ഉത്തേജിപ്പിക്കുന്നതിനും അതു വഴിയായി നമ്മുടെ ജീവിതം കൂടുതൽ ക്രിസ്തീയമാക്കുന്നതിനും പ്രയോജകീഭവിക്കുന്നവയായിരുന്നു. ഈ ഓരോ സമ്മേളനവും പരിശുദ്ധകുർബാനയുടെ ആശീർവ്വാദത്തോടുകൂടിയാണ് സമാപിക്കപ്പെട്ടതു്. രണ്ടാംദിവസം കാലത്ത് 7 മണിക്ക് മേരീനഗറിൽ ചങ്ങനാശേരി മെത്രാൻ തിരുമനസ്സുകൊണ്ടും മൂന്നാംദിവസം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ആ സ്ഥലത്തും തിരുവല്ലാമെത്രാൻ തിരുമനസ്സുകൊണ്ട് സെൻറ് തെരേസാസ് മോണാസ്ട്രിയിലും പൊന്തിഫിക്കൽ കുർബാനയർപ്പിച്ചു. ഇവയെല്ലാത്തിലും ആയിരക്കണക്കിനു വിശ്വാസികൾ ഭക്തിപൂർവ്വം സംബന്ധിക്കുകയും അനേകംപേർ വി. കുർബാന കൈക്കൊള്ളുകയും ചെയ്തു.

ആദ്യദിവസത്തെ സമ്മേളനത്തിനു മുമ്പായി സൊഡാലിററി റാലി നടത്തപ്പെട്ടു. സമ്മേളനമാരംഭിച്ചതു് കോട്ടാർമെത്രാൻ തിരുമനസ്സുകൊണ്ട് നടത്തിയ കൊടികയററകർമ്മത്തോടുകൂടിയാണ്. കോൺഗ്രസ് ജനറൽ കമ്മിററി ഉപാദ്ധ്യക്ഷൻ വെരി റവ ഫാദർ ജോൺ ഓഫ് ദി ക്രോസ് സ്വാഗതപ്രസംഗം ചെയ്തു. മരിയൻ കോൺഗ്രസിനു് പരിശുദ്ധപിതാവു കരുണാപൂർവ്വം കല്പിച്ചയച്ച ആശീർവ്വാദസന്ദേശവും, വിജയാശംസകളടക്കി വേദപ്രചാരത്തിരുസംഘത്തിനു വേണ്ടി കർദ്ദിനാൾ ഫ്യൂമസോനി ബിയോൻറിയും നിഷ്പാദുക കർമ്മലീത്താസഭയുടെ ജനറലും അയച്ച സന്ദേശങ്ങളും ഷെവ. സി. ജെ. വർക്കി വായിച്ചു. കോൺഗ്രസ് പരിപാടിയിലെ ഒരു പ്രത്യേകത കോൺഗ്രസിനോടനുബന്ധിച്ച നടത്തപ്പെട്ട പ്രത്യേക സമ്മേളനങ്ങളാണ്. സെൻറ് വിൻസെൻറ് ഡി പോൾ കോൺഫറൻസുകൾ, മാനേജർമാരും അദ്ധ്യാപകന്മാരും, മരിയൻസൊഡാലിററികൾ, കത്തോലിക്കായുവജനങ്ങൾ, തൊഴിലാളികൾ, അമ്മായർ, ലീജിയൻ ഓഫ് മേരി, ഇടവകകളിലെ വേദപാഠം, ക്രൈസ്തവപുനരൈക്യം, ദിവ്യകാരുണ്യബാലശുശ്രൂഷയാളുകൾ, ഇടവകവൈദികരും സന്യാസവൈദികരും, കത്തോലിക്കാമാതാക്കൾ, കത്തോലിക്കാ വനിതകൾ, കന്യാസ്ത്രീകൾ (മലയാളത്തിൽ) കന്യാസ്ത്രീകൾ (ഇംഗ്ലീഷിൽ), മിഷൻ പ്രവർത്തനങ്ങൾ, ഫ്രാൻസിസ്കൻ മൂന്നാം സഭ, കർമ്മലീത്താ മൂന്നാംസഭ, കത്തോലിക്കാ പ്രവർത്തനം എന്നിങ്ങനെ ക്രിസ്തീയജീവിതത്തിലെ മിക്കവാറും എല്ലാ വശങ്ങളേയും സ്പർശിക്കുന്ന വിഷയങ്ങളെ പുരസ്കരിച്ചാണ് പ്രത്യേകസമ്മേളനങ്ങൾ നടന്നതു്. അവയോരോന്നിലും അദ്ധ്യക്ഷന്റെ പ്രസംഗത്തിനു പുറമെ രണ്ടു പ്രസംഗങ്ങൾ ഉണ്ടായിരുന്നു. ആ പ്രസംഗങ്ങൾ അതതു വിഷയങ്ങളെ പരാമർശിച്ച് വിജ്ഞാനപ്രദങ്ങളായിരിക്കുവാൻ ഇടയുള്ളതിനാൽ അവയെല്ലാം കൂട്ടിച്ചേർത്ത് പുസ്തകരൂപേണ പ്രസിദ്ധീകരിക്കുന്നതു് കേരളീയകത്തോലിക്കർക്കും ഇതരന്മാർക്കും ഉപകാരപ്രദമായിരിക്കുമെന്നു് പ്രസ്താവിച്ചുകൊള്ളട്ടെ.

## ഇൻറർനൺഷിയോയുടെ സാന്നിദ്ധ്യം

മരിയൻ കോൺഗ്രസിനു ഏററവുമധികം മേന്മകൂട്ടിയതു് ഇൻറർനൺഷിയോ തിരുമേനിയുടെ സാന്നിദ്ധ്യമാണെന്നു പറയേണ്ടതില്ലല്ലോ. തലേദിവസം വന്നു് മംഗലപ്പുഴസെമ്മിനാരിയിൽതാമസിച്ചിരുന്ന തിരുമേനി ഞായറാഴ്ച 11 മണിയോടുകൂടി മേരീനഗറിലേക്ക് വൈദികാദ്ധ്യക്ഷന്മാരുടെ അകമ്പടിയോടുകൂടി ആനയിക്കപ്പെട്ടു. എറണാകുളം മുനിസിപ്പാലിററിയുടെ വകയായി ഒരു സിവിക് അഡ്രസ്സ് സമർപ്പിക്കപ്പെടുകയും അതിനു തിരുമേനി സമുചിതമായ മറുപടി നല്കുകയും ചെയ്തു. അതിനിടയ്ക്ക് കൊച്ചി മഹാരാജാവ് തിരുമനസ്സുകൊണ്ടു സർവ്വാധികാര്യക്കാർവഴി കല്പിച്ചയച്ച ഒരു മംഗളാശംസാസന്ദേശം വായിക്കുകയുണ്ടായി. തദനന്തരം അവിടുന്ന് ബോൾഗാട്ടിപാലസിലേക്കു എതിരേല്ക്കപ്പെട്ടു. ഉച്ചതിരിഞ്ഞു നടന്ന ചടങ്ങുകളായിരുന്നു മരിയൻകോൺഗ്രസിനെ മകുടം ചൂടിച്ചതു്. 3 മണിയോടുകൂടി മേരീനഗറിൽനിന്നു മാതാവിന്റെ സ്വരൂപവും വഹിച്ചുകൊണ്ടുള്ള ഘോഷയാത്ര പുറപ്പെട്ടു. ദർശനക്കാരും ഭക്തസംഘങ്ങളും വൈദികരും, കന്യാസ്ത്രീകളും ഉൾപ്പെടെ ആയിരക്കണക്കിനു പങ്കെടുത്തു. ഘോഷയാത്ര അതിമനോഹരമായ ലങ്കരിക്കപ്പെട്ടിരുന്ന ചിററൂർ റോഡ്, ബാനർജിറോഡ്, ബ്രോഡ്‌വെ, ഹോസ്പിറ്റൽ റോഡ് എന്നിവ ചുററി ഉദ്ദേശം മൂന്നുമണിക്കൂർകൊണ്ട് മടങ്ങിയെത്തി. ഘോഷയാത്രയിൽ ആദ്യന്തം വരാപ്പുഴമെത്രാപ്പോലീത്താ തിരുമേനി സ്ഥാനവസ്ത്രങ്ങൾധരിച്ച് കാൽനടയായിത്തന്നെ പങ്കെടുത്തു. ഘോഷയാത്ര മെത്രാപ്പോലീത്താമാരുടെ അരമനകൾക്കു മുമ്പിൽ വന്നപ്പോൾ മററു വൈദികാദ്ധ്യക്ഷന്മാരും അതിൽ ചേർന്നു കാൽനടയായിത്തന്നെ പങ്കെടുത്തു. അതോടുകൂടി അതിനുണ്ടായ മനോഹരതയും മാഹാത്മ്യവും അനിതരസാധാരണമായിരുന്നു. ഘോഷയാത്ര മേരീനഗറിലെത്തിയശേഷം അതിൽപങ്കെടുത്തവരെയഥാസ്ഥാനങ്ങളിൽ ഇരുത്തുന്നതിനുതന്നെ ഏകദേശം ഒരു മണിക്കൂർസമയം വേണ്ടിവന്നു. ഘോഷയാത്ര പുറപ്പെട്ടതുമുതൽ മടങ്ങിയെത്തുന്നതുവരെ മേരീനഗറിനുചുററും അനേകായിരം ഭക്തജനങ്ങൾ അച്ചടക്കത്തോടും ക്ഷമയോടുംകൂടി കാത്തുനില്ക്കുന്നുണ്ടായിരുന്നു. 500 അടി നീളവും 200 അടി വീതിയുമുള്ള മേരീനഗർ മിക്കവാറും മുഴുവനായും ഘോഷയാത്രക്കാരെക്കൊണ്ടു നിറഞ്ഞു. അങ്ങനെ നഗറിനുള്ളിലും വെളിയിലുമായി രണ്ടു ലക്ഷത്തിൽ കുറയാതെ ഭക്തജനങ്ങൾ സന്നിഹിതരായിരുന്നു. അപ്പോഴേക്കും ഇൻറർനൺഷിയോ തിരുമേനി ആഗതനായി. ആദ്യമായി പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനാഗാനം ഗായകസംഘം ആലപിച്ചു. അതേതുടർന്നു യോഗചടങ്ങുകൾ ആരംഭിച്ചു. കോൺഗ്രസ് കേന്ദ്രസമിതിയുടെ അദ്ധ്യക്ഷനായ വെരി റവ. ഫാ. ഔറേലിയൻ സ്വാഗതപ്രസംഗം നടത്തി. അനന്തരം യോഗാദ്ധ്യക്ഷനായ ഇൻറർനൺഷിയോ തിരുമേനി ഏററവും ഭക്തിസംവർദ്ധകവും അവസരോചിതവുമായ പ്രസംഗംചെയ്തു. (അതിന്റെ പരിഭാഷ അന്യത്ര) പിന്നീടു നടന്നതു് പ്രമേയാവതരണമായിരുന്നു. റവ. ഡോക്ടർ തോമസ് മൂത്തേടന്റെ കൃതജ്ഞതാപ്രകാശനത്തോടുകൂടി യോഗചടങ്ങുകൾ സമാപിച്ചു. തദനന്തരം ഇൻറർനൺഷിയോ തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ "തെദേവും" എന്ന സ്തോത്രഗീതവും മാതാവിന്റെ അമലോത്ഭവഹൃദയത്തോടുള്ള പ്രതിഷ്ഠാജപവും പരിശുദ്ധ കുർബാനയുടെ വാഴ്‌വും നടന്നു. യോഗചടങ്ങുകളും ഭക്തകർമ്മങ്ങളും നടന്നുകൊണ്ടിരുന്ന സമയം മുഴുവനും മേരീനഗറിനകത്തും പുറത്തും സന്നിഹിതരായിരുന്ന ഭക്തജനസഹസ്രങ്ങൾ സകലരും ഏററവും അച്ചടക്കത്തോടും നിശ്ശബ്ദതയോടും ഭക്തിയോടുംകൂടിയാണ് സ്വയമേ പെരുമാറിയതു്. ഈ വസ്തുതയാണ് ഏതു പ്രേക്ഷകന്റേയും ഹൃദയത്തിൽ ആഴമായി പതിഞ്ഞിട്ടുള്ള അനുഭവവിശേഷം. കത്തോലിക്കാ വിശ്വാസത്തിനു് ജനഹൃദയങ്ങളെ നിയന്ത്രിക്കുവാനുള്ള കഴിവിന്റെ സ്ഫടികസ്ഫുടമായ ഒരു പ്രകടനംതന്നെയായിരുന്നു അതു്. ചടങ്ങുകളെല്ലാം കഴിഞ്ഞ് അമംഗളകരമായ യാതൊന്നും കൂടാതെ ജനസഹസ്രങ്ങൾ പിരിഞ്ഞു.

അനന്തരം ഇൻറർനൺഷിയോ തിരുമേനിയുടെ ബഹുമാനാർത്ഥം വൈദികാദ്ധ്യക്ഷന്മാരും മററു പ്രശസ്തവ്യക്തികളും ഉൾപ്പെട്ട് അതിഥികൾക്കായി ഡർബാർ ഹാളിൽവച്ച് ഒരു ബാങ്ക്വററ് നൽകി. കോൺഗ്രസിനോടനുബന്ധിച്ചു നടത്തപ്പെട്ട മറെറാരു ചടങ്ങ് പിറേറദിവസം (ജനുവരി 1-ാംനു) മേരീനഗറിൽവച്ചുതന്നെ നൽകിയ ഗാർഡൻപാർട്ടിയായിരുന്നു. രണ്ടായിരത്തിൽ താഴെ ക്ഷണിതാക്കളുൾപ്പെട്ട ഈ പാർട്ടിയിൽ കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടും കാരുണ്യപൂർവ്വം സന്നിഹിതനായിരുന്നുവെന്നതു് പ്രത്യേകം പ്രസ്താവ്യമാണ്.

പങ്കെടുത്ത വൈദികാദ്ധ്യക്ഷന്മാരുടേയും വൈദികരുടേയും സന്യാസിനീസന്യാസികളുടേയും വിശ്വാസികളുടേയും സംഖ്യയാലും, സമ്മേളനരംഗം ഏററവും മനോഹരവും സൗകര്യപ്രദവുമാക്കുവാൻ ചെയ്ത അലങ്കാരവിശേഷങ്ങളാലും സജ്ജീകരണങ്ങളാലും, കേരളത്തിൽ ഒട്ടാകെ നിന്നു നൽകപ്പെട്ട സഹായസഹകരണങ്ങളാലും, പൊന്തിഫിക്കൽ കുർബാന ആദിയായി സമ്മേളനസ്ഥലത്തു ആദ്യന്തം നടന്ന അനിതരസാധാരണമായ ഭക്തകർമ്മങ്ങളാലും ആകെക്കൂടി പ്രകടിതമായ വിശ്വാസചൈതന്യത്താലും ഈ മരിയൻ കോൺഗ്രസ് ആധുനികകേരളകത്തോലിക്കാ ചരിത്രത്തിൽ അനുസ്മരണീയമായ ഒരു മഹാമഹംതന്നെയായിരുന്നു. ഈ ഭക്തിവിശ്വാസപ്രകടനങ്ങൾ സ്വർഗ്ഗത്തിലിരുന്നുകൊണ്ട് മാതൃസഹജമായ സ്നേഹവാത്സല്യങ്ങളോടുകൂടി സ്വീകരിച്ചിട്ടുള്ള കർമ്മലനാഥ നമ്മുടെ രാജ്യത്തേയും അതിലെ സകല നിവാസികളേയും ഐഹികവും പാരത്രികവുമായ അനുഗ്രഹങ്ങൾ വർഷിച്ചു സംരക്ഷിക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.

---

(1-ാം പേജ് തുടർച്ച)

പ്രകടിതമാക്കും. അത്രകണ്ടു വിശുദ്ധമായ ഒരു വസ്തുവാണ് ഉത്തരീയം. അതു ആഹ്ലാദത്തിന്റെയും സാന്ത്വനത്തിന്റെയും നിദാനമാകുന്നു. മലബാറിലെ കത്തോലിക്കർ ഉത്തരീയത്തിന്റെ ആദ്ധ്യാത്മികവൈശിഷ്ട്യത്തെ സമ്യക്കായി മനസ്സിലാക്കുകയും, അതിനെ അവരുടെ മതചിഹ്നമായി പൂജിച്ചുവരുകയും ചെയ്യുന്നു എന്നതു് ഏററവും അഭിനന്ദനീയമായിരിക്കുന്നു.

കൂദാശകളും വിശുദ്ധ കർമ്മങ്ങളും (sacramental) തമ്മിലുള്ള വ്യത്യാസം ഇതാണ്. തിരുസഭയുടെ പ്രാർത്ഥനകളും നമ്മുടെ മാനസികവിധേയത്വവുമാണ് വിശുദ്ധ കർമ്മത്തിനു് (sacramental) അതിന്റെ ആദ്ധ്യാത്മികചൈതന്യം പ്രദാനംചെയ്യുന്നതു്.

ഉത്തരീയത്തിന്റെ ആദ്ധ്യാത്മികശക്തിക്കു അനുസൃതമായിരിക്കണം ഉത്തരീയധാരിയുടെ ജീവിതവും. ആ ശക്തിയെന്തെന്നു ഉത്തരീയാശീർവ്വാദത്തിനു ചൊല്ലപ്പെടുന്ന പ്രാർത്ഥനകളിലും അനുഷ്ഠിക്കപ്പെടേണ്ടുന്ന ചട്ടങ്ങളിലുംനിന്നു ഗ്രഹിക്കാവുന്നതത്രെ. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി ശ്ലൈഹിക ലേഖനത്തിൽ ഉത്തരീയത്തിന്റെ ഔൽകൃഷ്ട്യത്തെ പ്രത്യേകമായി ചൂണ്ടിക്കാണിക്കുന്നു. അതിങ്ങനെ സംഗ്രഹിക്കാം: ഉത്തരീയം രക്ഷയുടെ ചിഹ്നവും ശുദ്ധീകരസ്ഥലത്തിൽനിന്നുള്ള ക്ഷിപ്രമോചനത്തിന്റെ പ്രത്യാശയും ആകുന്നു; ധാരിതനു അതു ആത്മാർത്ഥമായ ക്രൈസ്തവചൈതന്യവും പ്രായോഗികമായ മരിയഭക്തിയും സംഭാവനചെയ്യുന്നു. ദൈവമാതൃഭക്തിമൂലം ക്രൈസ്തവചൈതന്യത്തെ പ്രവൃദ്ധമാക്കുന്നതിനു ഉത്തരീയം ഉത്തമമായ ഒരുപാധിയാണെന്നു മാർപ്പാപ്പാ തിരുമേനി ശുപാർശ ചെയ്യുന്നതിന്റെയും കാരണം ഇതാണ്.

ഭക്തി എന്നു പറയുന്നതു് കേവലം മതവികാരം മാത്രമല്ല. സജീവവും അനുസ്യൂതവുമായ യത്നംകൊണ്ട് ക്രൈസ്തവതത്വങ്ങൾക്കുംപ്രബോധനങ്ങൾക്കും അനുയോജ്യമാംവിധം നമുക്കു ജീവിതത്തെ കരുപ്പിടിപ്പിക്കയും നമ്മുടെ മാതൃകയും നമ്മുടെ പരിധിയിലുള്ള മററു പ്രവർത്തനങ്ങളുംകൊണ്ട് ക്രൈസ്തവദീപയഷ്ടി അന്യർക്കു കാണത്തക്കവിധം ഉയർത്തിപ്പിടിക്കുകയും ചെയ്യുക എന്നതാണ് ഭക്തി. വിഷമസങ്കുലമായ ഒരു കാലഘട്ടത്തിലാണ് നാം നിൽക്കുന്നതു്. അന്ധകാരശക്തികൾ വെളിച്ചത്തിന്റെ സന്താനങ്ങളുടെ നേരെ അണിനിരന്നിരിക്കുന്നതുപോലെ തോന്നുന്നു. യുഗയുഗാന്തരങ്ങളായി തുടർന്നുപോരുന്ന അധർമ്മശക്തികളുടെ എതിർപ്പിന്റെ തുടർച്ചതന്നെ ഇതും. പക്ഷെ അദൃഷ്ടപൂർവ്വമായ ഭീകരതയോടും നാരകീയമായ ഉഗ്രതയോടും കൂടിയാണ് ഇന്നു ശത്രുക്കളുടെ പുറപ്പാട്. നാം ആ വെല്ലുവിളിയെ അചഞ്ചലമായ ധീരതയോടും അനിരുദ്ധമായ നിശ്ചയദാർഢ്യത്തോടുംകൂടി നേരിടുകതന്നെ വേണം. ഓരോരുത്തരും അവരവരുടെ ജീവിതമണ്ഡലത്തിൽ അടിയുറച്ചു നിന്നുകൊണ്ടു അക്രമത്തോടും അധർമ്മത്തോടും അടരാടുക. അന്തിമഫലത്തെപ്പററി നാം സന്ദേഹിക്കേണ്ടതില്ല. അധർമ്മത്തിന്റെമേൽ ധർമ്മം വിജയിക്കുകതന്നെ ചെയ്യും. ആ വിജയത്തിന്റെ സാധ്യതയ്ക്കായി നാം ചെയ്യേണ്ടതു ചെയ്യുക. ഇന്നു ചെയ്യേണ്ടതു് ഈ മുഹൂർത്തത്തി

ൽതന്നെ ചെയ്യുക. ദൈവം നമുക്കോരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ള സ്ഥാനങ്ങളിലും നിലകളിലുംനിന്നു നാം നിസ്തന്ദ്രമായും നിർന്നിദ്രമായും പ്രവർത്തിക്കുക. നമ്മുടെ നാഥയും രാജ്ഞിയുമായ മാതാവിൻെറ കൊടിക്കീഴിൽ ആഹ്ലാദപൂർവ്വം അണിനിരന്നുകൊണ്ടു് ഭക്തിചൈതന്യത്തോടുകൂടി നാം നമ്മുടെ പാവനമായ ധർമ്മം അനുഷ്ഠിക്കുക. ദൈവമാതൃമാദ്ധ്യസ്ഥ്യത്താൽ നമുക്കു വി. പൗലോസിനോടുകൂടി ഇപ്രകാരം ഉദീരണം ചെയ്യാം. "ഈശോ മിശിഹായിൽ നമ്മെ ദൈവം വിജയിപ്പിക്കുന്നു; അവിടുത്തെ വിജ്ഞാനസൗരഭ്യം സർവ്വത്രപ്രസരിപ്പിക്കുകയും ചെയ്യുന്നു" (2 കൊറിന്തിയാ 11-14). നമ്മുടെ മതതീക്ഷ്ണതയെ സൗരഭ്യത്തോടാണു് അപ്പസ്തോലൻ തുലനം ചെയ്യുന്നതു്. സൗരഭ്യം അതിൻെറ അസ്തിത്വംകൊണ്ടുതന്നെ പരിസരങ്ങളിലേക്കു സ്വതേ വ്യാപിക്കുന്നു എന്നതുപോലെതന്നെ നമ്മുടെ ക്രൈസ്തവജീവിതമാതൃകയും നമ്മുടെ ചുററും പരന്നു വ്യാപിച്ചുകൊണ്ടിരിക്കും. തിരുസഭയും വൈദികരും കത്തോലിക്കാ ധർമ്മസിദ്ധാന്തങ്ങളെയും പ്രബോധനങ്ങളെയും പഠിപ്പിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതോടൊപ്പം, കത്തോലിക്കാ വ്യക്തികളിൽ കൂടിയാണു് നമ്മുടെ തത്വങ്ങളും, പഠനങ്ങളും മാനവസമുദായത്തിൻെറ എല്ലാ വിഭാഗങ്ങളിലും, എല്ലാ സ്ഥാനങ്ങളിലും ചെന്നു പററേണ്ടതു്. രക്തധമനികൾവഴി ജീവരക്തം ശരീരമാസകലം വ്യാപിക്കുന്നതുപോലെ നമ്മുടെ തത്വങ്ങൾ മനുഷ്യസമുദായശരീരത്തിൽ ഉടനീളം വ്യാപരിക്കണം. പ്രഖ്യാതനായ ഒരു കത്തോലിക്കാപണ്ഡിതൻെറ വാക്കുകളിൽ പറഞ്ഞാൽ, "ഭൗമികവും, രാഷ്ട്രീയവും സാമ്പത്തികവും, സാമൂഹികവും, സാംസ്കാരികവും, കലാപരവുമായ കാര്യങ്ങളിൽ തത്വനിഷ്ഠമായ പന്ഥാവിൽക്കൂടി മാത്രമേ സഭ പ്രവേശിക്കയുള്ളു. പൗരന്മാരും, കലാകാരന്മാരും, വ്യാപാരികളും, തൊഴിൽക്കാരും ആയ കത്തോലിക്കർ അമ്മാതിരിയുള്ള കാര്യങ്ങളെ ക്രൈസ്തവമായ രീതിയിൽ മാത്രമേ കൈകാര്യം ചെയ്തുകൂടൂ. ഏതു ജീവിതതുറയിലും, പ്രവർത്തനമണ്ഡലത്തിലും അവർ പരിപൂർണ്ണക്രിസ്ത്യാനികളായിരിക്കണം." (ദെലാബേദോയിർ, "ക്രൈസ്തവമതം ചന്തസ്ഥലത്തു്"). ദൈവമാതൃഭക്തരും, സൊഡാലിസ്റ്റുകളും, ലീജിയൻകാരും, കർമ്മലോത്തരീയധാരികളും, ദൈവമാതാവിനോടു പ്രത്യേക വണക്കം ചെയ്യുന്നവരും ഇക്കാര്യം പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ടു്.

മഹത്തായ ഈ കോൺഗ്രസ് സമ്മേളനത്തിൽ പങ്കുകൊള്ളുന്ന ഏവരും മരിയഭക്തരായും, ക്രൈസ്തവധർമ്മമനുഷ്ഠിക്കുന്ന ഉത്തമ കത്തോലിക്കരായും ജീവിക്കുന്നതിനു് ഈ ചടങ്ങുകൾ തീർച്ചയായും ഉപകരിക്കും. മലബാറിലുള്ള കത്തോലിക്കരുടെ ജീവിതത്തിനു് ആവശ്യമായ എല്ലാ കാര്യങ്ങളും നാനാമുഖങ്ങളായ പ്രവർത്തനങ്ങളെ പ്രതിനിധാനം ചെയ്യുന്ന സംഘങ്ങളുടെയും, സംഘടനകളുടെയും, വിവിധയോഗങ്ങൾവഴി സവിസ്തരചർച്ച ചെയ്യപ്പെട്ടുകഴിഞ്ഞു. കത്തോലിക്കരുടെ പുരോഗതിക്കാവശ്യങ്ങളായ പല നിർദ്ദേശങ്ങളും ഉന്നയിക്കപ്പെട്ടു. കോൺഗ്രസ് പ്രമേയങ്ങൾക്കു സമൃദ്ധമായി ഈശ്വരാനുഗ്രഹം ഉണ്ടാകട്ടെ എന്നും, ലക്ഷ്യപ്രാപ്തിയിലെത്തുവോളം അവ നിങ്ങളെ നയിക്കട്ടെ എന്നും ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊള്ളുന്നു. ഈ കോൺഗ്രസിൻെറ സംവിധാതാക്കളും, സമിതി അംഗങ്ങളും, പ്രസംഗകരും, പ്രത്യേകിച്ചു ഈ കോൺഗ്രസ് ഇത്രമാത്രം വിജയകരമാക്കുന്നതിനും, കേരളീയകത്തോലിക്കരുടെ മരിയഭക്തിയെ ഏററവും അഭിനന്ദനീയമാംവിധം ഉത്തേജിപ്പിക്കുന്നതിനും, ആത്മാർത്ഥമായ സഹകരണം കൊണ്ടു് സഹായിച്ച ത്യാഗശീലരും മതാഭിമാനികളുമായ എല്ലാ കത്തോലിക്കരും എൻെറ കൃതജ്ഞതയെ അർഹിക്കുന്നു.

നമ്മുടെ ഈ സമ്മേളനത്തെ വാത്സല്യപൂർവ്വം ആശീർവ്വദിച്ച പരിശുദ്ധപിതാവിനോടു നമുക്കുള്ള കടപ്പാടു ഒന്നു പ്രത്യേകമാണു്. ദുർഘടപൂർണ്ണമായ ഈ കാലഘട്ടത്തിൽ നമ്മുടെ ചിന്തകളും പ്രാർത്ഥനകളും പരിശുദ്ധപിതാവിനോടുകൂടി ആയിരിക്കട്ടെ. ശാന്തിയുടേയും സൗമനസ്യത്തിൻെറയും ഈ ക്രിസ്മസ്സ് കാലത്തു സമാധാനത്തിൻെറ സ്ഥാപനത്തിനായി തിരുമേനിയോടൊന്നിച്ചു നമ്മുടെ നെടുവീർപ്പുകളും നമ്മുടെ യാചനകളും നമുക്കു കാഴ്ചവയ്ക്കാം.

തങ്ങളുടെ സാന്നിദ്ധ്യവും, രക്ഷാകർതൃത്വവുംകൊണ്ടു് ഈ കോൺഗ്രസ് സമ്മേളനത്തെ അനുഗ്രഹിച്ച മെത്രാപ്പോലീത്താമാരോടും മെത്രാന്മാരോടും നന്ദി പ്രകടിപ്പിക്കുകയും, അവർക്കും അവരുടെ അജഗണങ്ങൾക്കും ക്ഷേമൈശ്വര്യങ്ങൾ നേരുകയും ചെയ്തുകൊള്ളുന്നു. വിജിഗീഷുസഭയിൽ നമ്മുടെ സകല സംരംഭങ്ങളുടെയും അന്തിമലക്ഷ്യം നമുക്കു സംലബ്ധമാകുന്നതിനും ഒരു കാലത്തു വിജയസഭയിലേക്കു് നമ്മെ എന്നെന്നേക്കുമായി സ്വാഗതം ചെയ്യുന്നതിനും കർമ്മലറാണി നമ്മെ കടാക്ഷിക്കുമാറാകട്ടെ.

ആമ്മേൻ.

---


സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡു്


(5-ാംപേജു് തുടർച്ച)

പ്രിയകുഞ്ഞുങ്ങളേ, "പാപത്തിൻെറ കാഠിന്യം അനുസരിച്ചായിരിക്കണം അടിയുടെ എണ്ണവും" എന്നാണു് മൂശ നിർദ്ദേശിച്ചിരുന്നതു്. നമ്മുടെ സ്നേഹനാഥനായ ഈശോ മനുഷ്യവർഗ്ഗം മുഴുവൻെറയും പാപങ്ങൾക്കു വേണ്ടിയാണു് പരിഹാരം ചെയ്യുന്നതു്. തന്മൂലം എണ്ണമില്ലാത്ത വിധത്തിൽ മനുഷ്യർ ചെയ്യുന്ന പാപങ്ങൾക്കു വേണ്ടി ഈശോ വളരെയധികം പ്രഹരിക്കപ്പെടേണ്ടതു് ആവശ്യമായിരുന്നു. നമ്മുടെ ഓരോരുത്തരുടേയും പാപങ്ങളാണു് ഈശോയുടെ ഈ പീഡകൾക്കു് കാരണം. ഏശായാദീർഘദർശി പറയുന്നു: "കർത്താവു് നമ്മുടെ എല്ലാവരുടേയും അപരാധങ്ങൾ അദ്ദേഹത്തിൻെറമേൽ ചുമത്തി. നമ്മുടെ അക്രമങ്ങൾ നിമിത്തം അദ്ദേഹം മുറിവുകൾ സ്വീകരിച്ചു. നമ്മുടെ പാപങ്ങൾക്കു വേണ്ടി അദ്ദേഹം ചതയ്ക്കപ്പെട്ടു. നമ്മുടെ സമാധാനലബ്ധിക്കുവേണ്ടിയുള്ള ശിക്ഷ അദ്ദേഹത്തിൻെറമേൽ പതിച്ചു. അദ്ദേഹത്തിൻെറ മുറിവുകൾ വഴിയായി നാം സുഖംപ്രാപിച്ചു." അതെ, നമ്മളോരോരുത്തരുടേയും പാപങ്ങൾക്കുവേണ്ടിയാണു് ഈശോ ഈ പീഡകൾ അനുഭവിക്കുന്നതു്. നാമോരോരുത്തരുമാണു് ഒരു വിധത്തിൽ പറഞ്ഞാൽ ഈശോയെ ചമ്മട്ടികൾകൊണ്ടും മററും അടിക്കുന്നതു്. കൊതിയോടുകൂടി ഭക്ഷിച്ചപ്പോൾ, അശുദ്ധമായ വിചാരങ്ങൾ നമ്മുടെ മനസ്സിൽ താമസിപ്പിച്ചപ്പോൾ, അസഭ്യമായ വാക്കുകൾ പറഞ്ഞപ്പോൾ, ചീത്തയായതു് എന്തെങ്കിലും ചെയ്യുവാനിടവന്നിട്ടുണ്ടെങ്കിൽ അപ്പോൾ, നല്ലതല്ലാത്ത കൂട്ടുകെട്ടിൽ ഉൾപ്പെട്ടപ്പോൾ, അടക്കമില്ലാത്തവിധത്തിൽ വസ്ത്രധാരണം ചെയ്തപ്പോൾ, മററുള്ളവരുടെ പ്രശംസയ്ക്കും പ്രേമത്തിനും പാത്രീഭവിക്കുവാൻവേണ്ടി വിശേഷവസ്ത്രങ്ങളാലും ആഭരണങ്ങളാലും നാം വിഭൂഷിതരാകുവാൻ ശ്രമിച്ചപ്പോൾ, ഈ അവസരങ്ങളിലെല്ലാം നാം നമ്മുടെ സ്നേഹനാഥനെ അടിച്ചു മുറിവേൽപ്പിക്കുകയായിരുന്നു ചെയ്തതു്. "ഈശോ സ്വീകരിക്കേണ്ടിവന്ന അടിശിക്ഷയിൽ എനിക്കു് പങ്കില്ല" എന്നു് നിങ്ങളിൽ ആർക്കെങ്കിലും പറയുവാൻ സാധിക്കുമോ?

പ്രിയ കുഞ്ഞുങ്ങളേ, ഈശോയുടെ ഈ പീഡകൾക്കു കാരണമായ നമ്മുടെ പാപങ്ങൾ ഓർക്കുകയും അവയെക്കുറിച്ചു മനസ്താപപ്പെടുകയും, അവ ഇനിയും ചെയ്യുകയില്ല എന്നു പ്രതിജ്ഞചെയ്യുകയും ചെയ്യുക. നിങ്ങളുടെ പ്രതിജ്ഞകളിൽ സ്ഥിരമായി നിലനില്ക്കുവാൻ നമ്മുടെ ഏത്രയും പരിശുദ്ധ അമ്മയോടു സഹായമപേക്ഷിക്കുകയും ചെയ്യുക.

നവവത്സരമംഗളങ്ങൾ കുഞ്ഞുമക്കളോരോരുത്തർക്കും വല്യച്ചൻ ആശംസിച്ചുകൊള്ളുന്നു. എന്നു് സ്വന്തം വല്യച്ചൻ.


ഒന്നാംതരം കസവിലും നേർമ്മയും ബലവുമുള്ള ഇഴയിലും
സാരി. വിരിപ്പാവു്, പുതകവണി ഇവകൾക്കു്
"യൂനിയൻ വീവിംഗ്സ്"
തൊടുപുഴ
എന്ന വിലാസത്തിൽ ഓർഡർചെയ്യുക. പൂർണ്ണ ഉത്തരവാദിത്വം
For the Proprietors
THE UNION TRADES & INDUSTRIES LTD THODUPUZHA.,
MATHEW SEBASTIAN, KURUVINAKUNNEL
Managing Director


ആലങ്ങാട്ടു് കുന്നേൽപ്പള്ളിയിൽ

## അത്ഭുത ദിവ്യ ഉണ്ണി ഈശോയുടെ തിരുനാൾ

1951 ജനുവരി 15-ാംനു- **ആരംഭിച്ചു**

1951 ജനുവരി 18-ാംനു- വ്യാഴാഴ്ച **അവസാനിക്കുന്നു**

18-ാംനു- രാവിലെ മുതൽ തുടർച്ചയായി ദിവ്യപൂജ ഉണ്ടായിരിക്കുന്നതാണു്. തിരുനാൾക്കുർബാന 10 മണിക്കായിരിക്കും.

**പ്രസംഗം** 11-30-നു് ചെങ്ങാട്ടക്കര ബ. കുര്യാക്കോസച്ചൻ)

**പ്രദക്ഷിണം** ഉച്ചതിരിഞ്ഞു 3-30-നു്.

N. B. 1) തിരുനാൾദിവസം കുമ്പസാരിച്ചു വി. കുർബാന സ്വീകരിക്കുന്നവർക്കു് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണു്.

2) തിരുനാൾക്കുർബാന, പ്രസംഗം, രാത്രി പ്രസംഗപരമ്പര മുതലായവ ഉച്ചഭാഷിണിയിൽക്കൂടിയായിരിക്കും.

3) വെള്ളിയാഴ്ച വെളുപ്പിനു് പാട്ടുകുർബാന 6 മണിക്കു തലപ്പള്ളിയിലേക്കു പ്രദക്ഷിണം.

4) പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കുന്നതാണു്.

ആലങ്ങാട്ടു്
28-12-50

എന്നു്,
വികാരി



ഫാത്തിമാനാഥയുടെയും, വിശുദ്ധ ആൻറണി, വി. അമ്പ്രോഷ്യസ് എന്നീ പുണ്യവാളന്മാരുടെയും ബ. അൽഫോൻസാമ്മയുടെയും സഹായത്താൽ എൻെറ മക്കൾക്കു രണ്ടുപേർക്കും ഓരോ ജോലി കിട്ടിയതിനും, എൻെറ വാപ്പയുടെ സുഖക്കേടു് ഭേദമായതിനും ഉപകാരസ്മരണ.

എന്നു്
ലിയോൺസ്യ ആർ. പെരേര
"ലേക്ക വ്യൂ", പുതുക്കുറിച്ചി


# കോട്ടപ്പടി ബാങ്ക്, ലിമിറ്റഡ്
സ്ഥാപിതം 1930
H. O കോട്ടപ്പടി (S. മലബാർ)
ബ്രാഞ്ചുകൾ:— (1) ആററുപുറം, (2) ചാവക്കാടു്, (3) ഗുരുവായൂർ
പുതിയ നക്കുകറി
നറുക്കു 1 ക്കു് 100 ക. 105 നറുക്കു് 10500 ക. നല
1951 ജനുവരി 10-ാംനു- ഹെഡാഫീസിൽവെച്ചു നറുക്കെടുക്കും. കുറിയിൽ കുറഞ്ഞതു 3 ക. 2 ണ. യുടെ വീതം വരെ ചേർക്കുന്നതും കൂടുതൽ വിവരം ബേങ്കാഫീസുകളിൽനിന്നു അറിയാവുന്നതും ആണു്.
ഡയരക്ടർമാർ
1. എം. വി. ലോനപ്പൻ, (മാനേജിംഗ് ഡയറക്ടർ)
2. ..ി. പി. മാത്തുകുട്ടി
3. എം. കേശവൻ നമ്പീശൻ
4. പി. കെ. ശങ്കരൻ
5. എ. പി. ഇയ്യപ്പൻ
6. എം. ഐ. കൊച്ചുവുസേഫ്, (മാനേജർ)
7. കെ. സി. പൈലുണ്ണി, B. A. B. L. (ലീഗൽ അഡ്വൈസർ)




വി. ഫിലോമിനായുടെ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

By R. K.

# * അമൂല്യനിമിഷങ്ങൾ

ജനുവരി 1

നിങ്ങളിൽക്കൂടി ലോകത്തിലേക്ക്

സാൻഫ്രാൻസിസ്കോയിലെ പൊതുനിരത്തുകളിൽക്കൂടി ഒരു കൊച്ചുകുട്ടി മനോഹരമായ ഒരു ഉന്തുവണ്ടിയിൽ ഒരു ചെറിയ "കുട്ടി"യെ കിടത്തി തള്ളിക്കൊണ്ട് ഓടുകയായിരുന്നു. ക്രിസ്മസ് കഴിഞ്ഞിട്ട് ഒന്നോ രണ്ടോ ദിവസമേ ആയിരുന്നുള്ളൂ. അതുകൊണ്ടായിരിക്കാം ഉന്തുവണ്ടിയിലെ കൊച്ചുയാത്രക്കാരൻ "ഉണ്ണിയീശോ" ആയിരുന്നത്.

കാറും ബസ്സും ഇടവിടാതെ ഓടുന്ന വഴിയിൽ തന്റെ കുഞ്ഞിനെ കണ്ടു പരിഭ്രമിച്ചു, കുട്ടിയുടെ അമ്മ ഓടിയെത്തി ഉടനെ അവിടെവച്ചുതന്നെ ശിക്ഷിക്കാനിച്ഛിച്ചുകൊണ്ട് അവനെ ശാസിക്കുവാൻ തുടങ്ങി.

കുട്ടി ഉദ്വേഷരഹിതനായി അമ്മയോട് ന്യായവാദം ചെയ്തു. "അമ്മേ, ക്രിസ്മസ്സിനു എനിക്ക് ഒരു പുതിയ ഉന്തുവണ്ടി കിട്ടിയാൽ, അതിലെ ഒന്നാമത്തെ സവാരി ഉണ്ണിയീശോയ്ക്ക് ആയിരിക്കും എന്നു ഞാൻ ആ ഉണ്ണിയോടു വാഗ്ദാനം ചെയ്തിരുന്നു."

അതെ ദൈവത്തോട് നമ്മുടെ നന്ദി പ്രദർശിപ്പിക്കാൻ പുതുവത്സരാരംഭം പോലെ ഉചിതമായ മറ്റൊരു അവസരമില്ല. നമുക്കു ദൈവം നൽകിയിട്ടുള്ള അനുഗ്രഹങ്ങളെ നാം എങ്ങനെയെങ്കിലും ഏറ്റുപറയുന്നത് നല്ലതുതന്നെ. അതു് ആവശ്യവുമാണ്. അതിനു പറ്റിയ ഒരു മാർഗ്ഗം ആ നല്ല ദൈവത്തിന്റെ സ്നേഹം നമ്മുടെ ചുറ്റുമുള്ള ലോകം കൂടുതൽ അറിയുന്നതിനായി നാം ശ്രമിക്കുന്നതാണ്.

"നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ, ഇതുകൊണ്ടുതന്നെ നിങ്ങൾ എന്റെ അനുയായികളാകുന്നു എന്ന് ലോകം അറിയട്ടെ." (വി. യോഹന്നാൻ 13-35)

ആറു വയസ്സുമാത്രം ഉണ്ടായിരുന്ന ആ കുട്ടി മിശിഹായോട് സ്നേഹബന്ധത്തിൽ ഐക്യപ്പെട്ടവിധത്തിൽ നാമും ആയിത്തീരുന്നതിനു മിശിഹായോടു പ്രാർത്ഥിക്കുന്നതുപോലെ എളുപ്പവഴികൾ വേറെ അധികമില്ല.

ജനുവരി 2

നിങ്ങൾ എന്തു ചെയ്യും?

"സിസ്റ്റർ കെന്നി" എന്ന ചലച്ചിത്രം എടുക്കുന്നതിനുള്ള പ്രാരംഭശ്രമങ്ങൾക്കിടയിൽ അതിന്റെ പ്രവർത്തകർ വേണ്ട നിർദ്ദേശങ്ങൾ ലഭിക്കുന്നതിനായി, പ്രസിദ്ധ ആതുരശുശ്രൂഷകയായിരുന്ന കെന്നി സഹോദരിയെത്തന്നെ ആസ്ട്രേലിയായിൽനിന്നും വരുത്തി. വാതസംബന്ധമായി കുട്ടികൾക്കുണ്ടാകാവുന്ന രോഗങ്ങൾക്കുള്ള ചികിത്സ കണ്ടുപിടിച്ച സാഹചര്യങ്ങളെപ്പറ്റി അവരോടു അവർ അന്വേഷിച്ചു. തനിക്ക് തീരെ അപരിചിതമായിരുന്ന രോഗലക്ഷണങ്ങൾ ഒരു ഗ്രാമീണബാലനിൽ കണ്ടപ്പോൾ, അടുത്ത പട്ടണത്തിലെ ഡോക്ടർക്ക് അവയെല്ലാം കമ്പിയടിച്ചിട്ട് ചികിത്സാക്രമം അറിയിക്കുവാൻ അപേക്ഷിക്കുകയും വളരെ നേരം കാത്തിരുന്നപ്പോൾ, രോഗം കുട്ടികൾക്കുള്ള വാതമാണെന്നും, അതിന് ഇന്നുവരെ പ്രതിവിധി കണ്ടുപിടിച്ചിട്ടില്ലെന്നും, യുക്തമെന്നു തോന്നുന്നതു ചെയ്തുകൊള്ളുകയെന്നും കമ്പിമാർഗ്ഗം മറുപടി ലഭിച്ചു എന്നും ഉള്ള വിവരങ്ങൾ സിസ്റ്റർ കെന്നി അവരോടു പറഞ്ഞു.

ഇത്രയും കേട്ടപ്പോൾ, തന്റെ ഭാഗം അഭിനയിക്കാൻ ഒരുങ്ങിയിരുന്ന നടി, ഇടയ്ക്കു കയറി ചോദിച്ചു: "സിസ്റ്റർ കെന്നി, ഉടനെ എന്തുചെയ്യാനായിരുന്നു നിങ്ങളുടെ പ്രേരണ? കുറെ വെള്ളം ചൂടാക്കി, ആവി പിടിക്കുവാനോ? …… ഉടനെ നിങ്ങൾ എന്തുചെയ്തു?"

ശാന്തമധുരമായി പുഞ്ചിരിതൂകിക്കൊണ്ട് സിസ്റ്റർ പറഞ്ഞു: "അല്ലല്ല. മറ്റൊന്നും ആലോചിക്കുന്നതിനു മുമ്പേ, ഞാൻ മുട്ടുകുത്തി, എനിക്കു വിവേകവും സൽബുദ്ധിയും ലഭിക്കുവാനായി പ്രാർത്ഥിച്ചു."

കർത്താവേ, അവിടുത്തെ നീതിയും ദയയും അത്രേ ഞങ്ങളുടെ അവശതകൾക്ക് പരിഹാരം. അവയെ ഞങ്ങൾക്കും നൽകുക. മറ്റുള്ളവരോടുകൂടി അതു് അനുഭവിക്കുവാൻ ഞങ്ങളേയും അനുഗ്രഹിക്കുക.

ജനുവരി 3

കുറുക്കുവഴി ഇല്ല

ഒരു വലിയ വ്യവസായപ്രവർത്തകൻ തന്റെ പുത്രന്റെ സർവ്വകലാശാലാ വിദ്യാഭ്യാസത്തെപ്പറ്റി അധികൃതരോട് ആലോചിച്ചു. ഓരോ വിഷയങ്ങൾക്കും മൂന്നും നാലും കൊല്ലം പഠിച്ചെങ്കിലേ സ്വപുത്രനു് അതിൽ വേണ്ട ജ്ഞാനം സിദ്ധിക്കയുള്ളൂ എന്നുകണ്ടു് ഭയാൾ അല്പം അക്ഷമനായി.

"ഹേയ്, ഈ മൂന്നു നാലുകൊല്ലം ചെലവാക്കാതെ അവനു് ഇതൊന്നും പഠിച്ചുകൂടേ? കാലയളവു് അല്പം ഒന്നു് കുറക്കരുതോ? അവനു് വേഗം അഭ്യസനം അവസാനിപ്പിച്ചേ മതിയാവൂ."

കലാശാലയുടെ അധികാരി അല്പം പോലും ക്ഷോഭം കൂടാതെ മറുപടി പറഞ്ഞു: "കുറയ്ക്കാം. നിങ്ങളുടെ മകനു് എത്രവേഗം വേണമെങ്കിലും ഇവിടത്തെ അദ്ധ്യയനം മതിയാക്കാം. കാലയളവു് അവന്റെ ഉദ്ദേശത്തെ ആശ്രയിച്ചിരിക്കുന്നു. ഭാവിയിൽ ഏതു നിലയിൽ എത്തണമെന്നാണ് അവന്റെ ആഗ്രഹം? അതനുസരിച്ചു് സമയം ക്രമപ്പെടുത്താം. ഒരു മഹാ വൃക്ഷം ഒരിടത്തു വേണമെന്ന് ദൈവം നിശ്ചയിച്ചാൽ അതിനു് പത്തൻപതു കൊല്ലം സമയം കൊടുക്കാറുണ്ടു്. നേരെ മറിച്ചു് ഒരു ഞൊട്ടാഞൊടിയൻ ആണു് ദൈവത്തിനു് അവിടെ ആവശ്യമെങ്കിൽ അതു വളരുന്നതിനു് മൂന്നോ നാലോ ദിവസം മതിയാകും."

എളുപ്പവഴികൾ എല്ലാം നമ്മെ ആകർഷിക്കുന്നു. എളുപ്പമാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യവും നമുക്കുണ്ടു്. പക്ഷേ വൻവൃക്ഷങ്ങൾ ഒന്നോ രണ്ടോ ദിവസങ്ങൾകൊണ്ടു് വളരാത്തതുപോലെ, നമ്മുടെ ബുദ്ധിയും മനസ്സും നിമിഷനേരംകൊണ്ടു് സംസ്കാരസമ്പന്നമാവുകയില്ല. നമ്മുടെ നിത്യപിതാവിങ്കലേക്കുള്ള ഒരുക്കമാണു് ഈ ലോകം എന്നും നാം മറക്കരുതു്.

"ക്ഷമയുള്ളവനെ അവന്റെ വിവേകം ഭരിക്കുന്നു. അക്ഷമരായുള്ളവരോ അവരുടെ വിഡ്ഢിത്തത്തെ പ്രകടമാക്കുകയും സ്തുതിക്കുകയും ചെയ്യുന്നു." (പഴമൊഴികൾ 14: 29)

ദൈവദത്തമായ നമ്മുടെ സ്വഭാവത്തിലെ അത്യുൽകൃഷ്ടമായ ഗുണങ്ങൾ നമ്മിൽ വികസിക്കുന്നതുവരെ ക്ഷമിച്ചിരിക്കുവാനുള്ള അനുഗ്രഹത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

ജനുവരി 4

പ്രത്യക്ഷത്തിൽ കാണാവുന്നവയെ അവഗണിക്കരുതു്

ഒരു രാജാവു് തന്റെ പ്രജകളിൽ ഏറ്റം ബുദ്ധി കൂടുതലുള്ള വ്യക്തിയെ കണ്ടുപിടിച്ചു് തന്റെ പ്രധാന മന്ത്രിയാക്കാൻ നിശ്ചയിച്ചു. ആ അന്വേഷണത്തിൽ ഏതാണ്ടു് തുല്യസാമർത്ഥ്യമുള്ള മൂന്നു പേരെ കണ്ടെത്തി. അവരിൽനിന്നും അവസാനതീരഞ്ഞെടുപ്പ് നടത്തുവാൻ രാജാവു് ഒരു പരീക്ഷണം നടത്തി.

അവർ മൂന്നുപേരെയും കൊട്ടാരത്തിനുള്ളിൽ ഒരു മുറിയിൽ ആക്കി. മുറിയിൽനിന്നും പുറത്തേക്കുള്ള വാതൽ താക്കോൽ കൂടാതെ തുറക്കാവുന്ന വിധത്തിൽ കൃത്രിമമായി ബന്ധിച്ചിരിക്കുന്നു എന്നും, ആദ്യമായി അതു തുറക്കുന്ന ആളിനെ തന്റെ പ്രധാനമന്ത്രി ആക്കാമെന്നും അയാൾ അവരെ അറിയിച്ചു.

മൂന്നുപേരും ഗാഢമായി ആലോചിച്ചുതുടങ്ങി. മറ്റു രണ്ടുപേരും കടലാസും പേനയും എടുത്തു് പല കണക്കുകളും കൂട്ടുകയും, യന്ത്രപ്രവർത്തനങ്ങൾ പടം വരച്ചു് പരീക്ഷിക്കുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ, മൂന്നാമൻ നേരെ നടന്നു് വാതലിന്റെ സമീപം ചെന്നു് കതകു് പൂട്ടിയിട്ടുണ്ടോ എന്നു നോക്കി, അതിന്റെ കൈപിടി തിരിച്ചു. കതകു തുറന്നു. അതു് പൂട്ടിയിരുന്നില്ല. പരീക്ഷണത്തിനായി അടച്ചിരുന്നതേ ഉള്ളൂ.

"ചോദിപ്പിൻ, നിങ്ങൾക്കു ലഭിക്കും: അന്വേഷിപ്പിൻ, നിങ്ങൾ കണ്ടെത്തും: മുട്ടുവിൻ, അതു് നിങ്ങൾക്കായി തുറക്കപ്പെടുകയും ചെയ്യും." (വി. മത്തായി 7. 7)

നിങ്ങളുടെ നിത്യലക്ഷ്യം പ്രാപിക്കുവാൻ ക്രിസ്തു ചൂണ്ടിക്കാണിക്കുന്ന മാർഗ്ഗങ്ങളെ നിങ്ങൾ സ്വീകരിക്കുവാനിടയാകുന്നതിനായി എപ്പോഴും പ്രാർത്ഥിക്കുക.

ജനുവരി 5

ശാന്തമായി പെരുമാറുക

സെൻറ് ലൂയി എന്ന നഗരത്തിലെ കാഴ്ചബംഗ്ലാവിൽ ഒരു കൂട്ടിൽ രണ്ടു് കരടികളെ അടച്ചിരുന്നു. ഒരിക്കൽ ഒരു ബാലൻ കൂടിന്റെ ഇരുമ്പഴികൾക്കു് മുകളിൽക്കൂടി ആ കൂട്ടിൽ ഒന്നിറങ്ങിനോക്കി. കരടികൾ രണ്ടുംകൂടി ഓടിവന്നു് ബാലനെ വലിച്ചിഴച്ചു കൂടിന്റെ ഉള്ളിലേക്കു് കൊണ്ടുപോയി. പുറത്തുനിന്ന മറ്റുകുട്ടികൾ ഉറക്കെ നിലവിളിച്ചു. ഇതുകേട്ടു കാവൽക്കാർ ഓടിയെത്തി, രക്ഷാകവചങ്ങളിട്ടു് കൂട്ടിൽ കയറി, കരടികളിൽനിന്നു് ബാലനെ രക്ഷിച്ചു. ദേഹത്തു ചില മുറിവുകൾ ഉണ്ടായതല്ലാതെ കുട്ടിക്കു് വലിയ അപകടം ഒന്നും സംഭവിച്ചില്ല.

ആ കാഴ്ചബംഗ്ലാവിലെ മൃഗശാസ്ത്രവിദഗ്ദ്ധൻ ഈ വിവരം കേട്ടപ്പോൾ പറഞ്ഞു: "ക്രൗര്യമേറിയ ആ ജന്തുക്കളിൽനിന്നും കുട്ടി രക്ഷപ്പെട്ടതിനു് ഒരേ ഒരു കാരണമേയുള്ളൂ. അപകടത്തിൽ ഉൾപ്പെട്ടശേഷം അവൻ കരടികളെ യാതൊരു വിധത്തിലും എതിർക്കാൻ ശ്രമിച്ചിരിക്കയില്ല. എതിർക്കാൻ ശ്രമിച്ചിരുന്നെങ്കിൽ അവ, അവനെ കടിച്ചുകൊല്ലുമായിരുന്നു."

"നിന്റെ പ്രതിയോഗിയോടുകൂടി നീ ആയിരിക്കുകിൽ അവനുമായി യോജിച്ചുപോവുക. അല്ലെങ്കിൽ, ഒരുപക്ഷേ അവൻ നിന്നെ ന്യായാധിപന്മാർക്കും, അവർ മറ്റു അധികാരികളുടെ പക്കലും ഏല്പിക്കുകയും, നീ കാരാഗൃഹത്തിൽ അടയ്ക്കപ്പെടുകയും ചെയ്തേക്കാം."

(വി. മത്തായി 5. 25.)

"ഓ! ദൈവമേ, ലോകത്തിൽ അഭിപ്രായവ്യത്യാസങ്ങൾ വരുമ്പോൾ, വ്യക്തിവിദ്വേഷത്തിനു് ഇടംകൊടുക്കാതെ സന്മാർഗ്ഗത്തിൽ സ്ഥിരമായി നിലനില്ക്കുവാനുള്ള അനുഗ്രഹം എനിക്കു തരിക."

ജനുവരി 6

മൂന്നു രാജാക്കന്മാർ

ബെത്‌ലഹേമിൽ അവതരിച്ച ദൈവപുത്രനെ കണ്ടു് ആചരിച്ചു് ബഹുമാനിക്കുവാൻ പൗരസ്ത്യദേശത്തുനിന്നും വന്ന ബുദ്ധിമാന്മാരായ മൂന്നു രാജാക്കളെ ഇന്നു ക്രിസ്തീയലോകം അനുസ്മരിക്കുന്നു. ആ ബുദ്ധിമാന്മാരുടെ വിശ്വാസവും, ആഗ്രഹവും, സ്നേഹവും നമുക്കെല്ലാം മാർഗ്ഗദർശകമാണു്.

1. അവർ ഋജുബുദ്ധികളും ആത്മാർത്ഥതയുള്ളവരും ആയിരുന്നു. ദുഷ്ടനും വഞ്ചകനുമായ ഹേറോദേസിനോടുതന്നെ യൂദന്മാരുടെ രാജാവായി ജനിച്ച ആ ശിശുവിനെപ്പറ്റി അവർ അന്വേഷിക്കുകയും, ആ രാജാവിന്റെ നക്ഷത്രം അവർക്കു ഒരു വസ്തുത അറിയിക്കുകയും ചെയ്തു.

2. അവർ വളരെ കഷ്ടപ്പെടുകയും വഞ്ചകന്മാരുടെ ഇടയിൽപ്പെടുകയും ചെയ്തു. വിദൂരത്തുനിന്നും, മറ്റു പരിവാരങ്ങൾ ഒന്നും കൂടാതെ, ഒരു നക്ഷത്രത്തെ പിന്തുടർന്നുവന്ന അവരെ, അവരുടെ ആരാധ്യപുരുഷനെ വധിക്കുവാൻ ഉപകരണമാകത്തക്കതുപോലെ വഞ്ചിക്കുവാൻ, ഹേറോദേസ് ശ്രമിച്ചു.

3. അവർ ദൈവപുത്രനെ അന്വേഷിക്കുന്നതിൽ ആനന്ദിച്ചു. വഴികാട്ടിയിരുന്ന നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികമായി ആഹ്ലാദിച്ചു എന്നത്രേ വി. മത്തായി പറയുന്നതു്.

4. അവരുടെ ഭക്തിയും സ്നേഹവും ഹൃദയംഗമവും സമ്പൂർണ്ണവും ആയിരുന്നു. "വീട്ടിനുള്ളിൽ പ്രവേശിച്ചു അവർ ശിശുവിനെ തന്റെ അമ്മയായ മറിയത്തിന്റെ പക്കൽ കണ്ടു് സാഷ്ടാംഗപ്രണാമം ചെയ്തു് ആരാധിച്ചു. അവരുടെ നിക്ഷേപഭണ്ഡാഗാരങ്ങൾ തുറന്നു് പൊന്നും മീറയും കുന്തുരുക്കവും അവർ സമ്മാനിച്ചു." (വി. മത്തായി 2. 21.)

ഏതു സാഹചര്യങ്ങളിലും എത്ര പ്രയാസപ്പെട്ടാലും, ക്രിസ്തുവിന്റെ സന്ദേശവാഹിയായിരിക്കുവാനുള്ള അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. കഷ്ടനഷ്ടങ്ങളെ ഒന്നും കൂട്ടാക്കുകയുമരുതു്.

ജനുവരി 7

അതു് അത്ര എളുപ്പമല്ല

ഒരു ഗൃഹസ്ഥൻ മനോഹരമായ തന്റെ ഉദ്യാനം സംരക്ഷിക്കുന്നതിൽ അതീവതല്പരനായിരുന്നു. എന്നാൽ അയാൾക്കു് ഇഷ്ടമില്ലാത്ത ഒരുതരം പൂക്കൾ ഉദ്യാനം നിറയെ താഴെ വളർന്നുതുടങ്ങി. അയാൾക്കു് അറിയാമായിരുന്ന സകല ശ്രമങ്ങളും നടത്തിയിട്ടും ആ പൂച്ചെടികൾ വീണ്ടും വളർന്നുവന്നു. ക്രമത്തിലധികം നൈരാശ്യത്തോടും, ദേഷ്യത്തോടുംകൂടി അയാൾ സർക്കാരു കൃഷിവകുപ്പു് മേധാവിയെ ധരിപ്പിച്ചു: "ഇനി ഞാൻ എന്തുചെയ്യണം?" അയാൾ ആശയോടുകൂടി ചോദിച്ചു.

ആ ശാസ്ത്രജ്ഞന്റെ മറുപടി തികച്ചും അപ്രതീക്ഷിതമായിരുന്നു.

"ആ പൂച്ചെടികൾ ചീത്തയാണെന്നു് കരുതാതെ അവയെ സ്നേഹിച്ചു്, അവയുടെ വളർച്ചയിൽ സന്തോഷിക്കാൻ ശ്രമിക്കൂ."

അസാദ്ധ്യമെന്നു് കരുതുന്ന സാഹചര്യങ്ങളിൽ, സാധിക്കേണ്ടതുതന്നെ വേണ്ടതാണെന്നു് കരുതുന്നതു് മനശ്ശാന്തിക്കു് ഉപകരിക്കുന്നു. പല പ്രതിബന്ധങ്ങളേയും അവഗണിച്ചു് യുദ്ധരംഗത്തുകൂടി മുന്നോട്ടു് ഓടിയ അമേരിക്കൻ പട്ടാളക്കാർ നേരമ്പോക്കായി പറയുമായിരുന്നു: "പ്രയാസമേറിയ കാര്യങ്ങൾ ഉടനെ ഉടനെ ഞങ്ങൾ നിർവ്വഹിച്ചു ........ അസാദ്ധ്യകാര്യങ്ങൾ നേടുവാൻ പലപ്പോഴും കുറച്ചു് താമസിച്ചിട്ടുണ്ടു്......"

"സൂക്ഷിച്ചിരിക്കുക. വിശ്വാസത്തിൽ സ്ഥിരമായും വർത്തിക്കുക. (കർത്തവ്യത്തെ) പൗരുഷത്തോടുകൂടി നിർവ്വഹിച്ചു് അധികശക്തി പ്രാപിക്കുകയും ചെയ്യുക." (1. കൊറിന്ത്യാക്കാർക്കു്: 16. 13.)

"നാഥാ! പരിഷ്കരിക്കുവാനും നന്നാക്കുവാനും കഴിയുന്നവയെ പരിഷ്കരിച്ചു് നന്നാക്കുന്നതിനും, പരിഹരിക്കാൻ കഴിയാത്തവയെ ക്ഷമയോടെ നേരിടുന്നതിനും, ഇവ രണ്ടും തമ്മിൽ തിരിച്ചറിയുന്നതിനും ഉള്ള ബുദ്ധിയും ശക്തിയും എനിക്കു നീ തരിക."

* ക്രിസ്റ്റഫർ പദ്ധതിയുടെ പ്രണേതാവായ ഫാദർ ജയിംസ് കെല്ലർ രചിച്ചിട്ടുള്ള "Three Minutes A Day" എന്ന പുസ്തകത്തിന്റെ വിവർത്തനം.


കോമൺവെൽത്ത്
ബാങ്ക് (ക്ലിപ്തം)
H. O. കാഞ്ഞിരപ്പള്ളി
ബ്രാഞ്ചുകൾ:—
കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം
ഡയറക്ടറന്മാർ
മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. റ്റി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).
ഡിപ്പോസിറ്റുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തിക്കൊടുക്കുകയും ചെയ്യുന്നു.
സെക്രട്ടറി
കെ. ഡോമിനിക്ക ജോസഫ്
ബി. എ. ബി. എൽ.




## കൂട്ടുകാർ ആരാണു്?

അവിടുത്തേക്കു പന്ത്രണ്ടു വയസ്സുണ്ടായിരുന്നപ്പോൾ, തിരുനാൾ ദിവസത്തെ പതിവനുസരിച്ചു്, അവർ ഓർശലത്തുപോയി; തിരുനാൾ ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവർ വീട്ടിലേക്കു പുറപ്പെട്ടു. എന്നാൽ ബാലനായ ഈശോ ഓർശലത്തുതന്നെ നിന്നു. ഇതു് അവിടുത്തെ മാതാപിതാക്കന്മാർ അറിഞ്ഞുമില്ല. അവിടുന്നു് സഹയാത്രക്കാരോടുകൂടി ഉണ്ടായിരിക്കുമെന്നു വിചാരിച്ചുകൊണ്ടു് അവർ ഒരു ദിവസത്തെ വഴി പോന്നു. അപ്പോഴാണു് പരിചിതരുടേയും ചാർച്ചക്കാരുടേയും ഇടയിൽ അവിടുത്തെ അന്വേഷിച്ചതു്. അവിടുത്തെ കാണാഞ്ഞതിനാൽ അവർ അന്വേഷിച്ചു ഓർശലത്തേക്കു തിരിച്ചുപോയി. മൂന്നുദിവസം കഴിഞ്ഞു മാത്രമാണു് അവിടുത്തെ കണ്ടെത്തിയതു്. അവിടുന്നു, ദൈവാലയത്തിൽ ഉപദേഷ്ടാക്കളുടെ മദ്ധ്യേ, അവരെ ശ്രവിച്ചുകൊണ്ടും അവരോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടും ഇരുന്നു. അവിടുത്തെ ശ്രവിച്ചവരെല്ലാവരും അവിടുത്തെ ബുദ്ധിസാമർത്ഥ്യത്തേയും, അവിടുന്നു നൽകിയ പ്രത്യുത്തരങ്ങളേയുംപററി അത്ഭുതപരതന്ത്രരായിത്തീർന്നു. അവിടുത്തെ അവിടെ കണ്ടപ്പോൾ അവർ വിസ്മയിച്ചുപോയി. ഉടനെ അവിടുത്തെ മാതാവു ചോദിച്ചു: എന്റെ മകനേ! നീ എന്തുകൊണ്ടാണു് ഇപ്രകാരം ഞങ്ങളോടു പ്രവർത്തിച്ചതു? നിന്റെ പിതാവും ഞാനും നിന്നെ അന്വേഷിച്ചു് എത്ര ഹൃദയവേദന അനുഭവിച്ചുവെന്നു ചിന്തിക്കുക. അപ്പോൾ അവിടുന്നു് അവരോടു ചോദിച്ചു: നിങ്ങൾ എന്നെ അന്വേഷിക്കുവാൻ എന്താണു് കാരണം? ഞാൻ എന്റെ പിതാവിന്റെ സ്ഥലത്തായിരിക്കണം എന്നു നിങ്ങൾക്കറിഞ്ഞുകൂടേ! അവിടുന്നു പറഞ്ഞ വാക്കുകൾ അവർക്കു ദുർഗ്രഹമായിരുന്നു. എങ്കിലും അവിടുന്നു് അവരോടുകൂടെ പുറപ്പെട്ടു നസ്രത്തിലേക്കു പോയി, അവർക്കു വിധേയനായി അവിടെ പാർത്തു. എന്നാൽ അവിടുത്തെ മാതാവു് തന്റെ ഹൃദയത്തിൽ ഇവയെല്ലാം സൂക്ഷിച്ചിരുന്നു. ഈശോ പ്രായത്തിൽ എന്നപോലെ വിജ്ഞാനത്തിലും, ദൈവത്തിന്റേയും മനുഷ്യരുടേയും അടുക്കൽ നന്മയിലും വളർന്നു. (ദനഹാ 1-ാം ഞായർ; സുവിശേഷം: ലൂക്കാ II, 42—52,

എത്രതന്നെ ആവർത്തിച്ചാലും തിളക്കംപോകാത്തതും ഹൃദയമലിയിപ്പിക്കുന്നതുമായ ഒരു ദാരുണകഥയുണ്ടു്. പണ്ടു് ഒരു സുപ്രസിദ്ധ ചിത്രകാരൻ "ഒടുക്കത്തെ അത്താഴ"ത്തിന്റെ ഒരു ചിത്രം വരയ്ക്കുവാൻ ആരംഭിച്ചു. അതിൽ ക്രിസ്തുവിനെ ചിത്രീകരിക്കുവാനായി ഒരു നല്ല മാതൃകയെ അയാൾ അന്വേഷിച്ചുതുടങ്ങി. ഏതെങ്കിലും ഒരു ചരിത്രപുരുഷനെ ചിത്രീകരിക്കുവാനായി അയാളോടു് ഏററവുമധികം സാമ്യവും സാധർമ്മ്യവും വഹിക്കുന്ന ഒരു സജീവമനുഷ്യനെ ആരാഞ്ഞുപിടിച്ചു് അയാളെ മുൻപിലിരുത്തികൊണ്ടാണു് ചിത്രകാരൻ സ്വകൃത്യം ആരംഭിക്കുക പതിവായിരുന്നതു്. അങ്ങനെ നിഷ്കളങ്കതയും ജീവിതപരിശുദ്ധിയും മൂർത്തിമത്തായ സുഭഗനായ ഒരു യുവാവിനെ ആയാൾ തിരഞ്ഞുപിടിച്ചു ക്രിസ്തുവിന്റെ ചിത്രീകരണം സാധിക്കയും ചെയ്തു. എന്നാൽ "അത്താഴ"ത്തിന്റെ ചിത്രം മുഴുവനും പൂർത്തിയാക്കുവാൻ പല വർഷങ്ങൾ വേണ്ടിവന്നു. ഒടുവിൽ യൂദാസിനെ ചിത്രീകരിക്കുവാനായി ഒരു സജീവമാതൃകയെ അയാൾ അന്വേഷിച്ചുതുടങ്ങി. അക്രമപ്രസക്തിയും കൗടില്യവും ഉടലെടുത്ത ദുർമ്മാർഗ്ഗിയായിരുന്ന ഒരു മദ്ധ്യവയസ്കനെ അയാൾ ആരാഞ്ഞുപിടിച്ചു. അയാളെ ഇരുത്തികൊണ്ടു് യൂദാസിന്റെ ചിത്രീകരണവും സാധിച്ചു. ആ "യൂദാസ്" എഴുന്നേററു യാത്രപറഞ്ഞപ്പോൾ ചിത്രകാരനോടു് ഇപ്രകാരം ചോദിച്ചു: 'നിങ്ങൾ എന്നെ അറിയുകയില്ലേ?" 'ഇല്ലല്ലോ" ചിത്രകാരൻ അല്പം അത്ഭുതത്തോടെ മറുപടി നൽകി. "കുറെ കൊല്ലങ്ങൾക്കുമുമ്പു് ക്രിസ്തുവിന്റെ ചിത്രം വരയ്ക്കുവാൻവേണ്ടി ഒരാളെ പിടിച്ചിരുത്തിയതായി നിങ്ങൾ ഓർക്കുന്നുണ്ടോ?" "ഉവ്വ്." "ആ ആളാണു് ഞാൻ." അത്ഭുതസ്തിമിതനായ ചിത്രകാരൻ അല്പനേരം നിശ്ചലനായിനിന്നുപോയി. ഒടുവിൽ അയാൾ ചോദിച്ചു: "സഹോദരാ, ഇത്രവലിയ അധഃപതനം നിങ്ങളിൽ എങ്ങനെ സംഭവിച്ചു?" "ഞാൻ ദുഷ്ടസംസർഗ്ഗത്തിൽപെട്ടുകൊണ്ടാണു് ഇങ്ങനെ അധഃപതിച്ചുപോയതു്." ഇത്രയും പറഞ്ഞുകൊണ്ടു് അയാൾ ധൃതഗതിയിൽ നടന്നുമറഞ്ഞു.

...........ദുഷ്ടന്മാരുമായുള്ള കൂട്ടുകെട്ടു്, ഒരുവനിലുള്ള ക്രിസ്തുവിന്റെ ഛായയെ ഒരു യൂദാസിന്റെ ഛായയായി മാററുവാൻപോലും ഇടവരുത്തുന്ന ഒരു ദൂഷിച്ച സാഹചര്യമാണെന്നു് കാരണവന്മാർ മനസ്സിലാക്കുന്നതു നന്നായിരിക്കും.

"നീ നിന്റെ കൂട്ടുകാർ ആരെന്നു് പറഞ്ഞാൽ നീ എന്തു സ്വഭാവക്കാരനാണെന്നു ഞാൻ പറയാം" എന്നു് ഒരു മഹാൻ പ്രസ്താവിച്ചിരിക്കുന്നതു് ഏററവും അർത്ഥവത്താണു്. ഒരുത്തനും ഒരു കൊലപാതകിയോ വ്യഭിചാരിയോ ആയി ജനിക്കുന്നില്ല. പലപ്പോഴും ദൂഷിച്ച സാഹചര്യങ്ങളും വഷളായ മാതൃകകളുമാണു് അത്തരം നാശത്തിനു് വഴിതെളിക്കുന്നതു്. സൽസ്വഭാവികളും നിർമ്മലാത്മാക്കളുമായ എത്രയോ ബാലികാബാലന്മാരാണു് അവരുടെ വിദ്യാഭ്യാസകാലത്തു് ദുർവൃത്തരും ദുസ്സ്വഭാവികളുമായിത്തീരുന്നതു്. മത്സരബുദ്ധിയും അനുസരണമില്ലായ്മയും സുഖലോലുപത്വവും ആഡംബരഭ്രമവും മദ്യപാനാസക്തിയും ജഡികാഭിലാഷങ്ങളും എത്രവേഗം അവരിൽ രൂഢമൂലമാകുന്നു. വിദ്യാഭ്യാസാർത്ഥം വിദേശത്തുപോയി വസിക്കുന്ന ബാലൻ ഒരു കൊല്ലംകഴിഞ്ഞു് മടങ്ങിവരുന്നതു് വളരെ വ്യത്യാസപ്പെട്ടവനായിട്ടാണു്. ആദ്യകാലങ്ങളിൽ അവന്റെ ചിന്താഗതിയിലും ജീവിതരീതിയിലും പ്രത്യക്ഷമാകുന്ന വ്യതിയാനങ്ങൾ വിദ്യാഭ്യാസത്തിന്റെ അനിവാര്യഫലങ്ങളാണെന്നു മാതാപിതാക്കന്മാർ സമാശ്വസിക്കുമെങ്കിലും അവന്റെ വിദ്യാഭ്യാസം പൂർത്തിയാകുമ്പോഴേക്കും അവർക്കു ബോദ്ധ്യമാകും അസാന്മാർഗ്ഗികമായ ഒരന്തരീക്ഷത്തിലെ വിഷവായുശ്വസനംവഴി അവന്റെ സന്മാർഗ്ഗജീവിതത്തിനും വിശ്വാസസൗധത്തിനും സാരമായ കേടുപാടുകൾ പററിയിട്ടുണ്ടെന്നു്. ഇതുകൊണ്ടാണു് കത്തോലിക്കാസഭ മക്കളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ മാതാപിതാക്കന്മാർക്കു് പ്രത്യേകനിഷ്കർഷവേണമെന്നുൽബോധിപ്പിക്കുന്നതു്. അവരുടെ മതവിശ്വാസത്തിനും സന്മാർഗ്ഗനിഷ്ഠയ്ക്കും ഭംഗംവരുന്നതിനു് ഇടവരുത്തിയേക്കാവുന്ന സാഹചര്യങ്ങളിൽ അവർ വിദ്യാഭ്യാസം ചെയ്യുന്നതിനു് അനുവദിക്കരുതെന്നു അനുശാസിക്കുന്നതും ഇതുകൊണ്ടുതന്നെയാണു്. സഭയുടെ നിയമാവലിയിലെ 1374-ാം കാനനിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "കത്തോലിക്കാകുട്ടികൾ കത്തോലിക്കേതരമോ നിഷ്പക്ഷമോ മിശ്രമോ ആയ വിദ്യാലയങ്ങളിൽ സാധാരണയായി പോകാതിരിക്കട്ടെ: പരി. സിംഹാസനത്തിൽനിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ചു് ഏതെല്ലാം സാഹചര്യങ്ങളിൽ, തെററിപ്പോകാതിരിക്കുന്നതിനുള്ള ഏതെല്ലാം വ്യവസ്ഥകളിൽ, പോകാമെന്നു തീരുമാനിക്കേണ്ടതു രൂപതാദ്ധ്യക്ഷനാണു്." കത്തോലിക്കാ വിദ്യാലയങ്ങളുടെ അസ്തിത്വം അഭംഗമായി പാലിക്കപ്പെടുവാനും അവയിൽ യഥാർത്ഥമായ കത്തോലിക്കാ അന്തരീക്ഷം സംജാതമാകുവാനും അവയെ ഗളഹസ്തം ചെയ്യാനോ വിർപ്പുമുട്ടിക്കുവാനോ മുതിരുന്ന ഏതൊരു ശക്തിയേയും എതിരിടുവാനും ഏതദ്വിഷയത്തിൽ രൂപതാദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അനുവർത്തിക്കുവാനുമുള്ള സർവ്വോപരിയായ ചുമതല മാതാപിതാക്കന്മാരിൽ നിക്ഷിപ്തമായിട്ടുണ്ടെന്നു ഇതിൽനിന്നു സ്പഷ്ടമാണല്ലോ. ഈ കടമയുടെ നിർവ്വഹണത്തെപ്പററി ഓരോരുത്തനും ഹൃദയത്തിന്മേൽ കൈവെച്ചുകൊണ്ടു് ഇത്തരുണത്തിൽ ഒരു ആത്മസംശോധനം നടത്തട്ടെ.

ദിവ്യബാലനെ കാണാതായപ്പോൾ എന്തുമാത്രം ഉൽകണ്ഠയോടും ദുഃഖത്തോടും കൂടിയാണു് അങ്ങ മാതാപിതാക്കന്മാർ അങ്ങയെ അന്വേഷിച്ചതെന്നു ഇന്നത്തെ സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നു. വെന്തുനീറുന്ന ഹൃദയത്തോടെ മൂന്നു ദിവസം മുഴുവനും ഊണും ഉറക്കവുമില്ലാതെ അവർ അങ്ങയെ അന്വേഷിച്ചു. സ്വന്തം മക്കളുടെ കാര്യത്തിലും ഇപ്രകാരം ഉൽകണ്ഠാഭരിതമായ അന്വേഷണം മാതാപിതാക്കന്മാർക്കു സദാ ഉണ്ടായിരിക്കണം. "എന്റെ മകൻ സൽസ്വഭാവിയും നല്ല ഇരുത്തമുള്ളവനുമാണു്. അവനു് എവിടെയായാലും ആരുടെകൂടെ നടന്നാലും ഒരു ദൂഷ്യവും വരാനില്ല" എന്നിങ്ങനെ വിഡ്ഢികളുടെ പറുദീസയിൽ സുഖനിദ്രയിലാളുന്ന മാതാപിതാക്കന്മാർ പിന്നീടു് പശ്ചാത്തപിക്കേണ്ടിവരുമെന്നുള്ളതിനു് അനുഭവം സാക്ഷിയാണു്. അലിപ്പിയസിന്റെ ചരിത്രത്തിൽ വി. ആഗസ്തീനോസ് രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവം ഇതിനു് ഉത്തമോദാഹരണമാണു്. റോമൻ മല്ലരംഗത്തിലെ ക്രൂരവിനോദങ്ങൾ കാണുവാൻ അലിപ്പിയസ് ഇഷ്ടപ്പെട്ടില്ല. എന്നാൽ സ്നേഹിതന്മാരുടെ നിർബന്ധം മൂലം ഒടുവിൽ അയാൾ അതിനു് വഴിപ്പെട്ടു. എങ്കിലും മല്ലരംഗത്തിൽ ചെന്നിരുന്നപ്പോഴും അയാൾ ആ പാപകരങ്ങളായ കാഴ്ചകൾ കാണാതിരിക്കുവാൻ കണ്ണുകൾ അടച്ചുപിടിച്ചു. ഹർഷാരവങ്ങളും ആർപ്പുവിളികളും മുഴങ്ങിയപ്പോൾ അലിപ്പിയസ് കണ്ണുതുറന്നു നോക്കി. തൽക്ഷണം ആ മല്ലൻ (Gladiator) തന്റെ ദേഹത്തിലേററ മുറിവിനെക്കാൾ ഭയങ്കരമായ ഒരു ക്ഷതമാണു് അലിപ്പിയസ് സ്വന്തം ആത്മാവിൽ ഏററതു്. അയാൾ എല്ലാവരോടുമൊപ്പം ഉച്ചത്തിൽ ഹർഷാരവം മുഴക്കയും ആവേശംകൊള്ളുകയും ചെയ്തു. മല്ലരംഗത്തിലെ ഒരു നിത്യസന്ദർശകനായിത്തീർന്ന അയാൾ മററുള്ളവരേയുംകൂടി ആ രക്തപങ്കിലവിനോദങ്ങൾ ദർശിക്കുവാൻ ക്ഷണിച്ചുകൊണ്ടുപോകയും ചെയ്തിരുന്നുവത്രെ.

ദുഷ്ടസംസർഗ്ഗത്തിൽനിന്നു സ്വസന്താനങ്ങളെ സംരക്ഷിക്കുവാൻ മാതാപിതാക്കന്മാർ എത്രതന്നെ ഉൽകണ്ഠപ്രദർശിപ്പിച്ചാലും ഒരിക്കലും അധികമായിപ്പോകയില്ല. ബാലമനസ്സു വെള്ളക്കടലാസ്സുപോലെയോ മെഴുകുപോലെയോ ആണു്. അതിൽ എന്തും എഴുതാം; ഏതുരൂപവും അതിനുനൽകാം. തന്നിമിത്തം ബാലികാബാലന്മാർ ദുർമാർഗ്ഗചാരികളുടെ സ്നേഹവലയത്തിൽ പെട്ടുപോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ബാലഹൃദയം എളുപ്പത്തിൽ ആരേയും വിശ്വസിക്കും, എന്തും പ്രവർത്തിക്കയുംചെയ്യും. മനുഷ്യൻ സ്വാഭാവികമായി തിന്മയിലേക്കു ചാച്ചിലുള്ളവനുമാണല്ലോ. മാതാപിതാക്കന്മാരുടെ ദൃഷ്ടികൾ ഇക്കാര്യത്തിൽ ജാഗരൂകമായിരിക്കണം. നിഷ്കളങ്കരായ കൊച്ചുമാലാഖമാരാണു് തങ്ങളുടെ അരുമസന്താനങ്ങളെന്നു അവർ വിചാരിക്കുമ്പോൾ പലപ്പോഴും തിന്മയുടെ തീക്കനലിൽ നിപതിച്ചു് അവർ പൊള്ളലേററു കഴിഞ്ഞിരിക്കും; വിശിഷ്ടവേഷഭൂഷകളണിഞ്ഞ ആ പിഞ്ചുകളേബരങ്ങൾക്കുള്ളിൽ തിന്മയുടെ ദുർഗന്ധം വമിക്കുന്നുണ്ടായിരിക്കും. പകർച്ചവ്യാധികളുള്ള വീടുകളിൽ പോകരുതെന്നു മക്കളെ കർശനമായി മുടക്കുന്ന മാതാപിതാക്കന്മാർ ആദ്ധ്യാത്മിക സാംക്രമികരോഗങ്ങൾ പിടിപെടുന്ന കൂട്ടുകാരേയും സാഹചര്യങ്ങളേയും കൈവെടിയണമെന്നു കൂടുതൽ കർശനമായി നിർബന്ധിക്കേണ്ടതല്ലേ? ഇക്കാര്യത്തിൽ ഉപദേശവും, ശാസനയും, പോരെങ്കിൽ ശിക്ഷയും, പ്രയോഗിക്കേണ്ടതാണു്; പക്ഷെ ആത്മാർത്ഥതയും തീക്ഷ്ണതയും തുളുമ്പുന്ന തരത്തിലായിരിക്കണം. മക്കൾ അപഥസഞ്ചാരികളായിത്തീരുന്നെങ്കിൽ തൊണ്ണൂറു് ശതമാനവും ദുഷ്ടസംസർഗ്ഗംവഴിയായിട്ടാണെന്നു സധൈര്യം പറയാവുന്നതാണു്. ഇസ്മായേലിനെ സ്വഗൃഹത്തിൽനിന്നു ബഹിഷ്കരിക്കുവാൻ സാറാ പരിശ്രമിച്ചതിനു കാരണം സ്വസന്താനമായ ഇസാക്കു് ദുഷ്ടസംസർഗ്ഗത്തിൽപെട്ടുപോകാതിരിപ്പാനായിരുന്നു. യാക്കോബിന്റെ പുത്രി "ദീന"യ്ക്കും സുവിശേഷത്തിലെ ധൂർത്തപുത്രനും വന്നുഭവിച്ച അധഃപതനത്തിനു കാരണവും ഇതായിരുന്നുവല്ലോ. മക്കൾ എല്ലാവരും സന്ധ്യയോടുകൂടി വീട്ടിൽവന്നെത്തണമെന്നു് നിർബന്ധിക്കണം. കുടുംബം അവർക്കു ആകർഷകമാക്കിത്തീർക്കുവാൻ എല്ലാ ശ്രമങ്ങളും ചെയ്യണം. ബാലന്മാരും ബാലികമാരും ഒന്നിച്ചുള്ള കളികൾ നിരുത്സാഹപ്പെടുത്തണം. വീട്ടിലായാലും വസ്ത്രധാരണത്തിലും പെരുമാററത്തിലും സംസാരത്തിലും അടക്കവും വിനയവും പാലിക്കപ്പെടണം. കുട്ടികളല്ലെ എന്നു വിചാരിച്ചു് ഇക്കാര്യത്തിൽ അനാസ്ഥകാണിക്കരുതു്. മക്കൾ യുവത്വം പ്രാപിക്കുമ്പോൾ അവരുടെ കൂട്ടുകാർ ആരെല്ലാമാണെന്നു് ആരാഞ്ഞറിയണം. സ്നേഹിതനും സ്നേഹിതയും മററും സന്ദർശനങ്ങൾക്കായി വരികയോ അവരെ ക്ഷണിക്കയോ ചെയ്യുമ്പോൾ സൈ്വരവിഹാരത്തിനായി വിട്ടുകൊടുക്കരുതു്. സ്വസന്താനങ്ങൾ പ്രായത്തിൽ എന്നപോലെ ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പാകെ നന്മയിലും വളർന്നുവരുവാൻ മാതാപിതാക്കന്മാർ പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്യട്ടെ.

(ജെ. ചെമ്മണൂർ)

കടുത്തുരുത്തി

കാരാമയിൽ സി. ഒ. ബ്രദേഴ്സ്

സ്വർണ്ണവ്യാപാരം

പരിഷ്കരിച്ച പണിവാസന

പരിപൂർണ്ണ ഉത്തരവാദിത്വം

## മുഖംകാണിച്ചു

സീലോൺ പ്രധാനമന്ത്രി മി. ഡി. എച്ചു്. സേനാനായകു് ഡിസംബർ 29-ാംനു മാർപ്പാപ്പാതിരുമേനിയെ മുഖം കാണിച്ചിരിക്കുന്നു.

## അറിയിപ്പു്

കടുചിറ, കൂടല്ലൂർ കവല എന്നീസ്ഥലങ്ങളിലെ ഏജൻറായി മി. പന്തപ്ലാക്കിൽ വക്കി മാത്യുവിനെ നിയമിച്ചിരിക്കുന്നു. പത്രം ആവശ്യമുള്ളവർ ടിയാന്റെ ബീഡികടയിൽ ആവശ്യപ്പെട്ടാൽ കിട്ടുന്നതാണു്.

മാനേജർ, സത്യദീപം

ചെറുകഥ

# ജപമാല

(കെ. സി. ജോസഫ്, ആലപ്പുഴ)

നീണ്ട ഒരു ചൂളംവിളിയുടെ ശബ്ദം കേട്ടാണു ഞാൻ ഉണർന്നതു്. ഞാൻ എഴുന്നേററു് ചുററുമൊന്നു കണ്ണോടിച്ചു. യാത്രക്കാരിൽ പലരും ഭാണ്ഡങ്ങൾ എടുത്തു് ഒരുങ്ങിനിന്നിരുന്നു. ഞാൻ വാതായനത്തിൽക്കൂടി പുറത്തേക്കു നോക്കി. എനിക്കിറങ്ങേണ്ട സ്റ്റേഷനിലാണു് വണ്ടി നിൎത്തിയിരിക്കുന്നതു്. ഞാൻ പെട്ടിയുമെടുത്തു് ആൾത്തിരക്കിലൂടെ ബദ്ധപ്പെട്ടു് റോഡിലേക്കു് നടന്നു. "റിക്ഷാ, റിക്ഷാ" "കൂലി കൂലി" "കൂലിക്കാരു വേണോ സാറേ" "വല്ലതും എടുക്കാനുണ്ടോ സാറേ," എന്തു ബഹളം! അവരുടെ സേവനസന്നദ്ധതയ്ക്കു് നന്ദിപറയാതെ തന്നെ അവരുടെ വലയിൽനിന്നും രക്ഷപെട്ടു. അരമൈൽ അകലെയായി സ്ഥിതിചെയ്യുന്ന എന്റെ വീട്ടിലേക്കു് ഒരു പെട്ടിയുമെടുത്തുകൊണ്ടുവരുന്നതിനു് ഒരാളെയാണു് എനിക്കാവശ്യം. ആൾക്കൂട്ടത്തിൽനിന്നും കുറേ അകലെ മാറി പ്രശാന്തനായി നിന്നിരുന്ന കൃശഗാത്രനായ ഒരു പയ്യൻ ക്ഷീണിച്ച അവന്റെ മുഖത്തു് ഒരു മങ്ങിയ പുഞ്ചിരി പരത്തിക്കൊണ്ടു് എന്നെ സമീപിച്ചു. "സാറേ, പെട്ടി ഞാൻ കൊണ്ടുവരാം. സാറിനിഷ്ടമുള്ളതു തന്നേച്ചാൽ മതി" എന്നു് താഴ്മസ്വരത്തിൽ പറഞ്ഞു. ഇഷ്ടമുള്ളതു തന്നേച്ചാൽമതിയെന്നു പറഞ്ഞുവരുന്നവരെ തൃപ്തിപ്പെടുത്തുക അത്ര എളുപ്പമല്ലെന്നു് അനുഭവത്തിൽനിന്നു് എനിക്കറിയാമായിരുന്നു. എന്നാൽ എന്റെ മുൻപിൽ നിന്നിരുന്ന ബാലൻ അത്തരക്കാരനല്ലെന്നു് പ്രഥമദൃഷ്ടിയിൽത്തന്നെ എനിക്കു തോന്നി. വാടിയ മുഖത്തു് പ്രസരിച്ചിരുന്ന പുഞ്ചിരിയിൽ ഹൃദയപരമാൎത്ഥതയുടെ ഒരു പ്രതിഫലനം ദൃശ്യമായിരുന്നു. കീറത്തുണികളാൽ ആച്ഛാദനം ചെയ്യപ്പെട്ടിരുന്ന ആ മൃദുലമായ ശരീരത്തിൽ അടങ്ങാടിപ്പിടിച്ചുള്ളരെന്നറിയപ്പെടുന്ന ആ മ്ലേച്ഛവർഗ്ഗത്തിൽ കാണാൻ കഴിയാത്ത ശ്രേഷ്ഠതയുടെ പൊന്നൊളികൾ തെളിഞ്ഞുകാണാമായിരുന്നു. അവന്റെ മുഖത്തു് നിഷ്കളങ്കത നൃത്തംചെയ്തു. പട്ടിണിക്കുണ്ടിൽ വഴുതിവീണുപോയ നിരാശ്രയനായ തന്നെ ഉദ്ധരിക്കുവാൻ ഉദാരമതികൾ വല്ലവരും വരുന്നുണ്ടോയെന്നു ക്ഷീണിച്ച അവന്റെ ഹൃദയം എത്തിനോക്കുകയാണോയെന്നു തോന്നും. അവന്റെ നെററിത്തടത്തിനു താഴെ രണ്ടു മാളങ്ങളിൽ ഒളിച്ചിരുന്നു മിന്നിത്തിളങ്ങുന്ന കണ്ണുകൾ അവന്റെ നിഷ്കളങ്കതയെ ഉദ്ദീപിപ്പിച്ചിരുന്നു.

"നിന്നെ വിശ്വസിക്കാമോടാ?" ആ ബാലന്റെ നേൎക്കെനിക്കു തോന്നിയ ബഹുമാനത്തെ മറച്ചുകൊണ്ടു ഞാൻ ചോദിച്ചു "അയ്യോ സാറേ, എന്നെ വിശ്വസിക്കാൻ പാടില്ലേ?" എന്നെ എതിരേല്ക്കാൻ ആ പൂമുഖത്തു വന്നുനിന്നിരുന്ന ആ പുഞ്ചിരി പിന്തിരിഞ്ഞു. ആ ചുമടു നഷ്ടപ്പെടുന്നതു അവനു സങ്കടമായിരുന്നു. അവൻ ശ്രദ്ധാപൂൎവ്വം മടി പരിശോധിച്ചു. അതിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന ഒരു മാലയെടുത്തു് "ദേ, സാറേ, ഞാൻ ഈ പെട്ടിയുംകൊണ്ടു് ഓടിപ്പോയാൽ എന്റെ വെഞ്ചരിച്ച കൊന്ത സാറിന്റെ കൈയിൽ ഇരിക്കുമല്ലോ" എന്നു പറഞ്ഞുകൊണ്ടു എന്റെ നേരെ നീട്ടി. തനിക്കുള്ള സൎവ്വസ്വവും ജാമ്യം നൽകുകയാണെന്നു് നിശ്ശബ്ദമായി മന്ത്രിച്ചുകൊണ്ടു് അവന്റെ കൊച്ചുഹൃദയം അവന്റെ നയനദ്വയങ്ങളെ മുന്നോട്ടു തള്ളി. അവയവങ്ങളുടെ മറവിൽ അവന്റെ ഹൃദയം തുടിക്കുന്നതുപോലെ എനിക്കു തോന്നി; കൗതുകത്താൽ ഞാൻ മാല വാങ്ങി തിരിച്ചും മറിച്ചും നോക്കി. ഒരു അകത്തോലിക്കനായ എന്നെ അതൊട്ടും ആകർഷിച്ചില്ല. ഇടയ്ക്കിടെ കറുത്ത മണികളോടുകൂടിയ പിച്ചളത്തുടൽ.

"ഇതെന്തിനാ, എനിക്കുപയോഗിക്കാൻ അറിഞ്ഞുകൂടാ."

"സാറിനു കൊന്തയെത്തിക്കാൻ അറിഞ്ഞുകൂടേ? എന്റെ പെങ്ങളും ഞാനും എന്നും എത്തിക്കുന്നുണ്ടല്ലോ." അഭിമാനത്തോടുകൂടി അവൻ പറഞ്ഞു: ആശ്ചൎയ്യം അവന്റെ നയനങ്ങളിൽ തുളുമ്പിനിന്നു. ആ ബാലൻ ഒരു കത്തോലിക്കനാണെന്നും, അവൻ അനർഘനിക്ഷേപമായി പരിഗണിച്ചിരിക്കുന്ന വസ്തു ജപമാലയാണെന്നും എനിക്കു മനസ്സിലായി. ആ കുട്ടിയുടെ പരമാൎത്ഥത എന്റെ ഹൃദയത്തെ സ്പർശിക്കാതിരുന്നില്ല. അവന്റെ വിശ്വസ്തതയിൽ സംശയം പ്രകടിപ്പിച്ചതിൽ ഞാൻ ലജ്ജിച്ചു. എന്റെ മുഖത്തെ മ്ലാനതയെ ഒരു പുഞ്ചിരിയിൽ മറച്ചുകൊണ്ടു് ഞാൻ പെട്ടി അവനെ ഏല്പിച്ചു. "നീ മുമ്പോട്ടു നടന്നോ, കവലയിൽ ചെന്നിട്ടു് വലത്തോട്ടു നടക്കണം, കേട്ടോ," എന്നു നിൎദ്ദേശം നൽകി. ജപമാല മടിയിൽ നിക്ഷേപിക്കുന്നതിനിടയിൽ "ഉവ്വ്" എന്നു സമ്മതം മൂളിയ ശേഷം, മുഖത്തു നിറഞ്ഞ സംതൃപ്തിയോടെ തോളിൽ സൂട്ട്കേസും വഹിച്ചുകൊണ്ടു് അവൻ നടന്നുതുടങ്ങി.

"നിന്റെ പേരു്?" ഞാൻ നടന്നുകൊണ്ടു ചോദിച്ചു.. "വീട്ടിൽ വിളിക്കുന്നതു് കുട്ടപ്പാന്നു്. പള്ളിക്കൂടത്തിൽ ജയിംസ് എന്നായിരുന്നു."

"നീ എത്രാംക്ലാസിലാ പഠിക്കുന്നതു്?"

"ഞാൻ ഇപ്പം പഠിക്കുന്നില്ല." കഴിഞ്ഞതിന്റെ മുമ്പിലത്തെ ആണ്ടിൽ തേഡ്ഫാറത്തിലായിരുന്നു. അന്നായിരുന്നു അപ്പൻ പനിവന്നു മരിച്ചതു്. അമ്മ നേരത്തേ മരിച്ചുപോയി. അപ്പനു കൃഷിയുമൊക്കെയായിരുന്നു. ഒരു മൊതലാളികാരണം എല്ലാം തീർന്നു. ഇപ്പോൾ ഞാനും പെങ്ങളും മാത്രമേയുള്ളു. പെങ്ങളു പറഞ്ഞു തീവണ്ടി ആപ്പീസിൽ ചെന്നാൽ വല്ല പെട്ടിയുമെടുത്താൽ കാശുകിട്ടുമെന്നു്. പിന്നെ പള്ളിക്കൂടത്തിൽ പോകാൻ ഒത്തില്ല."

"എന്നിട്ടു കാശു കിട്ടുന്നുണ്ടോ?"

"ധാരാളവും മററും കിട്ടുന്നില്ല. മാതാവിന്റെ സഹായംകൊണ്ടു് എട്ടും പത്തും അണ കിട്ടുന്നുണ്ടു്. നല്ലകോളൊന്നും എനിക്കു കിട്ടുകയില്ല. അവിടെയുള്ള പിള്ളേരു വലിയ ചട്ടമ്പികളാണു്. അവരെന്നെ ഇടിക്കാനും മററും വരും. ഞാൻ അതുകാരണം അവരുടെ കൂട്ടത്തിൽ എങ്ങും പോകത്തില്ല. വണ്ടി വരാത്തപ്പം ഞാൻ ആ മരച്ചുവട്ടിൽ ഇരുന്നു കൊന്തയെത്തിക്കും. കൊന്തയെത്തിക്കണമെന്നു മാതാവുതന്നെ വന്നു പറഞ്ഞിട്ടുണ്ടു് എന്നു്", ഇന്നാൾ വികാരിയച്ചൻ വേദോപദേശം പഠിപ്പിച്ചപ്പം പറഞ്ഞതാ. ഫ്രാൻസിലും, പോർട്ടുഗലിലും ഒക്കെ മാതാവുതന്നെ വന്നു കൊന്തയെത്തിക്കണമെന്നു പറഞ്ഞെന്നു അച്ചൻ പറഞ്ഞു. ഇതൊക്കെ സാറിനറിയാം. സാറെന്നെ കളിപ്പിക്കാനല്ലേ പറയുന്നതു് അറിയത്തില്ലെന്നു്."

പരമാൎത്ഥതയുടെ തികവിൽ എല്ലാ കാൎയ്യങ്ങളും അവൻ തുറന്നു പറഞ്ഞു. അവന്റെ വാക്കുകൾ എന്നെ ചിന്താധീനനാക്കി. സമൃദ്ധിയുടെ മടിത്തട്ടിൽ സുഖിച്ചിരുന്ന ഞാൻ— എന്നെപ്പോലെ പലരും— പ്രാൎത്ഥിച്ചിട്ടെത്ര നാളായി! ദാരിദ്ര്യത്തിന്റെ അടിത്തട്ടിൽ വീണു വലഞ്ഞിരിക്കുന്ന ആ ബാലൻ പ്രാൎത്ഥനയിൽ എത്ര ആനന്ദം പ്രകടിപ്പിച്ചിരിക്കുന്നു. പ്രാൎത്ഥനയുടെ ഉപകരണമായ ആ മാലയെ എത്ര അനർഘമായ ഒരു നിക്ഷേപമായി അവൻ കരുതിയിരിക്കുന്നു. ആ കൊച്ചു ബുദ്ധിയിൽ സംഭരിച്ചിരിക്കുന്ന പാരത്രികജ്ഞാനത്തിന്റെ മുൻപിൽ എന്റെ ഭൗതികജ്ഞാനം എത്ര നിസ്സാരം!! ലോകത്തിന്റെ വിജ്ഞാനം വെറും ഭോഷത്തം. കുട്ടപ്പൻ ഇതരബാലന്മാരിൽനിന്നും ഇത്ര വ്യത്യസ്തനായിരിക്കുന്നതിന്റെ കാരണം ഞാൻ ഊഹിച്ചു. ശൈശവത്തിൽതന്നെ വിശ്വാസം അവനിൽ ദൃഢമൂലമായി. പ്രാൎത്ഥനയാൽ അതു പുഷ്ടിപ്രാപിച്ചു് സുകൃതഫലങ്ങൾ പുറപ്പെടുവിച്ചു.

"ഇതാണോ, സാറേ, വീടു്" എന്നു ചോദിച്ചുകൊണ്ടു കുട്ടപ്പൻ തിരിഞ്ഞുനിന്നപ്പോളാണു് ഞാൻ ചിന്തയിൽനിന്നു് ഉണർന്നതു്. അപ്പോൾ ഞാൻ കണ്ടതു് എന്റെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടു നിന്നിരുന്ന എന്റെ കുഞ്ഞുമകൻ ബേബിയെയാണു്. പെട്ടി വരാന്തയിൽ വച്ചിട്ടു് ആദരപൂൎവ്വം കുട്ടപ്പൻ കാത്തുനിന്നു. ഞാൻ കൊടുത്ത നാലണയുടെ വെള്ളിത്തുട്ടുകളിൽ പുഞ്ചിരിതൂകിക്കൊണ്ടു് അവൻ അതിവേഗം നടന്നു. കിട്ടിയതുകൊണ്ടു് തൃപ്തനായ ബാലനോടു എനിക്കു് അപാരമായ ബഹുമാനവും അനുകമ്പയും തോന്നി. "നാളെ ഇങ്ങോട്ടു വരണം, കേട്ടോ" ഞാൻ പറഞ്ഞു. "ഉവ്വ്" എന്നുത്തരിച്ചിട്ടു് ആനന്ദസാഗരത്തിൽ നീന്തിക്കളിച്ചു് അവൻ വീട്ടിലേക്കു പോയി.

PLAN TODAY FOR TOMORROW
SAVE ALL YOU CAN
BUT REMEMBER TO INVEST YOUR
SAVINGS WHERE THEY WILL BE
SAFE AND WAITING FOR YOU
WHEN YOU NEED THEM.
The Eastern Mercantile Bank LTD.,
H. O. CHANGANACHERRY.
BRANCHES:- ALWAYE, CHANGANACHERRY, KOTHAMANGALAM, KOTTAYAM, MUVATTUPUZHA, NEDUMKUNNAM, PONKUNNAM, TIRUVELLA, TRICHUR, AND UPPUTHARA.
P. M. DEVASIA, Secretary
V. M. KURIAN, General Manager

കുറേനാളത്തേക്കു കുട്ടപ്പൻ എന്റെ പിരിയാത്ത സഹചാരിയായി. വിനയവും വിശ്വസ്തതയും അവൻ പ്രകടിപ്പിച്ചു.

ഒരു ശനിയാഴ്ച. അന്നു കുട്ടപ്പൻ വന്നില്ല. കാരണം എന്തെന്നു് ഊഹിക്കുവാൻ എനിക്കു് കഴിഞ്ഞില്ല. അവനും പെങ്ങൾക്കും ആവശ്യത്തിൽ അധികം പണം ഞാൻ കൊടുത്തിരുന്നു. അവൻ അതൃപ്തനായിരിക്കയില്ല. സേവനസന്നദ്ധനും, കൃതജ്ഞനുമായ അവൻ എന്നെയറിയാതെ മററുജോലിക്കു പോയിരിക്കുമെന്നു വിചാരിക്കുവാൻ യാതൊരു ന്യായവുമില്ല. അത്ര തൃപ്തനായിട്ടാണു് അവൻ വ്യാപരിച്ചതു്. ബേബി കൊടുത്ത ഉടുപ്പു് പള്ളിയിൽ പോകാൻ വച്ചിരിക്കയാണെന്നു് കൃതജ്ഞതയാൽ ജ്വലിക്കുന്ന മുഖത്തോടുകൂടിയാണു് അവൻ പറഞ്ഞതു്. തലേദിവസം അവൻ വീട്ടിലേക്കു പോകുമ്പോൾ യാതൊരസുഖവുമില്ല. പിന്നെയെന്താ? ഏതായാലും അന്നു കുട്ടപ്പനെക്കൂടാതെതന്നെ ഞാൻ യാത്രയ്ക്കൊരുങ്ങി. റോഡിലേക്കിറങ്ങി ബസ്സ്റ്റാൻറിലേക്കു് സാവധാനം നടന്നു. ഒരു സാധുബാലൻ എനിക്കെതിരേ വന്നു. കുട്ടപ്പനായിരിക്കുമോ? അല്ല. അവിടെയുള്ള ജനറൽ ആസ്പത്രിയിലെ ഡോക്ടർ ജോർജിന്റെ ഭൃത്യൻ ജോണിയാണു്. അവൻ അതിവേഗം നടന്നടുത്തു. "ഡോക്ടരുടെ ഒരു കുറിപ്പു്". വേഗം വരണം. പോസ്റ്റാഫീസിനു താഴെവശം താമസിക്കുന്ന ഒരു കൊച്ചൻ താങ്കളെ കാണുവാൻ ആഗ്രഹിക്കുന്നു. അധികം ജീവിച്ചിരിക്കുമെന്നു തോന്നുന്നില്ല."

"അയ്യോ കുട്ടപ്പനായിരിക്കുമോ? അവിടെയാണല്ലോ അവൻ താമസിക്കുന്നതു!" ആശങ്കയോടെ ഞാൻ ചോദിച്ചു. "കുട്ടപ്പാന്നാ പേരു്. പത്തു പന്ത്രണ്ടു വയസ്സു കാണും. അപ്പനും അമ്മയും ഇല്ല. കവലയിൽ ചുമടാണു് ജോലി. ഇന്നലെ വൈകിട്ടു് വീട്ടിലേക്കുപോകുമ്പോൾ ഒരു വണ്ടിമുട്ടിയതാ. ഉടനെ ആളുകൾ അതിനെയെടുത്തു് വീട്ടിലേക്കു കൊണ്ടുപോയി. വലിയ വിമ്മിഷ്ടമാ. ഏമാനുതന്നെ സംശയമാ ജീവിച്ചിരിക്കുമെന്നു്." എന്റെ പിന്നാലെ ജോണി ഓടിക്കൊണ്ടു പറഞ്ഞു. പത്തുമിനിട്ടിനകം ഞാൻ കുട്ടപ്പന്റെ വീട്ടിൽ എത്തി. ഡോക്ടർ കഴിവുള്ളതെല്ലാം ചെയ്തശേഷം സ്ഥലംവിട്ടിരുന്നു. മൗനം ഭരണംനടത്തിയിരുന്ന ആ വീട്ടിൽ കുട്ടപ്പന്റെ ദീനസ്വരംമാത്രമേ ഇടയ്ക്കിടെ കേൾക്കാനുണ്ടായിരുന്നുള്ളു. ജപമാല അപ്പോഴും അവന്റെ കൈയിൽ ഉണ്ടു്.

"കുട്ടപ്പാ, അറിയുമോ, എന്നെ?" ഞാൻ ചോദിച്ചു. "പിന്നെ" അവനെന്നെ മനസ്സിലായി. "കുഞ്ഞിനെന്തുവേണം" ഞാൻ ആരാഞ്ഞു. "ഒന്നും വേണ്ടാ, എനിക്കു മരിക്കാൻ പേടിയില്ല. മാതാവെന്നെ മോക്ഷത്തിൽ കൊണ്ടുപോകും. എന്റെ ഓർമ്മയ്ക്കു് എന്റെ കൊന്ത സാറിനു തരാമെന്നു് ഒരാശ. വേറൊന്നും എനിക്കില്ല." വിഷമിച്ചു് കൈപൊക്കി ജപമാല എന്റെ നേൎക്കു നീട്ടി. അവന്റെ മുഖം വികസിച്ചു. എന്റെ കണ്ണുകൾ നിറഞ്ഞു. ഒരു ദീർഘനിശ്വാസത്തോടുകൂടി അവന്റെ കണ്ണുകൾ എന്നന്നേക്കുമായി അടഞ്ഞു. എന്റെ ആത്മനേത്രം തുറന്നു.

ഒരു കൊച്ചുദാസന്റെ അന്ത്യോപഹാരമാണതു്. ആ ജപമാല ഞാൻ ഒരു നിധിയെന്നോണം സൂക്ഷിച്ചു. അതേ, അതൊരു സാധുബാലന്റെ ഏകസ്വത്തു്. അതു കാണുമ്പോഴെല്ലാം ഞാൻ കുട്ടപ്പനെ സ്മരിക്കും. അവനോടുള്ള സ്നേഹം ആ ജപമാലയെ ബഹുമാനിക്കാൻ എന്നെ പ്രേരിപ്പിച്ചു. ആ നിഷ്കളങ്കൻ എനിക്കുവേണ്ടി സ്വൎഗ്ഗത്തിൽ പ്രാൎത്ഥിക്കുന്നുണ്ടായിരിക്കണം. ആ ജപമാല എന്നിൽ എന്തെന്തു പരിവർത്തനങ്ങൾ വരുത്തിയിട്ടുണ്ടു്. നിർജ്ജീവമായിക്കിടന്ന എന്റെ മതഭക്തി ഉണർന്നു. സഭയെപ്പററി ഞാൻ കൂടുതൽ ചിന്തിക്കുവാൻ തുടങ്ങി. തെററിദ്ധാരണകൾ ഓരോന്നോരോന്നായി അടർന്നുവീണു. സംശയങ്ങൾ അന്തർദ്ധാനംചെയ്തു. ഒടുവിൽ ദൈവാനുഗ്രഹം വിജയിക്കുവാൻ തുടങ്ങി. ഞാൻ ഇന്നൊരു കത്തോലിക്കനാണു്. പണ്ഡിതന്മാരുടെ വിദഗ്ദ്ധവാദങ്ങൾക്കു് സാധിക്കാത്തകാൎയ്യം ആ സാധുബാലന്റെ മാതൃകയും ആ പഴയ ജപമാലയും എന്നിൽ സാധിച്ചു. ആൎക്കാണു് ഏതു തുറയിലാണു് പ്രേഷിതനാകുവാൻ സാധിക്കാത്തതു?

ദാരിദ്ര്യത്തിന്റെ കരാളദംഷ്ട്രങ്ങൾക്കിടയിലിരുന്നു പിടഞ്ഞപ്പോഴും സമാധാനത്തോടും പ്രായത്തിനതീതമായ സമചിത്തതയോടും അനന്യമായ സംതൃപ്തിയാനന്ദത്തോടുംകൂടി വ്യാപരിക്കാൻ ആ ദരിദ്രബാലനെ ശക്തനാക്കിയ ജപമാലഭക്തി ലോകജീവിതത്തിലെ കൈപ്പുനിറഞ്ഞ അംശങ്ങളിൽ മധുരിമ കലൎത്തിക്കൊണ്ടു് എന്നെയനുഗ്രഹിക്കുന്നു. ലോകഭോഗങ്ങളിലേക്കു് എന്റെ ഹൃദയം കുതികൊള്ളുമ്പോൾ എന്നെ പിന്നിലേക്കു വലിക്കുന്ന ഒരു കടിഞ്ഞാൺ ഉണ്ടു്. പ്രലോഭനങ്ങൾ എന്നെ അവശനാക്കുമ്പോൾ ധൈൎയ്യനിരതനാക്കുന്ന ഒരു ശക്തിവിശേഷമുണ്ടു്. ദർശനമാത്രയിൽ എന്റെ ഹൃദയത്തിലും നയനത്തിലും വേലിയേററമുണ്ടാക്കുന്ന ഒരത്ഭുതവസ്തുവുണ്ടു്. ആ ചുമട്ടുകാരനായ ബാലന്റെ അതേ, കുട്ടപ്പന്റെ ആ കൊച്ചു ജപമാല!!

സ്ഥലങ്ങളിൽ!
തൃശ്ശൂർ റെയിൽവെ സ്റ്റേഷനു കിഴക്കുവശമുള്ള ഫ്രാൻസിസ് ബിൽഡിങ്ങ്സിൽ എല്ലാ തിങ്കളാഴ്ചയും കാലത്ത് 8 മുതൽ വൈകുന്നേരം 5 മണി വരെയും,
എറണാകുളം സൌത്ത് റെയിൽവെ സ്റ്റേഷനു സമീപമുള്ള കെട്ടിടത്തിൽ എല്ലാ ബുധനാഴ്ചയും കാലത്ത് 9 മുതൽ വൈകുന്നേരം 4 മണി വരെയും,
ആലുവാ റെയിൽവെ സ്റ്റേഷനു കിഴക്കുവശമുള്ള പങ്കജം ബിൽഡിങ്ങ്സിൽ എല്ലാ വ്യാഴാഴ്ചയും കാലത്ത് 8 മുതൽ വൈകുന്നേരം 4 മണി വരെയും,
വയറുവേദന, മൂലക്കുരു, ഗ്യാസ്ട്രബ്ൾ, നീർവീഴ്ച, ചുമ, ഏങ്ങൽ, രക്തദൂഷ്യം, രക്തവാതം, രക്തപിത്തം, വായുകോപം, നീരിറക്കം, അസ്ഥിസ്രാവം
തുടങ്ങിയ ചില രോഗങ്ങൾ മൂലം ദീർഘകാലമായി ക്ലേശമനുഭവിക്കുന്നവർക്കും, ക്ഷയാരംഭമുള്ളവർക്കും നിവാരണമാർഗ്ഗം ഉപദേശിപ്പാനായി കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ ഉണ്ടായിരിക്കുന്നതാണ്
കാളൻ ആയുർവ്വേദിക് ഫാർമസി.
(റെയിൽവേ സ്റ്റേഷനു സമീപം) നെല്ലായി.
TELE: 'KALAN' TRICHUR.

## ഇടവകവാർത്തകൾ

തിരു-കൊച്ചി ഗവമ്മെൻറിൻെറ പുതിയ വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിക്കുന്നതിനായി ചിററാട്ടുകര കേരള കത്തോലിക്കാ കോൺഗ്രസിൻെറ ആഭിമുഖ്യത്തിലും, തൃശ്ശൂർ ഷെവലിയർ രത്നസ്വാമി എം എ ബാർ- അററ്-ലാ അവർകളുടെ അദ്ധ്യക്ഷതയിലും, വല്ലച്ചിറ റവ ഫാ. പീററർ വട്ടപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിലും, ഇരിഞ്ഞാലക്കുട റവ ഫാദർ ഡോമിനിക് കോയിക്കര അവർകളുടെ അദ്ധ്യക്ഷതയിലും, പൂഞ്ഞാർ ശ്രീ മാനുവൽ പൈകട എം എ എൽ എൽ ബി അവർകളുടെ അദ്ധ്യക്ഷതയിലും, ചേർത്തല റവ ഫാ. തിയൊഡീഷ്യസ് എം. എ. അവർകളുടെ അദ്ധ്യക്ഷതയിലും, പള്ളുരുത്തിയിൽ റവ ഡോക്ടർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിലും, എറണാകുളത്തു് പ്രൊഫസർ ജോസഫ് പെട്ട എം. എ. അവർകളുടെ അദ്ധ്യക്ഷതയിലും തേവര പ്രൊഫസർ കെ ജെ സിറിയക്ക് എം. എ ബി എൽ. അവർകളുടെ അദ്ധ്യക്ഷതയിലും ഓച്ചന്തുരുത്തിൽ ശ്രീ ഇ പി വറുഗീസ് എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിലും എഴുപുന്ന അദ്ധ്യാക്കേററ്സ് അസോസ്യേഷൻ പ്രസിഡണ്ടു് ശ്രീ കെ പി എബ്രാഹം ബി എ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിലും വമ്പിച്ച പൊതുയോഗങ്ങൾ കൂടിയിരിക്കുന്നു.

—മൂക്കന്നൂർ മരിയാസഖ്യത്തിൻെറ ആഭിമുഖ്യത്തിലും റവ. ഫാ. ഏൻജൻസിയൂസ് ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിലും ഡിസംബർ 8-ാംനു ഒരു പൊതുയോഗം കൂടിയിരിക്കുന്നു. തദവസരത്തിൽ ശ്രീ ഉതുപ്പു നേരേവീട്ടിൽ ഒരു കഥാപ്രസംഗം നടത്തുകയുണ്ടായി.

—കോതമംഗലം: വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ പ്രഥമ വാർഷികം ഡിസംബർ 10-ാംനു റവ. ഫാദർ. തോമസ് നെടുങ്കല്ലേൽ എം. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ബ്രദർ പീററർ റെഡ്ഡി എം. എ. പരസ്നേഹത്തെപ്പററിയും ശ്രീ പി എസ് ഇട്ടൂപ്പ്, സഖ്യം രക്ഷാധികാരി വെരി റവ. ഫാ. തോമസ് വട്ടോലി അവർകൾക്കു് ജൂബിലിമംഗളങ്ങളാശംസിച്ചും പ്രസംഗിച്ചു.

—പാവർട്ടി: വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ തൃതീയവാർഷികം ശ്രീ ചാക്കോ ചിറമേൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 3-ാംനു നടത്തിയിരിക്കുന്നു. ശ്രീ പി വി ഫ്രാൻസിസ് ബി എ എൽ ടി പ്രസംഗിക്കുകയും ബാലകാഥികൻ മാസ്റ്റർ ടോം ജോസ് കഥാപ്രസംഗം നടത്തുകയും ചെയ്തു. വിൻസെൻഷ്യൻ ആസ്പത്രിയുടെ ധനശേഖരാർത്ഥം പ്രസിഡണ്ടിൻെറ പുഷ്പമാല്യം ലേലം ചെയ്തിട്ടു് 3251 ക. ലഭിച്ച കാര്യം പ്രത്യേകം പ്രസ്താവ്യമാണു്.

—ചങ്ങനാശേരി സെൻറു് ബക്കുമൻസ് കോളെജ് ഹെഡ്മാർ ശ്രീ കൊച്ചുതൊമ്മൻ ...സയുടെ ദ്വിതീയ പുത്രി മിസ് എലിസാമ്മ ജോസഫ് ബാങ്ക്ളൂർ നേഴ്സിംഗ്സ്കൂളിൽനിന്നു നേഴ്സിംഗിനും മിഡ്വൈഫറിക്കും 1-ാംക്ലാസിൽ വിജയംവരിച്ചിരിക്കുന്നു.

—കോട്ടവള്ളി: ലിജിയൻ ഓഫ് മേരിയുടേയും സൊഡാലിററിയുടേയും സംയുക്തസമ്മേളനം ഡിസംബർ 10-ാംനു റവ. ഫാ. ഇരാസ്മൂസ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. റവ ഫാ. ജോസഫ് തോട്ടകത്തു് ബി. എ. ബി. ടി, റവ. ഫാ ബഞ്ചമിൻ എന്നിവർ പ്രസംഗിച്ചു.

—കുണ്ടന്നൂർ: വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറയും മരിയാസഖ്യത്തിൻെറയും സംയുക്ത വാർഷികം ഡിസംബർ 10-ാംനു റവ. ഫാ. പീററർ ആളൂർ ബി എ ബി ടി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. ശ്രീ പി. ഒ ചാക്കോ ആയിരുന്നു പ്രാസംഗികൻ.

## ചരമം

വല്ലകം: മഠത്തിൽ കുര്യാക്കൊ അന്ന 65-ാമത്തെ വയസ്സിൽ ഡിസംബർ 9-ാംനു നിര്യാതയായിരിക്കുന്നു.

കോളങ്ങായിപ്പള്ളി ഇടവക പൂനക്കാട്ടു ശ്രീ ചാക്കോ അവുസേപ്പു് ഡിസംബർ 9-ാംനു ചരമം പ്രാപിച്ചിരിക്കുന്നു. ബ. ഗീവർഗീസ് കത്തനാരും ബ. സിസ്റ്റർ മേരി ഡേവിസ് സി ഡിയും പരേതൻെറ സന്താനങ്ങളാണു്.

R. I. P.

## വിവാഹം

കുഴുപ്പിള്ളി ഇടവക ചിറയേടൻ ശ്രീ കൊച്ചുവറീതു് അവർകളുടെ പുത്രൻ ശ്രീ യേശുദാസനും ചക്കരക്കടവു് മൂഞ്ഞേലി ശ്രീ പൗലോ അവർകളുടെ പുത്രി ശ്രീമതി ആലീസും തമ്മിലുള്ള വിവാഹം ചക്കരക്കടവു പള്ളിയിൽവച്ചു നവംബർ 27-ാംനു നടന്നിരിക്കുന്നു.

———

### അദ്ധ്യാപകപ്രശ്നത്തെപ്പററി വരാപ്പുഴമെത്രാപ്പോലീത്ത

(2-ാംപേജ് തുടർച്ച)

വമ്മേണ്ടു് ഈ കാര്യത്തിൽ ഉദാസീനമായ ഒരു നിലയാണു് അവലംബിച്ചതു്. ഇതിൽനിന്നെല്ലാം എന്താണു് അനുമിക്കേണ്ടതു്? ഏതായാലും അദ്ധ്യാപകന്മാർ ദുരുപദിഷ്ടവും, സന്മാർഗ്ഗവിരുദ്ധവും, പാപപരവും ആയ ഈ സാഹസത്തിൽ നിന്നു് സ്വയം വിരമിച്ചതു് ആശ്വാസകരംതന്നെ. ബഹുഭൂരിപക്ഷം അദ്ധ്യാപകന്മാരും പണിമുടക്കിൽ സഹകരിച്ചില്ലായെന്നുള്ളതു് ചാരിതാർത്ഥ്യജനകമാണു്; അവർ നമ്മുടെ അഭിനന്ദനത്തെ അർഹിക്കുകയും ചെയ്യുന്നു.

ഈ പുതിയ വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിക്കുന്നതോടൊപ്പം, അദ്ധ്യാപകന്മാർക്കു് വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം കിട്ടുന്നതിനു് ആവശ്യമായ പരിപാടികൾ നാം രൂപീകരിക്കയും ചെയ്യണം. മുൻപ്രസ്താവിച്ചതുപോലെ ഫീസ്പിരിവിൻെറ 80 ശതമാനം അദ്ധ്യാപകശമ്പളത്തിനായി എപ്പോഴും പ്രത്യേകമാകത്തക്കവണ്ണം നീക്കിവെക്കുവാൻ നമ്മുടെ മാനേജമെൻറുകൾ തയ്യാറാണെന്നു് നാം ഉറപ്പുപറഞ്ഞുകൊള്ളുന്നു. ഇക്കാര്യത്തിൽ അദ്ധ്യാപകന്മാർക്കു യാതൊരു ആശങ്കയും ഉണ്ടാകേണ്ട ആവശ്യമില്ല. അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചു് അവരുടെ അവശതകൾ സ്വല്പമെങ്കിലും പരിഹരിക്കുവാൻ ഗവമ്മെണ്ടു് ഒരുങ്ങിയതിൽ നമുക്കു് വലിയ സന്തോഷമുണ്ടു്. എന്നാൽ പുതിയ പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്ന ശമ്പളനിരക്കു് പൂർണ്ണമായും തൃപ്തികരമായിട്ടുണ്ടെന്നു പറഞ്ഞുകൂടാ. സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർക്കുള്ളതിൽ കുറഞ്ഞ ഒരു നിരക്കാണു് നമ്മുടെ അദ്ധ്യാപകന്മാർക്കു് ഇപ്പോഴും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഒരേ വിധത്തിലുള്ള ജോലി ചെയ്യുന്നവർക്കു ഒരേ നിരക്കിലുള്ള വേതനം ലഭിക്കേണ്ടതു് കേവലം സ്വാഭാവികനീതി മാത്രമാണു്. ഗവമ്മേണ്ടു് സ്കൂൾ അദ്ധ്യാപകന്മാരെപ്പോലെ അതേ ജോലി ചെയ്യുന്ന, മിക്കപ്പോഴും അവരെക്കാൾ കൂടുതൽ മെച്ചമായി ജോലിചെയ്യുന്ന, നമ്മുടെ അദ്ധ്യാപകന്മാർക്കും അതേ നിരക്കിലുള്ള ശമ്പളം ലഭിക്കുന്നതിനു് അവകാശമുണ്ടു്. തന്മൂലം മററു പല ആനുകൂല്യങ്ങളും അനുഭവിക്കുന്ന സർക്കാർ സ്കൂൾ അദ്ധ്യാപകന്മാർക്കുള്ളത്ര ശമ്പളമെങ്കിലും നമ്മുടെ അദ്ധ്യാപകന്മാർക്കും കൊടുക്കുന്നതിനായി കൂടുതൽ ഉദാരമായ ഗ്രാൻറു ഗവമ്മേണ്ടു് നമ്മുടെ സ്കൂളുകൾക്കു് നൽകേണ്ടതാണു്. അങ്ങനെ ചെയ്യുന്നതു് ഒരു സൗജന്യമല്ല; പ്രത്യുത, നീതിനിർവ്വഹണം മാത്രമാണു്. സർക്കാർ സ്കൂളിൽ പഠിക്കുന്ന ഓരോ കുട്ടിക്കും വേണ്ടി ഗവമ്മേണ്ടു് പ്രതിവർഷം 19 ക. ചെലവാക്കുമ്പോൾ, നമ്മുടെ സ്കൂളിൽ പഠിക്കുന്ന ഓരോ കുട്ടിക്കും വേണ്ടി പ്രതിവർഷം ഒരണമാത്രമാണു് ചെലവാക്കുന്നതു്. ഇതിൽനിന്നു്, കൂടുതൽ ഉദാരമായ ഗ്രാൻറിനുവേണ്ടിയുള്ള നമ്മുടെ വാദത്തിൻെറ യുക്തിയുക്തത ആർക്കും നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു്. ഏതായാലും അദ്ധ്യാപകന്മാർക്കു ശമ്പളം കൂട്ടിക്കൊടുക്കുന്നതിനു് യഥാശക്തി പരിശ്രമിക്കണം. അപ്പോൾ അവരെ കൂടുതൽ സംതൃപ്തരും സൗഭാഗ്യവാന്മാരുമാക്കിത്തീർക്കുവാൻ നമുക്കു സാധിക്കും. ഈ വിഷയത്തിലും നിങ്ങളുടെ ഏവരുടേയും ശ്രദ്ധപതിഞ്ഞു കാണുവാൻ നാം ആഗ്രഹിക്കുന്നു.

വന്ദ്യ വൈദികരേ, പ്രിയ മക്കളേ, ഈ പുതിയ വിദ്യാഭ്യാസപദ്ധതിയുടെ ദോഷവശങ്ങൾ നീക്കംചെയ്തുകിട്ടുവാൻ വ്യവസ്ഥിതമായ മാർഗ്ഗങ്ങളും പരിപാടികളും പ്രയോഗിച്ചു് നിങ്ങൾ പരിശ്രമിക്കണം. നമ്മുടെ ജനപ്രതിനിധികൾക്കും, നേതാക്കന്മാർക്കും, മാതാപിതാക്കന്മാർക്കും ഇതിൽ വലിയ കടമയുണ്ടു്. ഇതു് മാനേജർമാരുടെ മാത്രം കാര്യമല്ല. പ്രത്യുത, നിങ്ങൾതന്നെയാണു് ഇതിൽ മുന്നിട്ടുനിന്നു് പ്രവർത്തിക്കേണ്ടതു്. അതിനാൽ പുതിയ ഭരണഘടന അനുവദിച്ചിട്ടുള്ള നമ്മുടെ അവകാശങ്ങൾ അംഗീകരിച്ചുകിട്ടുന്നതിനും, നമ്മുടെ വിദ്യാലയങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നതിനും, അദ്ധ്യാപകന്മാരെ സംതൃപ്തരാക്കുന്നതിനുംവേണ്ടി സർവ്വകഴിവുകളും ഉപയോഗിച്ചു് ശ്രമിക്കണമെന്നു് നിങ്ങളെ എല്ലാവരേയും, ഓരോരുത്തരേയും ശക്തിയുക്തം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കി നിങ്ങൾ പ്രവർത്തിക്കാത്തപക്ഷം അതു് അക്ഷന്തവ്യമായ കൃത്യവിലോപമായിരിക്കും; അതിൻെറ ഭവിഷ്യത്താകട്ടെ ഭയങ്കരവുമായിരിക്കും.

ഈ ലേഖനം ഉപസംഹരിക്കുന്നതിനുമുമ്പായി ഒരു കാര്യം വ്യക്തമാക്കുവാൻ നാം ആഗ്രഹിക്കുന്നു. കത്തോലിക്കരായ നാം ഏതു രാജ്യത്തും ഏതു ഭരണക്രമത്തിലും ആവശ്യപ്പെടുന്ന ഒരു മൗലികാവകാശംമാത്രമാണു് നമ്മുടെ വിദ്യാഭ്യാസസ്വാതന്ത്ര്യം. വ്യക്തികളുടെയും കുടുംബങ്ങളുടെയും മനസ്സാക്ഷിസ്വാതന്ത്ര്യത്തെ മാനിക്കുന്ന ഏതൊരു ഗവമ്മേണ്ടും അവശ്യം ആദരിക്കേണ്ടതായ ഒരു പൗരാവകാശം മാത്രമാണിതു്. അലംഘനീയമായ ഈ പൗരാവകാശം—കത്തോലിക്കരുടെ ഈ ജന്മാവകാശം—നിഷേധിക്കപ്പെടുന്ന രാജ്യങ്ങളിലെല്ലാം പരിശുദ്ധമായ ഈ പൗരാവകാശത്തിൻെറ പുനഃസ്ഥാപനത്തിനായി എല്ലാക്കാലങ്ങളിലും വ്യവസ്ഥിതമായ പോരാട്ടം നടത്തിയിട്ടുമുണ്ടു്. അതിനാൽ, നമ്മുടെ മൗലികാവകാശങ്ങൾക്കു വിരുദ്ധമായ ഈ പുതിയ വിദ്യാഭ്യാസപദ്ധതി സംബന്ധിച്ചു് നമ്മൾ ഇപ്പോൾ ഈ രാജ്യത്തു നടത്തേണ്ടിവരുന്ന വാദം, ഏതെങ്കിലും ദുരുദ്ദേശത്തോടുകൂടി ഉന്നയിക്കുന്ന ഒരു പുതിയ വാദമല്ലെന്നും, നേരെമറിച്ചു്, അതു് പ്രകൃതിനിയമവും, ധാർമ്മികനിയമവും, മനസ്സാക്ഷിസ്വാതന്ത്ര്യവും, മൗലികമായ പൗരാവകാശവും അനുസരിച്ചു് നാം നടത്തുവാൻ നിർബന്ധിതരായിരിക്കുന്ന ഒരു ന്യായവാദം മാത്രമാണെന്നും നിഷ്പക്ഷബുദ്ധികളായ സകലരും മനസ്സിലാക്കുമെന്നു് നമുക്കാശിക്കാം.

വന്ദ്യ വൈദികരേ, പ്രിയ മക്കളേ, ഈ വിഷമപ്രശ്നം സമാധാനപരമായി പരിഹൃതമാകുന്നതിനു് വേണ്ട ദൈവാനുഗ്രഹത്തിനായി നിങ്ങൾ തീവ്രമായി പ്രാർത്ഥിക്കണം. ആരുടെ തിരുപ്പിറപ്പിൽ "ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം" എന്ന ആശംസാഗീതി ആലപിക്കപ്പെട്ടുവോ, ആ ദിവ്യനാഥനോടു്, നമ്മുടെ അവകാശങ്ങൾ അനുവദിച്ചുതരുവാനുള്ള സന്മനസ്സു് ഭരണാധികാരികൾക്കുണ്ടാകുന്നതിനായി ഈ ദിവസങ്ങളിൽ നമുക്കു് പ്രാർത്ഥിക്കാം. ആസന്നമായിരിക്കുന്ന ക്രിസ്തുമസ്സിൻെറയും നവവത്സരത്തിൻെറയും മംഗളങ്ങൾ എല്ലാവർക്കും ആശംസിച്ചുകൊണ്ടു്, നിങ്ങളുടെനേരെ നമുക്കുള്ള പൈതൃകസ്നേഹത്തിൻെറ ലക്ഷ്യമായി, നിങ്ങളെ ഏവരേയും പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാരൂപിയുടേയുംനാമത്തിൽ നാം ഹൃദയപൂർവ്വം ആശീർവ്വദിച്ചുകൊള്ളുന്നു.

എന്നു്, എറണാകുളത്തു്, നമ്മുടെ അതിമെത്രാസനമന്ദിരത്തിൽനിന്നു്, 1950 ഡിസംബർ 4-ാം തീയതി.

✠ JOSEPH ATTIPETTY,
വരാപ്പുഴ മെത്രാപ്പോലീത്താ

———

കുരാപ്പാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ

## വിനോദവീഥി

പഞ്ചായത്തു പ്രസിഡൻറു്: "ഞാൻ അനാരോഗ്യംനിമിത്തമാണു രാജിവച്ചതെന്നു അറിഞ്ഞില്ലേ?"

പത്രാധിപർ: "അതു ഞങ്ങൾ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധം ചെയ്തിരുന്നല്ലോ!"

പ്രസിഡൻറു്: "അക്കാര്യംതന്നെയാണു ഞാൻ പറയുന്നതു്. നിങ്ങളതു് ഗ്രാമോദ്ധാരണം എന്ന തലക്കെട്ടിൽ ചേർത്തതെന്തിനാ?"

* * *

ജഡ്ജി: "താൻ വാദിയെ അടിച്ചതു് എന്തിനാണു്?"

പ്രതി: "എന്നെ മരപ്പട്ടി എന്നു വിളിച്ചതിനു്."

ജഡ്ജി: എന്നാണു വിളിച്ചതു്?"

പ്രതി: "മൂന്നുകൊല്ലം മുമ്പു്."

ജഡ്ജി: "എന്നിട്ടു് അന്നു തല്ലാതിരുന്നതെന്താ?"

പ്രതി: "അന്നു മരപ്പട്ടി എങ്ങനെയിരിക്കുമെന്നു അറിഞ്ഞുകൂടായിരുന്നു. ഇന്നാളാണു ഞാനൊന്നിനെ കണ്ടതു്."


* * *

വക്കീൽ: "മരിച്ചുപോയ നിങ്ങളുടെ കൂട്ടുകാരൻ ഏകനായിരിക്കുമ്പോൾ തന്നത്താൻ സംസാരിക്കാറുണ്ടായിരുന്നോ?"

സാക്ഷി: "അറിഞ്ഞുകൂടാ ഏമാനെ."

വക്കീൽ: "നിങ്ങൾ തന്നെയല്ലേ പറഞ്ഞതു്, നിങ്ങൾ അയാളുടെ വലിയ സ്നേഹിതനായിരുന്നെന്നു്. എന്നിട്ട ഇക്കാര്യം നിങ്ങളറിഞ്ഞിട്ടില്ലേ?"

സാക്ഷി: "അയാൾ തനിച്ചായിരിക്കുമ്പോൾ ഞാനൊരിക്കലും അയാളുടെ കൂടെ ഉണ്ടായിരുന്നിട്ടില്ല."



ഡോക്ടർ: "അല്ലാ—എന്നാണു് വീട്ടിൽ പട്ടിയേയും മററും വളർത്താൻ തുടങ്ങിയതു!"

ഗൃഹനാഥൻ: "ചേരയ്! പട്ടിയുമില്ല—പൂച്ചയുമില്ല—ഞാൻ വെളിയിൽ പോകുന്നു. ആരും അകത്തുകയറാതെയിരിക്കാൻ ഒരു സൂത്രം എന്നേയുള്ളു."

# Sathya Deepam

Vol. 24 | Ernakulam January 3, 1951 | No. 19


## Mr. Pothan Joseph's Article

[പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോഹണത്തെപ്പററി "ഡെക്കാൻ ഹെറാൾഡ്" എന്ന ഇംഗ്ലീഷ് ദിനപ്പത്രത്തിൽ അതിന്റെ അധിപർ മി. പോത്തൻ ജോസഫ് ഇംഗ്ലീഷിൽ എഴുതിയിരുന്ന ലേഖനം താഴെ ചേർക്കുന്നു. ഇതിന്റെ "സ്വതന്ത്രവിവർത്തന"മാണു നവംബർ 1-ാം തീയതിയിലെ "മലയാളമനോരമ"യിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു്.]

### ANGLICANS DENY PAPAL DOGMA

The decision of the Pope to proclaim a new dogma of the Church touching the Bodily Assumption of Virgin Mary on November 1 provoked a statement from the Archbishop of Canterbury and York on August 14 last which said:

"We must at once state publicly that the Church of England does not and cannot hold this doctrine to be a necessary part of the Catholic faith, belief in which may be required of members of the Church.

The Church of England renders honour and reverence to the mother of Our Lord Jesus Christ. But there is not the smallest evidence in the Scriptures or in the teaching of the early church of belief in the doctrine of her bodily assumption.

The Church of England refuses to regard as requisite for a saving faith any doctrines or opinions which are not plainly contained in the Scriptures.

We profoundly regret that the Roman Catholic Church has chosen by this act to increase dogmatic differences in Christendom and has thereby gravely injured the growth of understanding between Christians based on a common possession of the fundamental truths of the Gospel."

GEOFFREY CANTUAR. CYRIL EBOR

Support for every dogma and article of faith depends on variable assessments of what is called the evidences of Christianity, and it was said at the time of decision that "the dogma will be divisive rather than unifying among the Christian churches." On the other hand, the reaction among members of the Catholic faith might tend towards a spirit of consolidation against what implacable adherents might consider as insidious moves for integration—with dogmatic identity.

Among the members of the Catholic Faith actual proposal evoked praise largely because the mind is predisposed towards any belief exalting the Madonna. Furthermore, Catholic observers hold that every "dogma proclamation" tends to deepen religous feeling amongst the faithful whatever might be the reaction among the sceptics and scientists who require absolute proof of miracles which are not indispensable to those who see with the eye of faith. (The Pontiff's proclamation states that it has been "revealed".)

GIVE-AND-TAKE? Recently, I happened to be a visitor of the Dormition Church on Mount Zion in Jerusalem where it was easy to contemplate surroundings which, according to tradition, belonged to the last days of the Virgin Mary. In the crypt of the church there is a most beautiful scene depicting the ancient belief that the Mother of Jesus who, after a bidding from the Cross, lived with St. John, had breathed her last in a dream without the convulsions of death. On the exact spot is a couch-like elevation upon which the figure of the Madonna, human size and in exquisite drapery, rests asleep. Atop, there is the pavilion of a simple CHATRI with ovel panellings giving the faces of the heroines of Israel from Eve to Judith.

The monk who acted as guide told us that, according to tradition, the body had been removed after the departure of the spirit, to a further distance (still accessible) and that the tomb was subsequently found empty. The Bodily Assumption of the Virgin apparently maintains that there was the reunion of body and soul in heaven, and the mystery is now embodied as an article of faith.

That it is not an individual opinion or an arbitrary decision may be inferred from the fact that the Vatican had in the past five years conducted "a poll of opinion" amongst thousands of people including Cardinals, bishops, the laity and theologians: 95 per cent favoured the adoption of the dogma deemed "divisive" by Protestant promoters of a World Church Union which according to the Catholics must be in the form of a penitent return and not the outcome of any "give-and-take" negotiations with the infallible institutions.


**FIXED DEPOSITS**

2 years 4½%
1 — 4 %
6 months 3 %

**The Bank of Cochin Ltd.**
ERNAKULAM
*Branches:*
CHALAKUDY, TRICHUR, MATTANCHERY, WILLINGDON ISLAND


There is evidence in the Gospels about the ascension of Jesus after 40 days on earth subsequent to the resurrection, but of Virgin Mary there is nothing in the sacred text after the farewell-words from the Cross.

In old Jerusalem there is a Chapel of the Ascension in the hands of a Muslim custodian where there are the marks of two large human feet dug in the floor which the guide jubilantly points out as the exact spot from where the Saviour floated aloft. Had the dogma of the Virgin's Assumption been current faith a few centuries ago, we might have a church and a location similarly venerated; indeed it is possible that a few centuries hence a monument celebrating the present belief might exist on a chosen site near the Dormition Church, which incidentally had been given to the Franciscans by Kaiser William on his visit to the Holy Land as the guest of the tottering Sultan early in the century.

ANCIENT FEAST. The theory of the Assumption now formalised into dogma was not totally foreign to certain sectors of Christendom round about the middle of the 7th century, the period of the birth of Islam which also cherished Jesus as a prophet and his Mother Miriam as entitled to saintly recognition.

The Feast of the Assumption persevered through twelve centuries and a few pious Orders were unofficially committed to faith in the present dogma, far in advance of Crystallised doctrine.


**SEASIA BANK LIMITED**

**H. O. ALLEPPEY**

THE BANK ACCEPTS SHORT AND LONG TERM DEPOSITS AND MAKES ADVANCES AGAINST APPROVED SECURITIES ON FAVOURABLE TERMS.

**GENERAL BANKING BUSINESS TRANSACTED.**

O. Eapen Valakuzy,
(Managing Director)

A. C. Mathew, B. A., C. A. I. B.
(Secretary)

P. M. Eapen, Bsc., B. L.,
(Agent, Manimala Br.)


While the Archbishops of the Church of England express dissent partly on the ground that there is no biblical proof, it must be said against them that the Catholic Church does not confine itself to the books selected for compilation out of a vast mass of literature known as the Bible. The Church Fathers, reputedly under divine guidance, collated material to serve as the Scripture, but it was not claimed that everything outside its table of contents was valueless apocrypha. In the 4th and 5th centuries the canonical synods of Nicaea, Constantinople and Ephesus (not Chalcedon) had laid down the earliest dogmas, that is, more than a thousand years before characters like Henry VIII and Martin Luther who spearheaded the Reformation. Nevertheless. there was a latent tussle regarding the authority of tradition, that is to say, unwritten lore corresponding to the SMRITS of ancient India.

Although the synods seem transfigured across the vista of time, they were by no means peaceable conferences. Bishops were given to uproarious fighting and there were physical assaults during the elucidation of subtle theological tenets.

NINETEENTH CENTURY. Where unwritten tradition gained ground was at the Council of Trent (1545-63) when it was placed side by side with Scripture subordinating the interpretation to the authority of the Church. Thus the Council of Trent ratified it as a dogma. Transsubstantiation; the thesis that the Bread and Wine of the Eucharsit are transmuted into the Body and Blood of Christ. There was a long pause in the enunciation of new dogma since, with the Reformation, there was a large periphery of doctrine to defend, until recourse to pronouncements emerged in the 19th century over two vital concepts. The first relates to the Immaculate Conception which maintains that Mary, the Mother of Christ, was from the moment of her conception preserved from the taint of original sin attached to all children of Eve. Pope Pious IX proclaimed it in a Bull in 1854. Now, the nature of Catholic devotion is such that any thesis that magnifies the role of Virgin Mary increases the consolations of religion and enlarges the resources of intercession; the treasury of salvation is enriched, and exactly the same susceptibility remains at the time of the new dogma that the Virgin Mary's earthly remains did not mingle with mortal dust, but that she ascended to heaven.

The next dogma created more perturbation, and the present remonstrance from Canterbury and York is nothing compared to the reaction in 1870 when the "Infallibility of the Pope" was promulgated. It does not mean that the Pope ceases to be a human being and becomes entitled to divine honours; what is meant being that when he speaks in his character of the Pastor and Doctor of Christendom holding St. Peter's staff, his teachings are absolutely true and binding.

Church controversy in those days was fashionable under the impact of rationalism and the discoveries of Darwinian biology which startled the clergy. The assertion that the Pope in Consistory had the last word, put the lid on several boiling arguments. Gladstone who used to regale himself with disputations on the Church was horrified to hear of the "Papist manoeuvre." He said: "The whole proceeding has been monstrous and it will hereafter become one of the laughing stocks of history." But it found its own place in belief, and for harassed souls it is a solace to have a code which describes what looks inscrutable as one of the "mysteries" of Christianity. To the agnostic no addition makes for any significant change, because he does not see why people who after swallowing camels should strain at gnats. Nevertheless, the new dogma while it thrills every member of the Catholic faith, makes the mission of re-union in the Church harder. It is easy enough for moderns to say that problems like the atom bomb could be solved if only Stalin and Truman met and came to an understanding.

But it is miles and miles different, if anyone, in equally amiable mood, suggests that the theological conflict between Rome and Canterbury might be solved if only His Grace the Archbishop and His Holiness the Pope sat down for a quiet discussion.

---

### അപേക്ഷകൾ ക്ഷണിക്കുന്നു

തിരു-കൊച്ചിയിലെ പ്രൈവറ്റുസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകന്മാരായി നിയമിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവരിൽനിന്നും വിദ്യാഭ്യാസഡയറക്ടർ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. ജനുവരി 5-ാം തി-ക്കകം അപേക്ഷകൾ അയച്ചിരിക്കണമത്രെ.

---


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam